പഞ്ചായത്ത് വകുപ്പ്
പ്രസിദ്ധീകരണം

പഞ്ചായത്ത്‌രാജ്

പുസ്തകം 60 ലക്കം 11 ഫെബ്രുവരി 2021

സ്വരാജ് ട്രോഫി വീണ്ടും പാപ്പിനിശ്ശേരി

'നമ്മുടെ നാട്
ശുചിത്വത്തിന്റെ പാതയിൽ

നാടിന്റെ ശുചിത്വം
നമ്മുടെ കൈകളിൽ'

നമ്മുടെ ലക്ഷ്യം മാലിന്യമുക്ത കേരളം

പകർച്ചവ്യാധികളെ
അകറ്റി നിർത്തുക
പരിസര ശുചിത്വ
പ്രവർത്തനങ്ങൾക്ക്
മുൻകൈ എടുക്കുക

പഞ്ചായത്ത്‌രാജ്

ഫെബ്രുവരി 2021

25

അധികാരം ജനങ്ങളിലേക്ക്

അകത്ത്

പഞ്ചായത്ത് ദിനാഘോഷം 2021
ലളിതം, ഹൃദ്യം 5

സ്വരാജ് ട്രോഫി
വീണ്ടും പാപ്പിനിശ്ശേരി 7

സമഗ്ര വികസനത്തിന്
തദ്ദേശഭരണ സ്ഥാപനങ്ങളുടെ
ഇടപെടൽ അനിവാര്യം : മുഖ്യമന്ത്രി 11

തദ്ദേശഭരണ സ്ഥാപനങ്ങൾ
ശക്തമായ പ്രാദേശിക സർക്കാരുകളായി
മന്ത്രി എ.സി. മൊയ്തീൻ 12

നൂതന പദ്ധതികൾ
താഴെത്തട്ടിൽ നിന്നുയർന്നുവരണം:
ഡോ. തോമസ് ഐസക്ക് 15

തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള
പദ്ധതി വിഹിതം 30 ശതമാനമാക്കും:
എസ്.എം. വിജയാനന്ദ് 17

ജനപ്രതിനിധികൾക്കായി
ഗൃഹപാഠങ്ങൾ
ഡോ. ജോയ് ഇളമൺ 19

ധനമല്ല കാര്യശേഷിയാണ് പ്രധാനം
അഡ്വ: പി. വിശ്വംഭരപണിക്കർ 21

ഗ്രീൻ കോലഞ്ചേരിയിൽ നിന്ന്
ഗ്രീൻ കേരളത്തിലേക്ക്
ഡോ.എം.എച്ച്. രമേശ് കുമാർ 24

തൊഴിലുറപ്പ് പദ്ധതിയിലൂടെ
ഫാർമർ ഫസ്റ്റ് പ്രോഗ്രാം
അനിതകുമാരി പി.
ജിതിൻ ഷാജു 26

തെരുവിടങ്ങളിൽ വെളിച്ചമായി
നിലാവ് പദ്ധതി 32

പരിസ്ഥിതിവഴിയിൽ
വമ്പൻ ജയം
ആർ. അജിത് കുമാർ 36

സർക്കാർ ഓഫീസുകളിൽ ഹരിതചട്ടം
ബി. മനോജ് 37

പംക്തികൾ

വാർത്തകൾ വിശേഷങ്ങൾ 34
ഊരും പേരും - 8 40
അരങ്ങൊഴിഞ്ഞ വീട്ടുനന്മകൾ 41
എന്ന് വായനക്കാർ 42

ഫെബ്രുവരി 2021
പുസ്തകം 60 ലക്കം 11
വാർഷികവരിസംഖ്യ ₹ 120
www.lsgkerala.gov.in
www.dop.lsgkerala.gov.in

പഞ്ചായത്ത്‌രാജ്
പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ഉപദേശക സമിതി

ചെയർമാൻ
എ.സി.മൊയ്തീൻ
തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി

അംഗങ്ങൾ
ശാരദാ മുരളീധരൻ ഐ.എ.എസ്.
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
എസ്. ഹരികിഷോർ ഐ.എ.എസ്.
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കെ. തുളസിഭായ് പത്മനാഭൻ
പ്രസിഡന്റ്, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
സാബു തോമസ്
സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം
വി.വി. രാജീവ്
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
ഡോ.പി.കെ. ജയശ്രീ ഐ.എ.എസ്.
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ
ഡോ.പി.കെ. ജയശ്രീ ഐ.എ.എസ്.
Email: directorofpanchayat@gmail.com
ഫോൺ: 0471 2323286

അസിസ്റ്റന്റ് എഡിറ്റർ
വി.വി. രാജീവ്
Email: prmdp2020@gmail.com
ഫോൺ: 0471 2786303
മൊബൈൽ: 9496047036, 9447791524

കവർ ഡിസൈൻ & ലേ ഔട്ട്
നാരായണ ഭട്ടതിരി
പ്രിന്റെയ്ഡ്സ് ലേസർ മീഡിയ

മേൽവിലാസം
എഡിറ്റർ, പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം 695033

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്തം ലേഖകർക്ക് മാത്രമായിരിക്കും. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും പഞ്ചായത്ത്‌രാജിന് ഉത്തരവാദിത്തമില്ല.

എഡിറ്റോറിയൽ

പദ്ധതി ആസൂത്രണവും നിർവഹണവും പ്രധാനം

2020-21 സാമ്പത്തിക വർഷത്തേക്കുള്ള പദ്ധതികൾ ഏതാണ്ടെല്ലാ ഗ്രാമപഞ്ചായത്തുകളും രൂപീകരിക്കുകയും അംഗീകാരത്തിനായി ജില്ലാ ആസൂത്രണ സമിതി മുമ്പാകെ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. 168 ഗ്രാമപഞ്ചായത്തുകൾക്ക് പദ്ധതി അംഗീകാരം ലഭിക്കുകയും ചെയ്തു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതുതിരഞ്ഞെടുപ്പിനു ശേഷം തിടുക്കത്തിൽ ചെയ്യേണ്ടിവന്നതിനാൽ ചിലയിടങ്ങളിലെങ്കിലും പദ്ധതി രൂപീകരണത്തിൽ പാളിച്ചകൾ ഉണ്ടായെന്നിരിക്കാം. അത്തരത്തിലുള്ള പാളിച്ചകൾ കണ്ടെത്തി പരിഹരിച്ച് പദ്ധതി ഭേദഗതി ചെയ്ത് അംഗീകാരം നേടണം. പദ്ധതി നിർവഹണ പ്രവർത്തനങ്ങൾ ഏപ്രിൽ മാസത്തിൽ തന്നെ ആരംഭിക്കാൻ കഴിയുന്നതരത്തിൽ പ്രവർത്തനങ്ങൾക്ക് വേഗത കൈവരിക്കണം.

വിഭവങ്ങൾ വാർഡുതലത്തിൽ വീതംവയ്ക്കുക എന്ന പഴയരീതി മാറേണ്ടതുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഒറ്റ യൂണിറ്റായി കണ്ടുകൊണ്ടാവണം പദ്ധതി രൂപീകരിക്കേണ്ടത്. പശ്ചാത്തലസൗകര്യ വികസനത്തിന്റെ കാര്യത്തിൽ താരതമ്യേന വികസനം കുറഞ്ഞ പ്രദേശത്ത് കൂടുതൽ പദ്ധതികൾ കൊണ്ടുവരികയും ആ പ്രദേശത്തെ വികസിതമായ പ്രദേശങ്ങൾക്കൊപ്പം എത്തിക്കാനും ശ്രമിക്കണം. വികസനമെന്നാൽ റോഡ് നിർമ്മാണം മാത്രമാണ് എന്ന ചിന്താഗതി മാറണം. പ്രദേശത്തെ ജനതയുടെ സാമ്പത്തിക വികസനവും കാര്യശേഷി വികസനവും ലക്ഷ്യം വച്ചു കൊണ്ടുള്ള പദ്ധതികൾ കൂടി ആസൂത്രണം ചെയ്യണം. തൊഴിൽസംരംഭങ്ങൾ കൂടുതൽ ഉണ്ടാകണം. ഇതിലൂടെ കുറെപ്പേർക്കെങ്കിലും തൊഴിൽ നല്കാനും അവരുടെ സാമ്പത്തിക സുരക്ഷിതത്വം ഉറപ്പുവരുത്താനും കഴിയണം.

കാർഷികമേഖല, മൃഗസംരക്ഷണം, ക്ഷീരോൽപാദനം, മത്സ്യകൃഷി എന്നീ മേഖലകളെ പ്രോത്സാഹിപ്പിക്കുന്ന തരത്തിലുള്ള പദ്ധതികൾ ഉണ്ടാവണം. തദ്ദേശഭരണ സ്ഥാപനങ്ങൾ ഇത്തരം പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കിയെങ്കിൽ മാത്രമേ കേരളത്തെ ഭക്ഷ്യ സ്വയംപര്യാപ്തതയിലേക്ക് എത്തിക്കാൻ കഴിയൂ. റോഡ് നിർമ്മാണവും മെയിന്റനൻസുമായി ബന്ധപ്പെട്ട പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ കഴിയുന്നതും വലിയ പദ്ധതികൾ ഏറ്റെടുക്കണം. ഇതിലൂടെ പദ്ധതികളുടെ എണ്ണം കുറയ്ക്കാനും ഗുണനിലവാരം വർദ്ധിപ്പിക്കാനും കഴിയും. പഞ്ചായത്തിനെ ഒറ്റയൂണിറ്റായി കണ്ടുകൊണ്ട് 5 വർഷത്തേക്കുള്ള പദ്ധതികൾ രൂപീകരിക്കണം. മുൻഗണനാ ക്രമത്തിൽ ഓരോ വർഷവും പദ്ധതികൾ നടപ്പിലാക്കണം. ഇത്തരത്തിൽ മുന്നോട്ട് പോയാൽ ഒരു സമിതിയുടെ കാലയളവിൽ തന്നെ ആ പഞ്ചായത്തിലെ മുഴുവൻ റോഡുകളും മികച്ച ഗുണനിലവാരത്തിൽ എത്തിക്കാൻ കഴിയും. പുതുതായി നിലവിൽ വന്ന ഭരണസമിതികൾ നൂതനവും ജനോപകാരപ്രദമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ മുൻകൈ എടുക്കണം. പദ്ധതിപ്പണം ഒരു തരത്തിലും പാഴാകുന്നില്ല എന്ന് ഉറപ്പുവരുത്തണം. ഏപ്രിൽ മാസത്തിൽ തന്നെ നിർവഹണം ആരംഭിച്ച് ഡിസംബർ മാസത്തിൽ മുഴുവൻ പദ്ധതികളും പൂർത്തീകരിക്കാൻ കഴിയുന്ന തരത്തിൽ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുകയും വേണം. ഡിസംബർ മാസത്തിൽ തന്നെ വരും വർഷത്തേക്കുള്ള പദ്ധതി രൂപീകരിക്കാനും കഴിയണം. ഇത്തരത്തിലുള്ള പ്രവർത്തനങ്ങളിലൂടെ പുതിയൊരു വികസന സംസ്കാരം സൃഷ്ടിക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കഴിയട്ടെ.

ഡോ. പി.കെ. ജയശ്രീ ഐ.എ.എസ്.

**"ഏതു നല്ലകാര്യവും സത്യമായിരിക്കും.
അതിന് ഒരിക്കലും നാശമില്ല"**
ടാഗോർ

പഞ്ചായത്ത് ദിനാഘോഷം 2021 ലളിതം, ഹൃദ്യം

ഈ വർഷത്തെ പഞ്ചായത്ത് ദിനാഘോഷം ഫെബ്രുവരി 19 ന് തിരുവനന്തപുരത്ത് വച്ച് നടന്നു. കോവളം കേരള ആർട്സ് & ക്രാഫ്റ്റ്സ് വില്ലേജിൽ വച്ച് നടന്ന ആഘോഷ പരിപാടികൾ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു.

അധികാരവികേന്ദ്രീകരണത്തിന്റെ അടിസ്ഥാന ഘടകമായ ത്രിതല പഞ്ചായത്ത് ഭരണ സംവിധാനത്തിന്റെ ഉപജ്ഞാതാവ് ഡോ. ബൽവന്ത്റായ് മേത്തയുടെ ജന്മദിനമായ ഫെബ്രുവരി 19 കേരളത്തിൽ പഞ്ചായത്ത്ദിനമായി ആചരിക്കുന്നു. ഈ വർഷത്തെ പഞ്ചായത്ത് ദിനാഘോഷം ഫെബ്രുവരി 19 ന് തിരുവനന്തപുരത്ത് വച്ച് നടന്നു. ആഘോഷ പരിപാടികളുടെ ഉദ്ഘാടനം 19-ാംതീയതി രാവിലെ 10 മണിക്ക് കോവളം കേരള ആർട്സ് & ക്രാഫ്റ്റ്സ് വില്ലേജിൽ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എ.സി. മൊയ്തീന്റെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു. ധനകാര്യ വകുപ്പ് മന്ത്രി ഡോ. തോമസ് ഐസക്, 'തദ്ദേശസ്വയംഭരണവും നൂതന ആശയങ്ങളും' എന്ന വിഷയത്തിൽ പ്രഭാഷണം നടത്തി. ധനകാര്യ കമ്മീഷൻ ചെയർമാൻ എസ്. എം. വിജയാനന്ദ് ആറാം ധനകാര്യ കമ്മീഷൻ റിപ്പോർട്ടിലെ പ്രസക്ത ഭാഗങ്ങൾ സംബന്ധിച്ച അവതരണവും നടത്തി. സംസ്ഥാന ആസൂത്രണ ബോർഡ് അംഗം ഡോ. കെ.എൻ. ഹരിലാൽ, തിരുവനന്തപുരം ജില്ലാപഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ഡി. സുരേഷ് കുമാർ, തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ ഐ.എ.എസ്., കില ഡയറക്ടർ ജനറൽ ഡോ. ജോയ് ഇളമൺ, പഞ്ചായത്ത് ഡയറക്ടർ ഡോ. പി.കെ. ജയശ്രീ ഐ.എ.എസ്., മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംസ്ഥാന മിഷൻ ഡയറക്ടർ ഡോ. ദിവ്യ എസ്. അയ്യർ ഐ.എ.എസ്. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്സ് ചേംബർ ചെയർമാൻ വി.കെ. മധു, കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് ആർ. സുഭാഷ്, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് ഇളസിടിച്ചർ,

ജനറൽ സെക്രട്ടറി പി. വിശ്വംഭരപണിക്കർ, ജില്ലാ പഞ്ചായത്ത് അംഗം ഭഗത് റൂഫസ്, ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ഭാരവാഹികൾ, മറ്റ് ജനപ്രതിനിധികൾ എന്നിവർ സംസാരിച്ചു. മികച്ച പ്രവർത്തനം കാഴ്ചവച്ച തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള 2019-20 ലെ സ്വരാജ് ട്രോഫിയും മഹാത്മ പുരസ്കാരങ്ങളും തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എ. സി. മൊയ്തീൻ സമ്മേളനത്തിൽ വച്ച് സമ്മാനിച്ചു.

കൊവിഡ് പ്രോട്ടോക്കോൾ മാനദണ്ഡങ്ങൾ പാലിക്കേണ്ടതുള്ളതിനാൽ ഈ വർഷത്തെ പഞ്ചായത്ത് ദിനാഘോഷപരിപാടികൾ പുരസ്കാരങ്ങൾ നേടിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള രണ്ട് പ്രതിനിധികളെ വീതം പങ്കെടുപ്പിച്ചു കൊണ്ടായിരുന്നു സംഘടിപ്പിച്ചത്. ദിനാഘോഷത്തിന്റെ ഭാഗമായി ഫെബ്രുവരി 19-ാം തീയതി രാവിലെ 10 മണിമുതൽ എല്ലാ ഗ്രാമപഞ്ചായത്തുകളും മുൻജനപ്രതിനിധികളുടെ സംഗമം സംഘടിപ്പിക്കുകയും ആഘോഷ പരിപാടികൾ പൂർണ്ണസമയം ഓൺലൈനായി കാണുന്നതിനുള്ള സൗകര്യം ഒരുക്കുകയും ചെയ്തിരുന്നു. □

സ്വരാജ് ട്രോഫി വീണ്ടും പാപ്പിനിശ്ശേരി

- 2019-20 ലെ ഏറ്റവും മികച്ച ഗ്രാമപഞ്ചായത്തിനുള്ള സ്വരാജ് ട്രോഫി തുടർച്ചയായി മൂന്നാം തവണയും പാപ്പിനിശേരി ഗ്രാമപഞ്ചായത്തിന്.
- ഏറ്റവും മികച്ച ജില്ലാപഞ്ചായത്തിനുള്ള പുരസ്കാരം തിരുവനന്തപുരം ജില്ലാപഞ്ചായത്ത് തുടർച്ചയായി മൂന്നാം തവണയും കരസ്ഥമാക്കി.
- മികച്ച ബ്ലോക്ക് പഞ്ചായത്തിനുള്ള പുരസ്കാരം മുഖത്തല ബ്ലോക്ക് പഞ്ചായത്തിന്.

2019-20 വർഷം മികച്ച പ്രവർത്തനം കാഴ്ചവെച്ച് സ്വരാജ് ട്രോഫിക്കും പ്രത്യേക ധനസഹായത്തിനും അർഹത നേടിയ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളെയും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി നിർവ്വഹണത്തിൽ മികവ് പുലർത്തി മഹാത്മാ പുരസ്കാരത്തിന് അർഹത നേടിയ ഗ്രാമപഞ്ചായത്തുകളെയും തിരഞ്ഞെടുത്തു.

മികച്ച ഗ്രാമപഞ്ചായത്ത് (സംസ്ഥാനതലം) ഒന്നാം സ്ഥാനം : പാപ്പിനിശ്ശേരി

തിരുവനന്തപുരം : മികച്ച ജില്ലാപഞ്ചായത്ത്

മികച്ച ഗ്രാമപഞ്ചായത്ത് (സംസ്ഥാനതലം)

ഒന്നാം സ്ഥാനം - പാപ്പിനിശ്ശേരി (കണ്ണൂർ ജില്ല)
രണ്ടാം സ്ഥാനം - വെള്ളിനേഴി (പാലക്കാട് ജില്ല)
മൂന്നാം സ്ഥാനം - ചേമഞ്ചേരി (കോഴിക്കോട് ജില്ല)

സംസ്ഥാനതലത്തിൽ ഒന്നാംസ്ഥാനം നേടിയ പാപ്പിനിശേരി ഗ്രാമപഞ്ചായത്തിന് 25 ലക്ഷം രൂപ പ്രത്യേക പദ്ധതി ധനസഹായവും സ്വരാജ് ട്രോഫിയും സാക്ഷ്യപത്രവും, രണ്ടാം സ്ഥാനം നേടിയ വെള്ളിനേഴി ഗ്രാമപഞ്ചായത്തിന് 20 ലക്ഷം രൂപ ധനസഹായവും സ്വരാജ് ട്രോഫിയും സാക്ഷ്യപത്രവും, മൂന്നാം സ്ഥാനം നേടിയ ചേമഞ്ചേരി ഗ്രാമപഞ്ചായത്തിന് 15 ലക്ഷം രൂപ ധനസഹായവും സ്വരാജ് ട്രോഫിയും സാക്ഷ്യപത്രവും ലഭിച്ചു.

ഫെബ്രുവരി 19 ന് തിരുവനന്തപുരം വെള്ളാർ ക്രാഫ്റ്റ് വില്ലേജിൽ നടന്ന സംസ്ഥാനതല പഞ്ചായത്ത് ദിനാഘോഷ പരിപാടിയിൽ വച്ച് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എ.സി. മൊയ്തീൻ അവാർഡുകൾ വിതരണം ചെയ്തു. സംസ്ഥാന സർക്കാർ വിതരണം ചെയ്യുന്ന അവാർഡ് തുകകളിൽ ഏറ്റവും ഉയർന്ന തുകയാണ് സ്വരാജ് ട്രോഫിയോടൊപ്പം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നത്. ജില്ലാ തലത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടിയ ഗ്രാമപഞ്ചായത്തുകൾക്ക് യഥാക്രമം പത്തുലക്ഷം, അഞ്ചുലക്ഷം രൂപാവീതം പ്രത്യേക പദ്ധതി ധനസഹായവും സ്വരാജ് ട്രോഫിയും സാക്ഷ്യപത്രവും നല്കി.

മികച്ച ബ്ലോക്ക് പഞ്ചായത്ത് (സംസ്ഥാനതലം)

ഒന്നാം സ്ഥാനം - മുഖത്തല (കൊല്ലം ജില്ല)
രണ്ടാം സ്ഥാനം - നെടുമങ്ങാട് (തിരുവനന്തപുരം ജില്ല)
മൂന്നാം സ്ഥാനം - പെരുമ്പടപ്പ് (മലപ്പുറം ജില്ല)

സംസ്ഥാനതലത്തിൽ ഒന്നും രണ്ടും മൂന്നും സമ്മാനങ്ങൾ നേടിയ ബ്ലോക്ക് പഞ്ചായത്തുകൾക്ക് യഥാക്രമം 25 ലക്ഷം, 20 ലക്ഷം, 15 ലക്ഷം രൂപ വീതം പ്രത്യേക പദ്ധതി ധനസഹായവും സ്വരാജ് ട്രോഫിയും സാക്ഷ്യപത്രവും ലഭിച്ചു.

മികച്ച ജില്ലാപഞ്ചായത്ത്

ഒന്നാം സ്ഥാനം - തിരുവനന്തപുരം
രണ്ടാം സ്ഥാനം - കൊല്ലം
മൂന്നാം സ്ഥാനം - കണ്ണൂർ

ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടിയ ജില്ലാ പഞ്ചായത്തുകൾക്ക് 25 ലക്ഷം, 20 ലക്ഷം, 15 ലക്ഷം രൂപ വീതം എന്നീ ക്രമത്തിൽ പ്രത്യേക

മികച്ച ബ്ലോക്ക് പഞ്ചായത്ത് ഒന്നാം സ്ഥാനം : മുഖത്തല

മികച്ച ഗ്രാമപഞ്ചായത്ത് (സംസ്ഥാനതലം) രണ്ടാം സ്ഥാനം : വെള്ളിനേഴി

പദ്ധതി ധനസഹായവും സ്വരാജ് ട്രോഫിയും സാക്ഷ്യപത്രവും ലഭിച്ചു.

മികച്ച ജില്ലാപഞ്ചായത്തുകൾക്കും ബ്ലോക്ക് പഞ്ചായത്തുകൾക്കുമുള്ള പുരസ്കാരങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എ.സി. മൊയ്തീൻ വിതരണം ചെയ്തു. തിരുവനന്തപുരം ജില്ലാപഞ്ചായത്തും പാപ്പിനിശേരി ഗ്രാമപഞ്ചായത്തും തുടർച്ചയായി മൂന്നാം തവണയാണ് സംസ്ഥാനതലത്തിൽ ഒന്നാം സ്ഥാനം നേടുന്നത്.

മഹാത്മാ പുരസ്കാരം

2019-20 സാമ്പത്തിക വർഷം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി നിർവ്വഹണത്തിൽ മികവ് പുലർത്തിയ ഗ്രാമപഞ്ചായത്തുകൾക്കുള്ള മഹാത്മാ പുരസ്കാരവും സമ്മേളനത്തിൽ വച്ച് വിതരണം ചെയ്തു.

മഹാത്മാ പുരസ്കാരം (സംസ്ഥാനതലം)

ഒന്നാം സ്ഥാനം - കള്ളിക്കാട് ഗ്രാമപഞ്ചായത്ത് (തിരുവനന്തപുരം ജില്ല)
ഒന്നാം സ്ഥാനം - കൊക്കയാർ ഗ്രാമപഞ്ചായത്ത് (ഇടുക്കി ജില്ല)

മികച്ച ജില്ലാപഞ്ചായത്ത് രണ്ടാം സ്ഥാനം : കൊല്ലം

മികച്ച ജില്ലാപഞ്ചായത്ത് മൂന്നാം സ്ഥാനം : കണ്ണൂർ

മികച്ച ബ്ലോക്ക് പഞ്ചായത്ത് രണ്ടാം സ്ഥാനം : നെടുമങ്ങാട്

ഗ്രാമപഞ്ചായത്തുകൾ (ജില്ലാതലം)

ജില്ല	സ്ഥാനക്രമം	ഗ്രാമപഞ്ചായത്തുകൾ
തിരുവനന്തപുരം	1	മംഗലപുരം
	2	ചെമ്മരുതി
കൊല്ലം	1	ശൂരനാട് സൗത്ത്
	2	ശാസ്താംകോട്ട
പത്തനംതിട്ട	1	തുമ്പമൺ
	2	മലയാലപ്പുഴ
ആലപ്പുഴ	1	കുമാരപുരം
	2	ഭരണിക്കാവ്
കോട്ടയം	1	കുറവിലങ്ങാട്
	2	വെളിയന്നൂർ
ഇടുക്കി	1	അടിമാലി
	2	വെള്ളിയാമറ്റം
എറണാകുളം	1	മുളന്തുരുത്തി
	2	പാമ്പാക്കുട
തൃശ്ശൂർ	1	പൂമംഗലം
	2	അളഗപ്പ നഗർ
പാലക്കാട്	1	ശ്രീകൃഷ്ണപുരം
	2	തിരുമിറ്റക്കോട്
മലപ്പുറം	1	മാറഞ്ചേരി
	2	തൃക്കലങ്ങോട്
കോഴിക്കോട്	1	വളയം
	2	പെരുമണ്ണ
വയനാട്		അവാർഡിനർഹമായ ഗ്രാമ പഞ്ചായത്തുകളില്ല.
കണ്ണൂർ	1	പെരിങ്ങോംവയക്കര
	2	ചെമ്പിലോട്
കാസർകോട്	1	ചെറുവത്തൂർ
	2	ഈസ്റ്റ് എളേരി

രണ്ടാം സ്ഥാനം - നായരമ്പലം ഗ്രാമപഞ്ചായത്ത് (എറണാകുളം ജില്ല)
രണ്ടാം സ്ഥാനം - വാത്തിക്കുടി ഗ്രാമപഞ്ചായത്ത് (ഇടുക്കി ജില്ല)
രണ്ടാം സ്ഥാനം - വട്ടവട ഗ്രാമപഞ്ചായത്ത് (ഇടുക്കി ജില്ല)
രണ്ടാം സ്ഥാനം - ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത് (കോഴിക്കോട് ജില്ല)
രണ്ടാം സ്ഥാനം - കാരശ്ശേരി ഗ്രാമപഞ്ചായത്ത് (കോഴിക്കോട് ജില്ല)
രണ്ടാം സ്ഥാനം - മരുതോങ്കര ഗ്രാമപഞ്ചായത്ത് (കോഴിക്കോട് ജില്ല)
രണ്ടാം സ്ഥാനം - പുതുപ്പള്ളി ഗ്രാമപഞ്ചായത്ത് (കോട്ടയം ജില്ല)
രണ്ടാം സ്ഥാനം - ആതവനാട് ഗ്രാമപഞ്ചായത്ത് (മലപ്പുറം ജില്ല)
രണ്ടാം സ്ഥാനം - മാറഞ്ചേരി ഗ്രാമപഞ്ചായത്ത് (മലപ്പുറം ജില്ല)
രണ്ടാം സ്ഥാനം - പെരുമണ്ണക്ലാരി ഗ്രാമപഞ്ചായത്ത് (മലപ്പുറം ജില്ല)
രണ്ടാം സ്ഥാനം - കൊട്ടമൺ ഗ്രാമപഞ്ചായത്ത് (പത്തനംതിട്ട ജില്ല)
രണ്ടാം സ്ഥാനം - വെച്ചൂച്ചിറ ഗ്രാമപഞ്ചായത്ത് (പത്തനംതിട്ട ജില്ല)
രണ്ടാം സ്ഥാനം - ചൊവ്വന്നൂർ ഗ്രാമപഞ്ചായത്ത് (തൃശ്ശൂർ ജില്ല)
രണ്ടാം സ്ഥാനം - മീനങ്ങാടി ഗ്രാമപഞ്ചായത്ത് (വയനാട് ജില്ല)
രണ്ടാം സ്ഥാനം - പൊഴുതന ഗ്രാമപഞ്ചായത്ത് (വയനാട് ജില്ല)

മഹാത്മാ പുരസ്കാരം നേടിയ സ്ഥാപനങ്ങൾക്ക് സാക്ഷ്യപത്രവും മെമെന്റോയും നൽകി.

തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായും സംസ്ഥാന ആസൂത്രണ ബോർഡ് അംഗം (വികേന്ദ്രീകൃത ആസൂത്രണം), നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ, ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ, കില ഡയറക്ടർ ജനറൽ, സംസ്ഥാന ആസൂത്രണ ബോർഡ് ഡി.പി ഡിവിഷൻ ചീഫ്, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് കൺവീനർ എന്നിവർ അംഗങ്ങളും പഞ്ചായത്ത് ഡയറക്ടർ കൺവീനറുമായ സമിതിയാണ് അവാർഡിനർഹരായ തദ്ദേശഭരണ സ്ഥാപനങ്ങളെ തിരഞ്ഞെടുത്തത്. □

ജില്ലാതലം ഒന്നാം സ്ഥാനം : ശൂരനാട് സൗത്ത് ഗ്രാമപഞ്ചായത്ത് (കൊല്ലം)

ജില്ലാതലം ഒന്നാം സ്ഥാനം : ഇമ്പമണ് ഗ്രാമപഞ്ചായത്ത് (പത്തനംതിട്ട)

മികച്ച ബ്ലോക്ക് പഞ്ചായത്ത് മൂന്നാം സ്ഥാനം : പെരുമ്പടപ്പ്

ജില്ലാതലം ഒന്നാം സ്ഥാനം : കുമാരപുരം ഗ്രാമപഞ്ചായത്ത് (ആലപ്പുഴ)

ജില്ലാതലം ഒന്നാം സ്ഥാനം : മംഗലപുരം ഗ്രാമപഞ്ചായത്ത് (തിരുവനന്തപുരം)

ജില്ലാതലം ഒന്നാം സ്ഥാനം : കുറവിലങ്ങാട് ഗ്രാമപഞ്ചായത്ത് (കോട്ടയം)

(പേജ് 39 കാണുക)

സമഗ്ര വികസനത്തിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഇടപെടൽ അനിവാര്യം : മുഖ്യമന്ത്രി

ഏറ്റവും മികച്ച പ്രവർത്തനങ്ങൾ നടത്തി സ്വരാജ് ട്രോഫിയും മഹാത്മാ പുരസ്കാരത്തിനും അർഹരായ പഞ്ചായത്തുകളിലെ ജനപ്രതിനിധികളെ മുഖ്യമന്ത്രി അഭിനന്ദിച്ചു. ഈ വർഷത്തെ പഞ്ചായത്ത് ദിനാഘോഷത്തിന്റെ ഉദ്ഘാടനവേളയിലാണ് മുഖ്യമന്ത്രി ജനപ്രതിനിധികളെ അഭിനന്ദിച്ചത്. അവർ നടത്തിയ മാതൃകാപരമായ പ്രവർത്തനങ്ങൾ മറ്റ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ജനപ്രതിനിധികൾക്കും മാതൃകയാകട്ടെ എന്നാഗ്രഹിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു. പുതിയ ഭരണസമിതികൾ അധികാരത്തിൽ വന്നശേഷം അടുത്ത സാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങൾക്ക് രൂപം കൊടുക്കുന്ന സമയമാണിത്. ഭവന നിർമ്മാണം, മാലിന്യനിർമ്മാർജ്ജനം, പ്രതിരോധ പ്രവർത്തനങ്ങൾ, സുഭിക്ഷകേരളം തുടങ്ങി സംസ്ഥാനസർക്കാർ ആവിഷ്കരിച്ച എല്ലാ പ്രവർത്തനങ്ങളും ഫലപ്രദമായി ഏറ്റെടുത്ത് വിജയിപ്പിക്കുന്നതിന് തദ്ദേശഭരണസ്ഥാപനങ്ങൾ പൊതുവേ ശ്രദ്ധിച്ചിട്ടുണ്ട്. പാർപ്പിടനിർമ്മാണം, കാർഷികോൽപാദന വർദ്ധനവ്, മാലിന്യനിർമ്മാർജ്ജനം തുടങ്ങിയ മേഖലകളിൽ മികവാർന്ന പ്രവർത്തനങ്ങളാണ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കാഴ്ചവയ്ക്കാൻ കഴിഞ്ഞിട്ടുള്ളത്.

ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഫണ്ടും നടപ്പാക്കാനുള്ള ചുമതലകളും സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിച്ചു. കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങളിലും പ്രളയദുരിതാശ്വാസ പ്രവർത്തനങ്ങളിലും മികച്ച രീതിയിൽ ഇടപെടാൻ സംസ്ഥാന സർക്കാരിന് കഴിഞ്ഞത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പൂർണ്ണ സഹകരണം ഉണ്ടായിരുന്നതുകൊണ്ടാണ്. തദ്ദേശഭരണസ്ഥാപനങ്ങൾക്ക് കഴിഞ്ഞ അഞ്ചു വർഷങ്ങളിലും ബജറ്റ്

വിഹിതം വർദ്ധിപ്പിക്കാനും പ്രളയബാധിത പഞ്ചായത്തുകൾക്ക് പ്രത്യേക ധനസഹായം നൽകുവാനും കഴിഞ്ഞു. തകർന്ന ഗ്രാമീണ റോഡുകൾ മുഴുവൻ പുനർനിർമ്മിക്കുന്നതിന് ആവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടപ്പാക്കിയിരുന്നു. കിഫ്ബി ഫണ്ട് ഉപയോഗിച്ച് തദ്ദേശഭരണ സ്ഥാപനങ്ങളുടെയും റവന്യൂ ഓഫീസുകളുടെയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താനായി. പഞ്ചായത്തുകളിലെ പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്താൻ കഴിഞ്ഞു. ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തി.

കഴിഞ്ഞ അഞ്ചു വർഷക്കാലമായി കാർഷിക മേഖലയിൽ ഉണ്ടായ പുരോഗതി എടുത്തുപറയേണ്ടതാണ്. സുഭിക്ഷകേരളം പദ്ധതി നടപ്പിലാക്കിയതുവഴി പാൽ, മുട്ട, മത്സ്യം, പച്ചക്കറി എന്നിവയുടെ ഉത്പാദനം ഗണ്യമായി വർദ്ധിച്ചു. ഇനിയുമത് തുടരേണ്ടതുണ്ട്. പഞ്ചായത്ത് തലത്തിൽ ഉൽപ്പന്നങ്ങൾക്ക് സംഭരണ വിതരണ സൗകര്യങ്ങളൊരുക്കാൻ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് കഴിഞ്ഞു. തൊഴിലുറപ്പു മേഖലയേയും കാർഷിക കർമ്മസേനയെയും സംയോജിപ്പിച്ചുകൊണ്ട് ഈ മേഖലയിൽ കൂടുതൽ അഭിവൃദ്ധി കൈവരിക്കാൻ കഴിഞ്ഞു. ഭവന നിർമ്മാണ മേഖലയിൽ ലൈഫ് ഭവന നിർമ്മാണപദ്ധതി വഴി രണ്ടര ലക്ഷത്തിലധികം വീടുകൾ നിർമ്മിച്ചു നൽകി. ഭവന നിർമ്മാണപദ്ധതിയുടെ അടുത്ത ഘട്ടം നടപ്പിലാക്കുന്നതിലൂടെ വാസയോഗ്യമല്ലാത്ത ഒരു വീടും സംസ്ഥാനത്ത് ഉണ്ടാകാതിരിക്കാനാണ് ശ്രമിക്കുന്നത്. വീടുകൾക്ക് ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് പഞ്ചായത്തുകൾ പ്രത്യേകം ശ്രദ്ധിക്കണം.

സംസ്ഥാന സർക്കാരിന്റെ പന്ത്രണ്ടിന പരിപാടിയിൽ ഉൾപ്പെട്ട വിശപ്പുരഹിത കേരളം, ജനകീയ ഹോട്ടൽ, ടേക്ക്-എ-ബ്രേക്ക് തുടങ്ങിയ പദ്ധതികൾ ക്ഷേമപ്രവർത്തനങ്ങളിൽ വലിയതോതിൽ മാറ്റങ്ങളുണ്ടാക്കി. ജനകീയ ഹോട്ടൽ വഴി 20 രൂപയ്ക്ക് ഭക്ഷണം നൽകുന്നതും വീടുകളിൽ ഭക്ഷണം എത്തിച്ചു കൊടുക്കുന്നതും പട്ടിണി മാറ്റുന്നതിന് ഏറെ സഹായകമായി. പൊതുശൗചാലയങ്ങളും വിശ്രമകേന്ദ്രങ്ങളും യാത്രക്കാർക്ക് ഒരു പുതിയ അനുഭവമായി. ആയിരം പേർക്ക് അഞ്ച് തൊഴിൽ സംരംഭം എന്ന നിലയ്ക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞു. കേരളത്തിന്റെ സമഗ്ര വികസനത്തിന് ഇതുപോലുള്ള പ്രവർത്തനങ്ങൾ തുടരേണ്ടതുണ്ടെന്നും പഞ്ചായത്ത് ദിനാഘോഷത്തിന്റെ ഉദ്ഘാടനകർമ്മം നിർവഹിച്ചു കൊണ്ട് മുഖ്യമന്ത്രി പറഞ്ഞു. □

തദ്ദേശഭരണ സ്ഥാപനങ്ങൾ ശക്തമായ പ്രാദേശിക സർക്കാരുകളായി മന്ത്രി എ.സി. മൊയ്തീൻ

വർത്തമാനകാല ഇന്ത്യയുടെ രാഷ്ട്രീയ, സാമൂഹ്യ, സാംസ്കാരിക അവസ്ഥകളിൽ ബദൽ വികസന, ക്ഷേമ നയങ്ങളിലൂടെ രാജ്യത്തിനാകെ വഴികാട്ടിയാകുന്ന പ്രത്യാശയുടെ തുരുത്തായി കേരളം മാറിയതിന്റെ അഭിമാനകരമായ അനുഭവങ്ങളാണ് നമ്മുടെ മുന്നിലുള്ളതെന്നും സർക്കാരിന്റെ കഴിഞ്ഞ നാലരവർഷത്തെ ഭരണം ബദൽ സാധ്യമാണെന്ന് ബോദ്ധ്യപ്പെടുത്തുന്നതായിരുന്നുവെന്നും പഞ്ചായത്ത് ദിനാഘോഷത്തിന്റെ ഉദ്ഘാടന ചടങ്ങിൽ സംസാരിച്ചുകൊണ്ട് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി എ.സി. മൊയ്തീൻ പറഞ്ഞു. 2017 ലെ ഓഖി ചുഴലിക്കാറ്റ്, 2018 ലെയും 19 ലെയും പ്രളയങ്ങളും പ്രകൃതിക്ഷോഭങ്ങളും 2018 ലെ നിപ്പ വൈറസ് ബാധ, ഇപ്പോൾ നാം നേരിടുന്ന കൊവിഡ് -19 മഹാമാരി ഇതെല്ലാം നേരിട്ടാണ് നാം മുന്നോട്ടു പോകുന്നത്. ഈ പ്രയാസങ്ങളിൽ കേരള ജനതയെ ഒറ്റക്കെട്ടായി നിലനിർത്തിക്കൊണ്ട് അവരുടെ പങ്കാളിത്തത്തോടുകൂടി തന്നെ നവകേരളം സാധ്യമാണെന്ന് നാം ലോകത്തിനു കാട്ടികൊടുത്തുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

പ്രളയത്തിന്റെ ആഘാതങ്ങളും കൊവിഡ് മഹാമാരി സൃഷ്ടിച്ച പ്രതിസന്ധിയും നമ്മുടെ സാമ്പത്തിക വളർച്ചാ നിരക്കിനെ മന്ദഗതിയിലാക്കിയെങ്കിലും ഉല്പാദന ശക്തികളെ പ്രോത്സാഹിപ്പിക്കുന്നതിലും വിവര സാങ്കേതിക വിദ്യയെ ശക്തിപ്പെടുത്തുന്നതിലും അടിസ്ഥാന സൗകര്യ വികസനം ഉറപ്പുവരുത്തുന്നതിലും ലിംഗസമത്വത്തിനു വേണ്ടിയുള്ള പ്രതിബദ്ധത തുടരുന്നതിനും ദരിദ്രപക്ഷ നിലപാടുകളിലൂന്നിയുള്ള ക്ഷേമ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിലും നമ്മൾ ശ്രദ്ധേയമായ മുന്നേറ്റങ്ങൾ നടത്തി.

കന്നുകാലി സമ്പത്ത്, ജലസേചന വിസ്തൃതി, വന വിസ്തൃതി ഇവയിലുണ്ടായ വർദ്ധനവ്, പരിസ്ഥിതി പരിപാലനത്തിലുണ്ടായ ഗുണപരമായ മാറ്റങ്ങൾ, മത്സ്യോല്പാദനത്തിലുണ്ടായ വർദ്ധനവ്, കൃഷി ചെയ്യുന്ന ഭൂമിയുടെ അളവിൽ മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായുണ്ടായ വളർച്ച, നെല്ലുല്പാദനത്തിലുണ്ടായ വർദ്ധനവ് ഇങ്ങനെ ഉല്പാദന മേഖലയിൽ വലിയ മാറ്റങ്ങൾ ഉണ്ടാക്കാൻ നമുക്ക് കഴിഞ്ഞു എന്നത് അഭിമാനകരമാണ്.

ആരോഗ്യ മേഖലയിൽ കഴിഞ്ഞ നാലര വർഷം കൊണ്ട് അഭൂതപൂർവ്വമായ വളർച്ച

യാണ് നമ്മൾ കൈവരിച്ചത്. പ്രാഥമികാരോഗ്യ മേഖലയിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്ക് എടുത്തു പറയേണ്ടതാണ്. ആരോഗ്യ രംഗത്തെ ഏത് വിലയിരുത്തൽ സൂചികകൾ എടുത്താലും കേരളം പല വികസിത രാജ്യങ്ങൾക്കൊപ്പമാണെന്ന് നമുക്ക് കാണാൻ കഴിയും. എന്നാൽ ആർദ്രം മിഷന്റെ ഭാഗമായി നമ്മുടെ ആരോഗ്യ മേഖലയിലുണ്ടായ മാറ്റങ്ങൾ ലഘുവായെങ്കിലും പരാമർശിക്കേണ്ടതുണ്ട്. ആർദ്രം മിഷന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തി. ഒന്നാം ഘട്ടത്തിൽ 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും രണ്ടാം ഘട്ടത്തിൽ 504 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും മൂന്നാം ഘട്ടത്തിലായി 212 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുമാണ് ഇപ്രകാരം ഉയർത്തിയത്. താലൂക്ക് ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ ഇവയുടെ അടിസ്ഥാന സൗകര്യത്തിലുണ്ടായ മാറ്റങ്ങൾ ഏതൊരു സ്വകാര്യ സ്ഥാപനത്തെയും മറികടക്കുന്നതാണ്. ആരോഗ്യ വകുപ്പിൽ മാത്രം പതിനായിരത്തിലധികം തസ്തികകളാണ് പുതുതായി സൃഷ്ടിച്ചത്.

കൊവിഡ് മഹാമാരിക്കെതിരെ നമ്മൾ നടത്തിയ പ്രവർത്തനങ്ങൾ എല്ലാവർക്കും നേരിട്ടറിവുള്ളതാണ്. ആരും പട്ടിണി കിടക്കരുത് എന്ന നിശ്ചയദാർഢ്യത്തോടു നാം നടപ്പാക്കിയ കമ്മ്യൂണിറ്റി കിച്ചണുകൾ അന്തർദേശീയ തലത്തിൽ തന്നെ ശ്രദ്ധ നേടി. കമ്മ്യൂണിറ്റി കിച്ചണുകൾ സജ്ജീകരിക്കുന്നതു മുതൽ, ഏറ്റവും ഒടുവിൽ, ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകൾ ഒരുക്കുന്നതു വരെ കൊവിഡ് പ്രതിരോധത്തിന്റെയും രോഗനിവാരണ പ്രവർത്തനത്തിന്റെയും ഒരു രംഗത്തും തദ്ദേശഭരണ സ്ഥാപനങ്ങൾ പിറകോട്ട് നിന്നില്ല. 1,374 കമ്മ്യൂണിറ്റി കിച്ചൺ വരെ സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്നു. ജൂൺ 19 വരെയുള്ള കണക്ക് പ്രകാരം 95 ലക്ഷത്തിനു മുകളിൽ ഭക്ഷണ പൊതികൾ ഇവിടെ നിന്നും വിതരണം ചെയ്തിട്ടുണ്ട്. ഇതിൽ 82 ലക്ഷം പൊതികൾ സൗജന്യമായിട്ടാണ് വിതരണം ചെയ്തത്.

സംസ്ഥാനത്ത് കൊവിഡ് ബാധിതരുടെ എണ്ണം വർദ്ധിച്ച സാഹചര്യത്തിൽ എല്ലാ തദ്ദേശഭരണ സ്ഥാപന പ്രദേശത്തും കൊവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകൾ ആരംഭിക്കാൻ സർക്കാർ തീരുമാനിച്ചു. ഇതിന്റെ ഭാഗമായി ഒന്നാം ഘട്ടത്തിൽ 163 CFLTC കളാണ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പ്രവർത്തിച്ചത്. 24,103 ബെഡ്ഡുകൾ ഇവിടെ ഒരുക്കിയിരുന്നു. ഇതിൽ 15,382 ബെഡ്ഡുകൾ ഉപയോഗിച്ചു. രണ്ടാം ഘട്ടത്തിൽ 442 CFLTC കളും മൂന്നാം ഘട്ടത്തിൽ 660 CFLTC കളും കണ്ടെത്തിയിരുന്നു.

സാമൂഹ്യ സുരക്ഷാ പെൻഷൻ ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 18 മാസം കുടിശ്ശികയുണ്ടായിരുന്നു. ഇതു കൊടുത്തു തീർത്തുവെന്നു മാത്രമല്ല പെൻഷൻ തുക 600 ൽ നിന്ന് 1600 രൂപയായി ഉയർത്തുകയും ചെയ്തു. 59.5 ലക്ഷം ആളുകളാണ് സാമൂഹ്യ സുരക്ഷാ പെൻഷനുകളും വിവിധ ക്ഷേമബോർഡുകളുടെ പെൻഷനുകളും വാങ്ങുന്നവരായിട്ടുള്ളത്. ഏകദേശം 35,000 കോടിയോളം രൂപയാണ് ഈയിനത്തിൽ ചെലവഴിച്ചത്.

ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഇരുപത്തിയഞ്ചാം വർഷത്തിലേക്ക് നമ്മൾ കടന്നിരിക്കുകയാണ്. നവകേരളം സൃഷ്ടിക്കുന്നതിൽ ജനകീയാസൂത്രണത്തിന് നിർണ്ണായകമായ പങ്കാണ് വഹിക്കാനുള്ളതെന്ന കാഴ്ചപ്പാടോടുകൂടിയാണ് ഈ സർക്കാർ ജനകീയാസൂത്രണത്തിന്റെ രണ്ടാം ഘട്ടം ആരംഭിച്ചത്. തദ്ദേശസ്ഥാപനങ്ങൾ പ്രാദേശിക സർക്കാരുകൾ എന്ന നിലയിലേക്ക് ഉയരുന്ന കാഴ്ചയാണ് രണ്ടാം ഘട്ടത്തിൽ നമ്മൾ കാണുന്നത്. പദ്ധതി നിർവ്വഹണവും ആസൂത്രണവും സമയബന്ധിതമാക്കുന്നതിനും പ്രളയം, മഹാമാരി പോലുള്ള അടിയന്തിര സാഹചര്യങ്ങളിൽ വികേന്ദ്രീകൃത മാർഗ്ഗങ്ങളിൽ പ്രതിരോധമുയർത്തുന്നതിനും ശുചിത്വ മാലിന്യ സംസ്കരണ രംഗത്ത് വികേന്ദ്രീകൃത മാർഗ്ഗങ്ങളിലൂടെ ബദലുകൾ സൃഷ്ടിക്കുന്നതിനും രണ്ടാം ജനകീയാസൂത്രണത്തിൽ സാധിച്ചു. കൂടാതെ ആധുനിക വിവര വിനിമയ സാധ്യതകൾ പ്രയോജനപ്പെടുത്തികൊണ്ട് ഭരണ നിർവ്വഹണം കൂടുതൽ സുതാര്യവും വേഗത്തിലുമാക്കുന്നതിനും ഇക്കാലയളവിൽ കഴിഞ്ഞു. തദ്ദേശസ്ഥാപനങ്ങൾക്ക് അധികാരം മാത്രം പോരാ അതു പ്രയോഗിക്കുന്നതിനും പദ്ധതികൾ നടപ്പിലാക്കുന്നതിനും ഫണ്ടുകളും അനിവാര്യമാണ്.

പ്രതിസന്ധികൾക്കിടയിലും തദ്ദേശഭരണസ്ഥാപനങ്ങൾക്ക് മികച്ച സാമ്പത്തിക പിന്തുണയാണ് സർക്കാർ നൽകിയത്. മുൻ സർക്കാരിന്റെ കാലത്ത് 23 ശതമാനമായിരുന്ന വികസന ഫണ്ട് വിഹിതം ഈ സർക്കാർ 26 ശതമാനമായി ഉയർത്തി. മറ്റ് ഫണ്ടുകളും യഥാസമയം അനുവദിക്കുകയുണ്ടായി. വികസന ഫണ്ടിനത്തിൽ മാത്രം കഴിഞ്ഞ നാലു വർഷം കൊണ്ട് 25850.69 കോടി രൂപ അനുവദിച്ചു. മുൻ സർക്കാർ അഞ്ചു വർഷം കൊണ്ട് അനുവദിച്ചത് 23,729.02 കോടി രൂപയായിരുന്നു. നടപ്പു സാമ്പത്തിക വർഷം വികസന ഫണ്ടിനത്തിൽ 7,531 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതുകൂടി കണക്കാക്കുമ്പോൾ ഈ സർക്കാരിന്റെ കാലത്ത് വികസന ഫണ്ട് വിഹിതം 33,381.69 കോടിയായി ഉയരും. ജനറൽ പർപ്പസ് ഗ്രാന്റ് ഇനത്തിൽ 7323.91 കോടി രൂപയും മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ 11,951.51 കോടി രൂപയും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിലുൾപ്പെടുത്തി961.26 കോടി രൂപയും `റീബിൽഡ് കേരള പദ്ധതി പ്രകാരം റോഡ് വികസനത്തിനായി481 കോടി രൂപയും പ്രത്യേകമായി അനുവദിച്ചു. ഇതെല്ലാം കൂടി കണക്കാക്കുമ്പോൾ ഈ സർക്കാർ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 53,000 കോടിയിലേറെ രൂപയാണ് ലഭ്യമാക്കിയത്.

ആസൂത്രണവും നിർവഹണവും സമയബന്ധിതമാക്കുക എന്നതിനായിരുന്നു പതിമൂന്നാം പദ്ധതിയിൽ ആദ്യ രണ്ടു വർഷങ്ങളിൽ ഊന്നൽ നൽകിയത്. കൂടുതൽ സമയം ലഭിച്ചതോടെ പദ്ധതികളുടെ ഗുണനിലവാരത്തിലും നിർവ്വഹണ മികവിലും മാറ്റം പ്രകടമായി. വാർഷിക പദ്ധതിച്ചെലവ് കുതിച്ചുയർന്ന് 90 ശതമാനത്തിനു മുകളിലെത്തി.

കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമാക്കുന്നതിന് ജില്ലാ, ബ്ലോക്ക്, ഗ്രാമ പഞ്ചായത്തുകൾ തമ്മിലും മുനിസിപ്പാലിറ്റികളും പഞ്ചായത്തുകളും തമ്മിലും യോജിച്ച പ്രവർത്തനം ആവശ്യമാണ്. പരസ്പരമുള്ള ഏകോപനത്തിനും മനുഷ്യ വിഭവമടക്കമുള്ള വിഭവങ്ങൾ പരസ്പരം കൈമാറുന്നതിനുമെല്ലാം പൊതു സർവീസ് രൂപീകരണം സഹായകരമാകും. ഈ ലക്ഷ്യം നമുക്ക് പൂർത്തീകരിക്കാൻ കഴിഞ്ഞു.

ഒന്നാം ജനകീയാസൂത്രണ കാലയളവിൽ നമ്മൾ സദ്ഭരണം സാധ്യമാക്കുന്നതിനാണ് ഊന്നൽ നൽകിയത്. എന്നാൽ രണ്ടാം ജനകീയാസൂത്രണ ഘട്ടത്തിൽ ഇ - ഗവേണൻസിലൂടെ സദ്ഭരണം സാധ്യമാക്കുന്നതിനാണ് നമ്മൾ പരിശ്രമിച്ചത്. ഇതിന്റെ മാറ്റം ഭരണ നിർവ്വഹണ രംഗത്ത് പ്രകടമാണ്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടതായിരുന്ന ഇന്റഗ്രേറ്റഡ് ലോക്കൽ ഗവേർണൻസ് മാനേജ്മെന്റ് സിസ്റ്റം (ILGMS)

നടപ്പിലാക്കിയത്. തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാകുന്ന 200 ൽ അധികം സേവനങ്ങൾക്കുള്ള അപേക്ഷകളും, പരാതികളും, അപ്പീലുകളും, നിർദ്ദേശങ്ങളും ഓൺലൈനായി അയയ്ക്കുന്നതിനുള്ള സൗകര്യം നിലവിൽ സോഫ്റ്റ് വെയറിൽ ലഭ്യമാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ 939 ഗ്രാമപഞ്ചായത്തുകൾക്ക് ഐ.എസ്.ഒ. അംഗീകാരം ലഭിച്ചു. 152 ബ്ലോക്ക് പഞ്ചായത്തുകളും 14 ൽ 7 ജില്ലാ പഞ്ചായത്തുകളും ഐ. എസ്. ഒ. അംഗീകാരം നേടിക്കഴിഞ്ഞു. പഞ്ചായത്ത് ഡയറക്ടറേറ്റും ഐ എസ് ഒ നിലവാരത്തിലേക്ക് മാറിക്കഴിഞ്ഞു. കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഓഫീസുകൾ ഇന്ന് സംസ്ഥാനത്തെ ഏറ്റവും മികച്ച അടിസ്ഥാന സൗകര്യങ്ങളുള്ള ഓഫീസുകളായി മാറിക്കൊണ്ടിരിക്കുകയാണ്. കെട്ടിലും മട്ടിലും സർവീസ് ഡെലിവറിയിലും വന്ന മാറ്റം രാജ്യത്തിനാകെ മാതൃകാപരമാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പഞ്ചായത്തുവകുപ്പിൽ 448, നഗരകാര്യ വകുപ്പിൽ 1494, എഞ്ചിനീയറിംഗ് വിഭാഗത്തിൽ 372, ലൈഫ് മിഷനിൽ 58, ശുചിത്വമിഷനിൽ 28 എന്നിങ്ങനെ 2,400 പുതിയ തസ്തികകൾ സൃഷ്ടിച്ചു. പി.എസ്.സി മുഖേന ഏതാണ്ട് 9,000 ത്തോളം നിയമനങ്ങൾ നടത്തി. ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിനും നിയമനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും പ്രത്യേകം ശ്രദ്ധ ചിട്ടുണ്ട്.

നവകേരള ദൗത്യത്തിന്റെ പശ്ചാത്തലത്തിൽ പുതിയൊരു വികസന സംസ്കാരം കരുപ്പിടിപ്പിക്കുന്നതിനുള്ള ശ്രമത്തിലാണ് കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ. നവകേരള ദൗത്യത്തിന്റെ പൂർത്തീകരണത്തിനായി തദ്ദേശഭരണ സ്ഥാപനങ്ങൾ നിർണ്ണായക പിന്തുണയാണ് നൽകിയത്. ആർദ്രം മിഷന്റെ യഥാർത്ഥ സ്പിരിറ്റ് ഉൾക്കൊണ്ടു കൊണ്ട് ആരോഗ്യമേഖലയ്ക്ക് മികച്ച പിന്തുണ നൽകാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്കായിട്ടുണ്ട്. കഴിഞ്ഞ നാലു വർഷം കൊണ്ട് ആരോഗ്യ മേഖലയിൽ 41,184 പദ്ധതികളാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്തത്. 1,460.21 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് ഇതിലൂടെ നിർവ്വഹിക്കപ്പെട്ടത്. ഇതിൽ 632.78 കോടി രൂപ വികസന ഫണ്ടിനത്തിലാണ് ചെലവഴിച്ചത്. 2020-21 സാമ്പത്തിക വർഷം കൊവിഡ് മഹാമാരിയുടെ പ്രത്യേക സാഹചര്യത്തിൽ ആരോഗ്യ മേഖലയുടെ വികസനത്തിനായി 917.87 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കി വരുന്നത്. ഇതിൽ വികസന ഫണ്ട് വിഹിതം 379.3 കോടി രൂപയാണ്.

ഹരിത കേരളം മിഷന്റെയും ശുചിത്വ മിഷന്റെയും നേതൃത്വത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ ശുചിത്വ മേഖലയിൽ കൈവരിച്ച നേട്ടങ്ങൾ രാജ്യത്തിനാകെ മാതൃകയാണ്. ജനക്ഷേമം എന്നത് മണ്ണും വെള്ളവും വീണ്ടെടുക്കലും പരിസ്ഥിതി സംരക്ഷിക്കലും കൂടിയാണെന്ന് തെളിയിച്ച നാലു വർഷമാണ് കടന്നുപോയത്. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ നടത്തിയ വലിയ ജനകീയമുന്നേറ്റമാണ് ഈ നേട്ടങ്ങളുടെ പിന്നിൽ. കുടുംബശ്രീ, തൊഴിലുറപ്പ് മിഷനുകൾ, ശുചിത്വ മിഷൻ തുടങ്ങിയ ഏജൻസികളും ഈ പ്രവർത്തനങ്ങളിൽ പങ്കാളികളായി. 390 പുഴകളും 41,529 നീർച്ചാലുകളും പുനരുജ്ജീവിപ്പിച്ചു. 54,362 കിണറുകൾ റീച്ചാർജ്ജ് ചെയ്യുകയും 22,252 എണ്ണം നിർമ്മിക്കുകയും 13,942 എണ്ണം നവീകരിക്കുകയും ചെയ്തു. 13,738 കളങ്ങൾ നിർമ്മിക്കുകയും 15,381 എണ്ണം നവീകരിക്കുകയും ചെയ്തു.

മാലിന്യ സംസ്കരണ രംഗത്ത് നമ്മൾ സൃഷ്ടിച്ച വികേന്ദ്രീകൃത മാതൃകയെ വളരെ താല്പര്യത്തോടെയാണ് രാജ്യത്തെ ഇതര സംസ്ഥാനങ്ങൾ കാണുന്നത്. ശുചിത്വ -മാലിന്യ സംസ്കരണ രംഗത്ത് കഴിഞ്ഞ നാലു വർഷം കൊണ്ട് മികച്ച നേട്ടങ്ങൾ കൈവരിക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കഴിഞ്ഞിട്ടുണ്ട്. ശുചിത്വ മിഷൻ, ഹരിത കേരളം മിഷൻ, ക്ലീൻ കേരള കമ്പനി, കുടുംബശ്രീ, തൊഴിലുറപ്പ് മിഷൻ തുടങ്ങിയ ഏജൻസികളാണ് ഈ പ്രവർത്തനങ്ങൾക്കാകെ നേതൃപരമായ പങ്ക് വഹിച്ചത്. കേരളത്തിലെ 941 ഗ്രാമപഞ്ചായത്തുകളിൽ 588 ഗ്രാമപഞ്ചായത്തുകളിലും 61 നഗരസഭകളിലും മാലിന്യ സംസ്കരണ സംവിധാനങ്ങൾക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടായിക്കഴിഞ്ഞു. ആകെ 601 തദ്ദേശസ്ഥാപനങ്ങൾ ശുചിത്വ പദവി കൈവരിച്ചു കഴിഞ്ഞു

രണ്ടാം ജനകീയാസൂത്രണ കാലത്തെ മറ്റൊരു സുപ്രധാന നേട്ടം ലൈഫ് പദ്ധതിയുടെ നിർവ്വഹണമാണ്. ഈ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് നാളിതുവരെ 2,52,025 വീടുകളാണ് പൂർത്തീകരിച്ചത്. വിവിധ സ്രോതസ്സുകളിലൂടെ ഭവന നിർമ്മാണത്തിനായി നാളിതുവരെ 8823.20 കോടി രൂപയാണ് ഈ പദ്ധതിക്കായി ചെലവഴിച്ചത്. ഇതിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം 2,776.6 കോടി രൂപയാണ്. കൂടാതെ ഹഡ്കോ ലോൺ മുഖേന 2800 കോടി രൂപയും തദ്ദേശഭരണ സ്ഥാപനങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഈ ലോൺ തുകയുടെ പലിശ സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. നവകേരള നിർമ്മാണത്തിലെ മറ്റൊരു ദൗത്യമായ പൊതുവിദ്യാഭ്യാസയജ്ഞത്തിനും തദ്ദേശഭരണ സ്ഥാപനങ്ങൾ മികച്ച പിന്തുണയാണ് നൽകിയത്. പൊതു വിദ്യാഭ്യാസയജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിൽ ചരിത്രപരമായ മുന്നേറ്റമാണ് ഉണ്ടായത്. ഇതിനു പൂരകമായി തദ്ദേശഭരണ സ്ഥാപനങ്ങൾ 1285 ക്ലാസ് മുറികളും, 1845 സ്മാർട്ട് ക്ലാസ് റൂമുകളും 132 ലാബുകളും കഴിഞ്ഞ നാലു വർഷം കൊണ്ട് നിർമ്മിച്ചു. കഴിഞ്ഞ നാലു വർഷം കൊണ്ട് 39,167 പദ്ധതികളിയായി 2,001.06 കോടി രൂപയാണ് വിദ്യാഭ്യാസ മേഖലയുടെ പുരോഗതിക്കായി തദ്ദേശസ്ഥാപനങ്ങൾ ചെലവഴിച്ചത്.

സർക്കാരിൽ നിന്നുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കുന്ന ഏജൻസിയല്ല ഇന്ന് തദ്ദേശസ്ഥാപനങ്ങൾ. വിഭവങ്ങൾ കണ്ടെത്തുന്നതിനും പ്രാദേശികാവശ്യങ്ങൾ സ്വയം നിറവേറ്റുന്നതിനും ഏത് അടിയന്തിര സാഹചര്യങ്ങളെയും നേരിടാനും ജനകീയ പങ്കാളിത്തത്തോടെ അവയെ പരിഹരിക്കാനും കഴിയുന്ന പ്രാദേശിക സർക്കാരുകളാണവ. കഴിഞ്ഞ രണ്ടര പതിറ്റാണ്ടിലെ അനുഭവങ്ങൾ ആ നിലയിലേക്ക് തദ്ദേശസ്ഥാപനങ്ങളെ മാറ്റിത്തീർത്തിരിക്കുന്നു.

പ്രളയ കാലത്തെന്നപോലെ ഈ കൊവിഡ് കാലത്തും തദ്ദേശഭരണ സ്ഥാപനങ്ങൾ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ ഇതിനു മികച്ച ദൃഷ്ടാന്തമാണ്. ഇന്ത്യയിൽ ഏറ്റവുമാദ്യം കൊറോണ വൈറസ് രോഗം സ്ഥിരീകരിച്ചതും രോഗികളോ രോഗാണുവാഹകരോ ആയ ഏറ്റവും കൂടുതൽ പേർ വിദേശത്തു നിന്നും ഇതര സംസ്ഥാനങ്ങളിൽ നിന്നും എത്തിച്ചേർന്നതും കേരളത്തിലാണ്. ഈ പ്രതികൂല ഘടകങ്ങൾ നിലനിൽക്കെ, മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഭേദപ്പെട്ട നിലയിൽ രോഗവ്യാപനം നിയന്ത്രിച്ചു നിർത്താൻ കേരളത്തിനായി. ദേശീയ തലത്തിലും രാജ്യാന്തര രംഗത്തും പ്രശംസിക്കപ്പെട്ട ഈ മികവിനു പിന്നിൽ കാൽനൂറ്റാണ്ട് കാലത്തെ ജനകീയാസൂത്രണത്തിന്റെ അനുഭവക്കരുത്തുണ്ടെന്നും മന്ത്രി പറഞ്ഞു.

□

നൂതന പദ്ധതികൾ താഴെത്തട്ടിൽ നിന്നുയർന്നുവരണം: ഡോ. തോമസ് ഐസക്ക്

പഞ്ചായത്തുകളിലെ അടുത്തിടെ അധികാരമേറ്റ ജനപ്രതിനിധികളുടെ ആദ്യത്തെ പഞ്ചായത്ത് ദിനാഘോഷമാണിത്. എല്ലാവരും വലിയ തിരക്കിലാണെന്നറിയാം. ബഡ്ജറ്റ്, പദ്ധതി എന്നിവ തയ്യാറാക്കിക്കൊണ്ടിരിക്കുന്ന ഈ അവസരത്തിൽ നിങ്ങളോട് പറയാനുള്ളത് അഞ്ചുവർഷം കഴിഞ്ഞ് നിങ്ങളുടെ പഞ്ചായത്തിന്റെ കാലാവധി പൂർത്തീകരിക്കുമ്പോൾ നിങ്ങൾക്ക് ഓർത്തുവയ്ക്കാൻ കഴിയുന്ന തരത്തിലുള്ളതും ജനങ്ങൾക്ക് നിങ്ങളെ എന്നും ഓർക്കുന്നതിന് ഉതകുന്ന തരത്തിലുള്ള സ്ഥായിയായ ഒരു നൂതന പദ്ധതിയെങ്കിലും നിങ്ങളുടെ പഞ്ചായത്തിൽ നടപ്പാക്കണമെന്ന് ധനകാര്യവകുപ്പ് മന്ത്രി ഡോ. തോമസ് ഐസക്ക് ജനപ്രതിനിധികളോട് പറഞ്ഞു. ഈ വർഷത്തെ പഞ്ചായത്ത് ദിനാഘോഷ വേളയിൽ 'തദ്ദേശഭരണവും നൂതന ആശയങ്ങളും' എന്ന വിഷയത്തിൽ പ്രഭാഷണം നടത്തി സംസാരിക്കുകയായിരുന്നു അദ്ദേഹം. കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഒട്ടേറെ വിപുലമായതും നൂതനവുമായ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്. അതിൽ ചില ഉദാഹരണങ്ങൾ ഇവയാണ്. ഇന്നിപ്പോൾ ലോകബാങ്കിന്റെ സഹായത്തോടെ ഇന്ത്യമുഴുവൻ നടപ്പാക്കിവരുന്നപദ്ധതിയായ ജലനിധി കൂടിവെള്ള പദ്ധതി ഒളവണ്ണ ഗ്രാമ പഞ്ചായത്താണ് ആദ്യമായി രൂപംനൽകിയത്. ബഡ്സ് സ്കൂൾ വെങ്ങാനൂർ ഗ്രാമപഞ്ചായ

ത്തിന്റെ സംഭാവനയാണ്. ആശ്രയ പദ്ധതി ആദ്യമായി നടപ്പാക്കിയത് നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്താണ്. എത്രയോ അഭിമാനകരമായിട്ടുള്ളതും ഇന്ന് എല്ലാവരും അംഗീകരിക്കുന്നതുമായ പദ്ധതികൾ താഴെത്തട്ടിൽ നിന്നും രൂപം കൊണ്ടവയാണെന്നും അദ്ദേഹം പറഞ്ഞു.

ഇത്തവണത്തെ ബഡ്ജറ്റിൽ ഒരു പ്രത്യേക പ്രഖ്യാപനമുണ്ട്. നമ്മുടെ കേരളം മുഴുവൻ നൂതനപദ്ധതികൾ പ്രോത്സാഹിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും രൂപീകരിക്കുന്ന പദ്ധതികളെ ഒരു പത്തോ പതിനഞ്ചോ മേഖലകളാക്കി തിരിച്ചു ഓരോ മേഖലയിലെയും ഏറ്റവും നല്ല നൂതനമായ പദ്ധതിക്ക് പ്രത്യേക സമ്മാനം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. 35 കോടി രൂപയാണ് അതിനുവേണ്ടി നീക്കിവച്ചിട്ടുള്ളത്. ഈ നൂതനമായിട്ടുള്ള പദ്ധതികളെക്കുറിച്ച് ഗൗരവമായ ആലോചന വേണം. നമ്മുടെ നിലവിലുള്ള പരിപാടികളിൽ തന്നെ എങ്ങനെ നൂതനവിദ്യ സന്നിവേശിപ്പിക്കാൻ കഴിയും എന്നതിനെ കുറിച്ച് ചിന്തിക്കണം. ഉദാഹരണത്തിന് ഈ വർഷം പഞ്ചായത്തുകളുടെ ഏറ്റവും പ്രധാനപ്പെട്ട പദ്ധതിയായി വരേണ്ടത് തൊഴിൽ നൽകുക എന്നുള്ളതാണ്. ആയിരം പേർക്ക് അഞ്ചുവീതം തൊഴിലുകൾ ഓരോ പഞ്ചായത്തുകളും നൽകേണ്ടതുണ്ട്. അത്ര വലിയ പണച്ചെലവ് ഒന്നുംവരുന്നില്ല. സ്ഥാപനങ്ങൾ ആരംഭിക്കാനായി എടുക്കുന്ന വായ്പയുടെ പലിശ പ്ലാൻ ഫണ്ടിൽ നിന്നും നൽകേണ്ടതുണ്ട്. അതിനായുള്ള പദ്ധതികൾ രൂപീകരിക്കുക. നമ്മുടെയൊക്കെ പഞ്ചായത്തിൽ സ്വയംതൊഴിൽ ചെയ്യാൻ ആഗ്രഹിക്കുന്നവരുടെ ലിസ്റ്റ് തയ്യാറാക്കണം. അപേക്ഷ സ്വീകരിക്കണം. അവർക്ക് പരിശീലനം നൽകണം. അവർക്ക് തൊഴിൽ ചെയ്യുന്നതിന് വേണ്ടിയുള്ള സ്ഥലം ഉറപ്പുവരുത്തണം. ഉൽപ്പന്നം വിപണനം ചെയ്യുന്നതിനുള്ള സാഹചര്യം ഉറപ്പുവരുത്തണം. സാഹചര്യം നോക്കി തൊഴിലുകൾ കണ്ടെത്തി അവരെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒരു സമഗ്ര പരിപാടി തയ്യാറാക്കണം. ഇവർക്കൊക്കെ വായ്പയുടെ ലഭ്യത സർക്കാർ ഉറപ്പുവരുത്തും. മൈക്രോ എന്റർപ്രൈസസ് കുടുംബശ്രീ വഴി ആണെങ്കിൽ പ്രത്യേക ധനസഹായം ലഭിക്കും. സർക്കാരിന്റേതായിട്ടുള്ള സംരക്ഷണം ഇതുമായി ബന്ധപ്പെട്ട് ഉണ്ടാകും.

മിനിമം നാലോ അഞ്ചോ ലക്ഷം രൂപ പലിശയ്ക്ക് സബ്സിഡി നൽകാനായി നീക്കിവയ്ക്കാം. അതിന്റെ അടിസ്ഥാനത്തിൽ ആർക്കൊക്കെ സ്വയംതൊഴിൽ വേണമെന്ന് അപേക്ഷ സ്വീകരിക്കാം. നമുക്ക് പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള അപേക്ഷകളെല്ലാം ജില്ലാ പഞ്ചായത്തിന്റെ സഹായത്തോടെ ജില്ലാതലത്തിൽ ക്രോഡീകരിച്ച് അവ നടപ്പാക്കുന്നതിന് ഒരു കർമ്മപദ്ധതിയുണ്ടാക്കാം. ഈ പറയുന്ന കാര്യങ്ങൾ ചൈന ഉൾപ്പെടെയുള്ള രാജ്യങ്ങൾ പരീക്ഷിച്ച് വിജയിച്ചതാണ്. പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെതുമായ സ്ഥാപനങ്ങൾ ഉണ്ടാവുക എന്നർത്ഥം. അനവധി നൂതനമായ ഇടപെടലുകൾക്ക് സാധ്യത നൽകുന്ന ഒരു മേഖലയാണിത്.

ശുചീകരണം വളരെ എളുപ്പമായ ഒരു പദ്ധതിയാണ് നമ്മുടെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ വീടുകളിലും വളക്കുഴി നിർമ്മിക്കാം. വീട്ടുകാർ അവരുടെ ജൈവമാലിന്യമെല്ലാം അവിടെ നിക്ഷേപിക്കും എന്നുറപ്പു വരുത്താം. പിന്നെ നമ്മുടെ കർമ്മസമിതിയെ ഉപയോഗിച്ച് വീടുകളിൽ നിന്ന് പ്ലാസ്റ്റിക്കും അജൈവ മാലിന്യങ്ങളും ശേഖരിക്കുക. അവരുടെ ഒരു സഹകരണ സംഘം ഉണ്ടാക്കിയാൽ ലാഭകരമായി അവർക്ക് ഈ തൊഴിൽ ചെയ്യാൻ കഴിയും. ഗ്രീൻ പ്രോട്ടോക്കോളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളെയും ചേർത്ത് ലാഭകരമായി നടത്താൻ കഴിയും. പല തദ്ദേശഭരണ സ്ഥാപനങ്ങളും വിജയകരമായി ഈ പദ്ധതി നടപ്പാക്കിയിട്ടുള്ളതാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നടപ്പാക്കാൻ എളുപ്പമായ പദ്ധതിയാണിത്. അതുപോലെതന്നെ നമ്മുടെ ഭൂമിയുടെ കാര്യം. ഭൂമിയുടെ സംരക്ഷണത്തിനായി ഭൂവസ്ത്രം വിരിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കാം.

മുതിർന്ന പൗരന്മാരാണ് പഞ്ചായത്തു പ്രദേശത്ത് കൂടുതലുള്ളത്. അവർക്കായി എല്ലാ വാർഡിലും ഒരു വയോ ക്ലബ്ബ് തുടങ്ങുന്നതിനെക്കുറിച്ച് ആലോചിക്കാം. സൗകര്യമില്ലാത്തിടത്ത് വാടകയ്ക്ക് സ്ഥലം കണ്ടെത്താം. പ്രായം ചെന്നവർക്ക് അവിടെ വരാനും വർത്തമാനം പറയാനും ഒക്കെയുള്ള ഇടമായി മാറ്റാം. സേവാഗ്രാമും അവിടെത്തന്നെ പ്രവർത്തിക്കട്ടെ. ഇനി പ്രത്യേകിച്ച് സ്ഥലം കിട്ടിയില്ലെങ്കിൽ അങ്കണവാടികളിൽ അവയുടെ പ്രവർത്തനം കഴിഞ്ഞാൽ ഉച്ചയ്ക്കുശേഷം വയോ ക്ലബ് പ്രവർത്തിക്കുന്ന തരത്തിൽ സംഘടിപ്പിക്കാം. ഇതൊക്കെ എല്ലാവർക്കും ചെയ്യാൻ കഴിയുന്ന പദ്ധതികളാണ്.

നമ്മുടെ പഞ്ചായത്തിൽ പട്ടിണികിടക്കുന്ന ഒരാളും ഉണ്ടാവില്ല എന്ന് ഉറപ്പു വരുത്താൻ കഴിയും. ആലപ്പുഴയിലും ചേർത്തലയ്ക്കും ഇടയ്ക്കുള്ള പ്രദേശത്ത് കഴിഞ്ഞ മൂന്നു വർഷമായി അറുന്നൂറിനും എഴുന്നൂറിനും ഇടയ്ക്കുള്ള എണ്ണം വീട്ടുകാർക്ക് എല്ലാ ദിവസവും ഉച്ചയ്ക്ക് ഭക്ഷണം എത്തിക്കുകയാണ്. ഇതിന് പ്രാദേശിക സർക്കാരുകളുടെ പണം ഉപയോഗിക്കുന്നില്ല. സംഭാവനകളിലൂടെയാണ് നടത്തിപ്പോരുന്നത്. ഏത് മേഖലയെടുത്തോളൂ നമുക്ക് നൂതനമായിട്ടുള്ള പുതിയ രീതികൾ അവലംബിക്കാൻ കഴിയും. അതിനായുള്ള ഒരു വലിയ മനസ്സ് ഉണ്ടാകണം അത്രമാത്രം. നാട്ടിൽ ഇതൊക്കെ ചെയ്യാൻ താല്പര്യമുള്ള ഒരുപാട് പേരുണ്ട് അവരെ കണ്ടെത്തി അവരുടെ സംഭാവനകളും സേവനങ്ങളും വിനിയോഗിക്കണം. നമ്മുടെ കുട്ടികൾ ഓരോ ക്ലാസ്സിലും പഠിക്കേണ്ട കാര്യങ്ങൾ ആർജ്ജിക്കുന്നുവെന്ന് ഉറപ്പു വരുത്തണം. അക്കാദമിക് മാസ്റ്റർ പ്ലാൻ പഞ്ചായത്ത് തലത്തിൽ തയ്യാറാക്കണം. ഇതിനായി ഈ മേഖല യിലെ വിദഗ്ദ്ധരുടെ സേവനം ഉറപ്പുവരുത്തണം.

നമ്മുടെ പഞ്ചായത്തിലെ കുട്ടികളുടെ സർഗ്ഗശേഷി മുഴുവൻ തിരിച്ചറിയണം. അവരുടെ സർഗ്ഗശേഷി വളർത്തുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കണം. ഓരോ മേഖലയിലും താല്പര്യമുള്ളവരുടേയും കലാകാരന്മാരേയും വിദഗ്ധരെയും മുഖ്യധാരയിലേക്ക് കൊണ്ടുവരേണ്ടതുണ്ട്. അവരെ നമ്മുടെ കർമ്മസമിതികളിൽ ഉൾപ്പെടുത്തണം. ഇവരുടെ മേൽനോട്ടത്തിൽ അഡ്വൈസറി കമ്മിറ്റികൾ ഉണ്ടാക്കണം. ചെയ്യാനായി നമുക്ക് ഏറെയുണ്ട്. ഏതെങ്കിലും മേഖലകളിൽ നമ്മുടെ പഞ്ചായത്ത് മികവാർന്നതാകണം എന്ന തീരുമാനം കൈക്കൊള്ളണം. ജനകീയാസൂത്രണം അതിനുള്ള ജനാധിപത്യ ഇടമാണ് നന്നാവണമെന്ന് ആഗ്രഹിക്കുന്നവർക്ക് ഒക്കെ നന്നാവാനുള്ള സാഹചര്യങ്ങൾ നമ്മുടെ നാട്ടിലുണ്ട്. നൂതനമായ കാര്യങ്ങൾ ആലോചിക്കുക. അവ നടപ്പിൽ വരുത്തുക. അതിനായി എല്ലാവരും യത്നിക്കുക. അതിനുള്ള പ്രചോദനമാകട്ടെ ഈ പഞ്ചായത്ത് ദിനാഘോഷം എന്നാഗ്രഹിക്കുന്നു. സ്വരാജ് ട്രോഫി ലഭിച്ച എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും ധനകാര്യമന്ത്രി അഭിനന്ദിച്ചു.

□

തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം 30 ശതമാനമാക്കും: എസ്.എം. വിജയാനന്ദ്

ആറാം ധനകാര്യ കമ്മീഷൻ നല്കിയിട്ടുള്ള ഏറ്റവും പ്രധാനപ്പെട്ട ശിപാർശകളിലൊന്ന് പ്ലാൻ ഫണ്ട് ഓരോ വർഷവും ½ ശതമാനം വീതം വർദ്ധിപ്പിച്ച് 25 ശതമാനത്തിൽ നിന്നും 30 ശതമാനമാക്കുക എന്നുള്ളതാണ്. ഈ ശിപാർശ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. 2021-22 ലേക്കുള്ള പദ്ധതിവിഹിതം 26ശതമാനമാക്കുകയും ചെയ്തു. ബാക്കിയുള്ള ശിപാർശകളും കൂടി നടപ്പാക്കിയെടുക്കുന്നതിന് എല്ലാവരുടെയും ഒത്തൊരുമിച്ചുള്ള പ്രവർത്തനം അനിവാര്യമാണെന്നും ഈ വർഷത്തെ പഞ്ചായത്ത് ദിനാഘോഷ പരിപാടികളുമായി ബന്ധപ്പെട്ട് ആറാം ധനകാര്യ കമ്മീഷന്റെ പ്രധാന നിർദ്ദേശങ്ങൾ സംബന്ധിച്ച വിഷയാവത

രണം നടത്തിക്കൊണ്ട് ആറാം ധനകാര്യ കമ്മീഷൻ ചെയർമാൻ എസ്.എം. വിജയാനന്ദ് പറഞ്ഞു.

ഒരിക്കൽ പദ്ധതി അംഗീകരിച്ച ശേഷം ഉണ്ടാകുന്ന പ്ലാൻ കട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബാധകമല്ല എന്ന് ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ട്. പ്ലാൻ ഫണ്ട് 20% ക്യാരിഓവർ മുമ്പ് അനുവദിച്ചിരുന്നു. 2015 ൽ ഈ സംവിധാനത്തിൽ ഒരു മാറ്റം വന്നു. ക്യാരിഓവർ സംവിധാനം പുനഃസ്ഥാപിക്കണമെന്ന കമ്മീഷന്റെ ശിപാർശ ഗവൺമെന്റ് തത്വത്തിൽ അംഗീകരിച്ചു.

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കിട്ടുന്ന ഫണ്ടിന്റെ 25% ൽ കൂടുതൽ കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് ആണ്. അത് ലാപ്സാകുന്നില്ല. ഈ ഗ്രാന്റ് കിട്ടിയ ഉടൻ തന്നെ ഗവൺമെന്റ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടിലേക്ക് കൈമാറി നല്കും. ഗഡുക്കൾ ആയല്ല ലഭിക്കുന്നത്. അത് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വലിയൊരു നേട്ടമാണ്. മൊത്തം വികസന ഫണ്ടിൽ കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് കഴിച്ചിട്ടുള്ള വികസന ഫണ്ടിന്റെ 15% Incentive for Revenue Mobilisation ആയി നല്കുന്നതിനുള്ള ശിപാർശ നല്കിയിട്ടുണ്ട്. ഇത് ഡോക്ടർ പ്രഭാത് പട്നായിക് ചെയർമാനായിരുന്ന രണ്ടാം ധനകാര്യകമ്മീഷനും ശിപാർശ ചെയ്തിരുന്നതാണ്. ഒരു complex formulae പ്രകാരമായിരിക്കും ഈ തുക നല്കുന്നത്.

മറ്റൊരു പ്രധാന കാര്യം എസ്.സി.എസ്.പി. പദ്ധതിയിൽ എന്തെങ്കിലും കുറവുണ്ടെങ്കിൽ അത് ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും നിർബന്ധിതമായി നികത്തണമെന്നതാണ്. ഇത് പഴയ നിയമം ആണെങ്കിലും പാലിക്കപ്പെടുന്നില്ല എന്നുള്ളതാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭിച്ചിരുന്ന വിനോദ നികുതി ജി.എസ്.ടി. വന്നപ്പോൾ കുത്തനെ ഇടിയുകയുണ്ടായി. 2016-17 ലെ നികുതി അടിസ്ഥാനപ്പെടുത്തി വിനോദ നികുതിയിനത്തിൽ ഉണ്ടായിട്ടുള്ള കുറവ് ഗവൺമെന്റ് അടുത്ത വർഷം മുതൽ നികത്തണമെന്ന കമ്മീഷൻ ശിപാർശ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ജി.എസ്.ടി. നിയമത്തിനെതിരാകാത്ത തരത്തിൽ മറ്റൊരു സംവിധാനം ഉണ്ടാക്കുന്നതിന് ധനകാര്യ കമ്മീഷൻ ശ്രമിച്ചു വരികയാണ്. ജനറൽ പർപ്പസ് ഫണ്ട് 3½ യിൽ നിന്ന് 4 ശതമാനമായി. മെയിന്റനൻസ് ഫണ്ട് 6½ ശതമാനമായി. 4 ശതമാനം റോഡിനും 2½ ശതമാനം മറ്റുള്ള ആസ്തികൾക്കും. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടിന്റെ 10% പാരിസ്ഥിതിക ആഘാതം കുറയ്ക്കുന്നതിനുള്ള പദ്ധതികൾക്കായി മാറ്റിവയ്ക്കുന്നതിന് കമ്മീഷൻ ശിപാർശ നല്കിയിട്ടുണ്ട്. ലാൻഡ് യൂസ് ബോർഡിന്റെ ഡാറ്റ അനുസരിച്ചാണ് പരിഗണന കൊടുത്തിട്ടുള്ളത്.

എസ്.സി.എസ്.പി. പദ്ധതിയിൽ 60% ജനസംഖ്യാടിസ്ഥാനത്തിലും 40% പിന്നോക്കം നില്ക്കുന്ന പ്രദേശങ്ങൾക്കും നല്കുന്നതിനാണ് തീരുമാനം കൈക്കൊണ്ടിട്ടുള്ളത്. ടി.എസ്.പി.യിലാകട്ടെ പിന്നോക്കം നില്ക്കുന്ന ടൈബൽ ഏരിയയ്ക്ക് ഫണ്ട് ഗണ്യമായി കൂടും. അതുകൊണ്ട് ഫണ്ട് വിതരണത്തിൽ ഏറ്റക്കുറച്ചിൽ ഉണ്ടാകും. മറ്റൊരു തീരുമാനം മെയിന്റനൻസ് ഫണ്ട് റോഡിന്റെ നീളം അനുസരിച്ചായിരിക്കും അനുവദിക്കുന്നത്. നോൺ-റോഡ് മെയിന്റനൻസ് ഫണ്ട് കെട്ടിടങ്ങളുടെ വിവരം കൂടികണക്കിലെടുത്ത് അവയുടെ ആവശ്യകത കൂടി പരിഗണിച്ചാവും അനുവദിക്കുന്നത്. തത്വത്തിൽ ഇത് അംഗീകരിച്ചിട്ടുണ്ട്. വിവരങ്ങൾ ശേഖരിച്ചു വരുന്നു. ഒരു പഞ്ചായത്ത് ഒന്നിലധികം റവന്യൂ വില്ലേജ് പരിധിയിൽ വരാതിരിക്കുന്ന രീതിയിൽ സംഘാടനം ചെയ്യുന്നതിനായി ഒരു ഡീലിമിറ്റേഷൻ കമ്മീഷനെ ചുമതലപ്പെടുത്തണമെന്ന നിർദ്ദേശം അംഗീകരിച്ചിട്ടുണ്ട്.

അതുപോലെ തന്നെ ടാക്സ്-നോൺ ടാക്സ് റവന്യൂ ഓരോ വർഷവും കൂട്ടുന്നതിന് സർക്കാർ തീരുമാനമെടുത്തു വരികയാണ്. ഈ തീരുമാനം നടപ്പാക്കുന്നതിന് കാലതാമസമുണ്ടായേക്കാം. നികുതികൾ എല്ലാവർഷവും വർദ്ധിക്കുന്ന തരത്തിൽ ഒരു നിയമം വഴി മാറ്റുന്നതിനുള്ള നിർദ്ദേശം സർക്കാർ അംഗീകരിച്ചിട്ടുണ്ട്. കിലയിൽ കണക്ക് വിവരങ്ങൾ ശേഖരിക്കുന്നതിന് വേണ്ടി രണ്ടു പേരടങ്ങുന്ന ഒരു റിസർച്ച് സെന്റർ രൂപീകരിക്കാനുള്ള നിർദ്ദേശവും അംഗീകരിച്ചിട്ടുണ്ട്.

തദ്ദേശ സ്ഥാപനങ്ങളുടെ വാട്ടർ ചാർജ്ജും ഇലക്ട്രിസിറ്റി ചാർജ്ജും തനത് ഫണ്ടോ ജനറൽ പർപ്പസ് ഫണ്ടോ വിനിയോഗിച്ച് ഒടുക്കേണ്ടിവരും. അത് യഥാസമയം അടയ്ക്കേണ്ട ബാദ്ധ്യത ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപന സെക്രട്ടറിയുടെതാണ്. മറ്റൊരു പ്രധാന തീരുമാനം സ്വരാജ്ട്രോഫിയുടെ തുക അടുത്ത വർഷം മുതൽ ഇരട്ടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. മാത്രമല്ല അത് പുതിയൊരു സ്കീം ആയി നടപ്പാക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. മേൽപ്പറഞ്ഞ വയാണ് ആറാം ധനകാര്യ കമ്മീഷന്റെ തായി വന്നിട്ടുള്ള പ്രധാന തീരുമാനങ്ങൾ.

ഇത്രയും നാളത്തെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ചില കാര്യങ്ങൾ കൂടി പറയുവാൻ ആഗ്രഹിക്കുന്നു. അതിൽ പ്രധാനമായത് ഫണ്ട് വാർഡടിസ്ഥാനത്തിൽ വീതം വയ്ക്കുന്ന രീതി മാറണം. നിയമപ്രകാരം ഇതിൽ തെറ്റൊന്നുമില്ലെങ്കിലും വികസനത്തിന് അത് ഗുണകരമല്ല. നിങ്ങൾ വിചാരിച്ചാൽ അത്തരത്തിലുള്ള വീതംവയ്പ്പ് ഒഴിവാക്കാൻ കഴിയും. രണ്ടാമത്തേത് നമ്മുടെ കണക്ക് വിവരം അത്ര വിശ്വസ്യമായിരുന്നാലും ആസ്തിയുടെയും പ്ലാനിന്റെയും കാര്യത്തിൽ ആയിരുന്നാലും തീരെ മോശമായ രീതിയിലാണ് കൈകാര്യം ചെയ്തുവരുന്നത്. ഈ രീതി മാറേണ്ടതുണ്ട്. കേന്ദ്രാവിഷ്കൃത ഫണ്ട് ഉൾപ്പെടെയുള്ള പ്ലാൻ നിയമപരമായി ബഡ്ജറ്റിന്റെ ഭാഗമാണ്. അത് നമുക്ക് പൂർണ്ണമായി ബഡ്ജറ്റിന്റെ ഭാഗമാക്കി കൊണ്ടുവരാൻ കഴിയണം.

ഇ.എം.എസ്. നമ്പൂതിരിപ്പാട് തന്നെ നേരിട്ട് കൊണ്ടുവന്ന നൂതനമായിട്ടുള്ള ആശയമാണല്ലോ കേരളത്തിന്റെ ജനകീയാസൂത്രണം. അതിൽ വിദഗ്ധരുടെ (experts) സേവനം ഉപയോഗിക്കണമെന്ന് ഇ.എം.എസ്. തന്നെ പറഞ്ഞിട്ടുണ്ട്. എന്നാൽ വിദഗ്ധരുടെ സേവനം ആരും ഉപയോഗിക്കുന്നില്ല. നമ്മുടെ തദ്ദേശ സ്ഥാപന പരിധിയിലുള്ള വിദഗ്ധരുടെ സേവനം ജനകീയാസൂത്രണ പദ്ധതിയിൽ ഉപയോഗിക്കേണ്ടതുണ്ട്.

പാരിസ്ഥിതിക വിഷയവുമായി ബന്ധപ്പെട്ട് താഴെത്തട്ടിൽ നിന്നും മാത്രമേ എന്തെങ്കിലും ചെയ്യാൻ കഴിയൂ. അത് കമ്മീഷൻ ശിപാർശയായി വരുന്നതായിരിക്കുമെന്നും വിഷയാവതരണത്തിന്റെ ഭാഗമായി അദ്ദേഹം പറഞ്ഞു. കഴിഞ്ഞ വർഷം കാലാവധി കഴിഞ്ഞ പഞ്ചായത്തുകൾക്ക് അവരുടെ അഭിപ്രായം രേഖപ്പെടുത്തുന്നതിനായി ധനകാര്യ കമ്മീഷൻ ചോദ്യാവലി അയച്ചുകൊടുത്തിരുന്നുവെന്നും അതിന്മേൽ അവർ അഭിപ്രായം രേഖപ്പെടുത്തി ലഭ്യമാക്കിയതായും ഇപ്പോൾ അധികാരമേറ്റ പുതിയ ഭരണസമിതികൾക്കും അതെ ചോദ്യാവലി അയച്ചുതരുന്നതാണെന്നും ആ ചോദ്യാവലിക്ക് പുതിയ പഞ്ചായത്തിന്റെ അഭിപ്രായങ്ങൾ രേഖപ്പെടുത്തിഎത്രയും വേഗം ലഭ്യമാക്കണമെന്നും തദ്ദേശഭരണ സ്ഥാപന പ്രതിനിധികളോട് അദ്ദേഹം അഭ്യർത്ഥിച്ചു.

□

ജനപ്രതിനിധികൾക്കായി ഗൃഹപാഠങ്ങൾ

■ ഡോ. ജോയ് ഇളമൺ

ആദ്യഘട്ട പരിശീലനങ്ങൾ പൂർത്തിയായി. പദ്ധതി ആസൂത്രണ പരിശീലനവും കഴിഞ്ഞു. ഇനി സ്റ്റാന്റിംഗ് കമ്മിറ്റിയംഗങ്ങൾക്കുള്ള പരിശീലനങ്ങളാണ്. തുടർന്ന് വിഷയാധിഷ്ഠിത പരിശീലനങ്ങളും നൈപുണ്യവികസന പരിശീലനങ്ങളുമുണ്ടാകും. ഇവയിലൂടെയെല്ലാം തദ്ദേശഭരണ സംവിധാനത്തെക്കുറിച്ചും നടപടിക്രമങ്ങളെക്കുറിച്ചും ആസൂത്രണ-നിർവ്വഹണ പ്രവർത്തനങ്ങളെക്കുറിച്ചുമെല്ലാം മനസ്സിലാക്കാനാവും. എന്നാൽ ഇതിനിടയിലും ജനപ്രതിനിധികൾ സ്വയം പഠിക്കേണ്ട ഒട്ടേറെ കാര്യങ്ങളുണ്ട്- ഗൃഹപാഠം എന്നു തന്നെ കരുതാം.

ഗൃഹപാഠം-1
പഞ്ചായത്തിനെ മനസ്സിലാക്കുക

നമ്മുടെ പഞ്ചായത്തിന്റെ വികസന ചരിത്രം, ജനസംഖ്യ, അതിന്റെ ഘടന, സാമൂഹ്യ സാമ്പത്തിക സ്ഥിതി, പ്രധാനപ്പെട്ട വികസന പ്രശ്നങ്ങൾ എന്നിവയെക്കുറിച്ച് ഒരു ഭരണാധികാരിയുടെ കണ്ണോടെ മനസ്സിലാക്കുവാനുള്ള ശ്രമമാരംഭിക്കാം. 1996-97ൽ തയ്യാറാക്കിയ വികസനരേഖയിൽ നിന്നും തുടങ്ങാം. മുൻ ജനപ്രതിനിധികളുമായും എല്ലാ വിഭാഗം ജനങ്ങളുമായും ഒറ്റയ്ക്കും കൂട്ടായും ചർച്ച ചെയ്യാം. ഇവയെല്ലാം ഔപചാരിക ചർച്ച തന്നെയാകണമെന്നില്ല. പല അവസരങ്ങളിൽ പല വേദികളിൽ എല്ലാം ഈ ചർച്ച തുടരാം. അതോടൊപ്പം പഞ്ചായത്തിന്റെ തലങ്ങും വിലങ്ങും ഒന്ന് നടന്നു നോക്കാം. ഇതിനെ ട്രാൻസ് സെക്ട്ട് വോക്ക് എന്നാണു പറയുക.

ഗൃഹപാഠം-2
സാമ്പത്തിക സ്ഥിതി

നിലവിൽ പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയെന്ത്? മുൻ വർഷങ്ങളിലായി ലഭ്യമാക്കിയതും ലഭിച്ചതുമായ തുകയെത്ര? അവ ചെലവഴിച്ചതിന്റെ തൽസ്ഥിതിയെന്ത് തുടങ്ങിയവയെല്ലാം പരിശോധിക്കണം. ഒപ്പം തനത് വരുമാനത്തിന്റെ സ്ഥിതിയും സാധ്യതകളും കണ്ടെത്തണം. തനത് വരുമാനം വർദ്ധിപ്പിക്കുവാനുള്ള സാധ്യതകൾ ചർച്ച ചെയ്യണം. പല കാരണങ്ങളാൽ പഞ്ചായത്തിന് തിരിച്ചു കിട്ടേണ്ട/ലഭ്യമാകേണ്ട തുകയും പ്രോജക്ടുകളുമെന്ത് എന്ന് കണ്ടെത്തണം. ഇതിന്റെയെല്ലാം അടിസ്ഥാനത്തിൽ ഒരു ധവളപത്രത്തിന്റെ സാധ്യത ആരായണം.

ഗൃഹപാഠം-3
വിഭവസ്രോതസ്സുകൾ എന്തെല്ലാം

സംസ്ഥാന സർക്കാരിൽ നിന്നും ലഭിക്കുന്ന പദ്ധതി വിഹിതത്തിനപ്പുറം കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെയും മറ്റ് ഏജൻസികളുടെയും നിരവധി സ്കീമുകളുടെ ഭാഗമായി പഞ്ചായത്തിന് ലഭിക്കുന്നതും ലഭ്യമാക്കാവുന്നതുമായ ധനസ്രോതസ്സുകൾ നിരവധിയുണ്ട്. ഇവയെല്ലാം കണ്ടെത്തുകയും അവയുടെയെല്ലാം മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും എന്തെന്ന് മനസ്സിലാക്കുകയും വേണം. ഇവയെല്ലാം നമ്മുടെ പഞ്ചായത്തിന്റെ പ്രവർത്തനങ്ങളിൽ ഉപയോഗിക്കുവാൻ കഴിയുന്നതെങ്ങിനെ

എന്ന് ആലോചിക്കുക. പഞ്ചായത്ത് ഉദ്യോഗസ്ഥരിൽ നിന്നും ഘടക സ്ഥാപന ഉദ്യോഗസ്ഥരിൽ നിന്നും ഇക്കാര്യത്തിൽ വിവരം ലഭിക്കും.

ഗ്രഹപാഠം-4
ഘടക സ്ഥാപനങ്ങൾ

അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി കിട്ടിയ സ്ഥാപനങ്ങളുടെയും ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും ലിസ്റ്റ് തയ്യാറാക്കണം. ഇവയിലോരോ സ്ഥാപനങ്ങളിലും പഞ്ചായത്തിന്റെ അധികാരവും വകുപ്പിന്റെ അധികാരവുമെന്ത് എന്ന് മനസ്സിലാക്കണം. ഓരോ സ്ഥാപനത്തിലും പഞ്ചായത്ത് ഇടപെട്ട് മെച്ചപ്പെടുത്തേണ്ട കാര്യങ്ങളെന്ത്, വകുപ്പ് ചെയ്യേണ്ടതെന്ത്, സംയുക്തമായി ചെയ്യാവുന്നതെന്ത് എന്ന് കണ്ടെത്തണം. ഇവിടെയും പഞ്ചായത്ത് ഉദ്യോഗസ്ഥരിൽ നിന്നും ഘടക സ്ഥാപന ഉദ്യോഗസ്ഥരിൽ നിന്നും വിവരം ലഭിക്കും.

ഗ്രഹപാഠം-5
വിവിധ പദ്ധതികൾ

നിരവധി വകുപ്പുകളും ഏജൻസികളും പഞ്ചായത്ത് പ്രദേശത്ത് വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. അവയിൽ പലതും പഞ്ചായത്തിന്റെ അധികാരപരിധിയിൽ വരുന്നതാകണമെന്നില്ല. എന്നാൽ ആ പ്രവർത്തനങ്ങൾ പഞ്ചായത്തിന്റെ സമഗ്ര വികസനത്തിന്റെ ഭാഗവുമാണല്ലോ. അതിനാൽ തന്നെ അവയെന്തെന്നും സ്ഥിതി എന്തെന്നുമൊക്കെ മനസ്സിലാക്കുവാൻ ശ്രമിക്കണം. അത്തരം പദ്ധതികളുടെ നേട്ടങ്ങൾ പഞ്ചായത്തിലെ മൊത്തത്തിലുള്ള വികസനത്തിന് പ്രയോജനപ്രദമാകുന്നരീതിയിലാക്കാൻ ആവശ്യമായ അനുപൂരക പ്രോജക്ടുകൾക്ക് തയ്യാറെടുക്കാം.

ഗ്രഹപാഠം-6
മിഷൻ അന്ത്യോദയ

എല്ലാ വർഷവും മിഷൻ അന്ത്യോദയ സർവ്വെ നടത്താറുണ്ട്. 2020 ഡിസംബറിലാണ് ഏറ്റവുമവസാനം ഈ സർവ്വെ നടന്നിരിക്കുന്നത്. വികസന കാര്യങ്ങളിൽ വിവിധ സൂചകങ്ങളിലൂടെ പഞ്ചായത്തിന്റെ സ്ഥിതി മനസ്സിലാക്കുകയാണ് ഇത് ലക്ഷ്യമിടുന്നത്. നമ്മുടെ പഞ്ചായത്തിന്റെ സ്ഥിതി കണ്ടെത്തുക. അതിന്റെ അടിസ്ഥാനത്തിൽ ശക്തമായ ഇടപെടലുകൾ ആവശ്യമായ മേഖലകളെന്തെന്ന് തിരിച്ചറിയുക. പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും ഈ വിവരങ്ങൾ ലഭ്യമാകും.

ഗ്രഹപാഠം-7
ദേശീയ കുടുംബാരോഗ്യ സർവ്വെ

ഈയടുത്ത കാലത്ത് ദേശീയ കുടുംബാരോഗ്യ സർവ്വെ റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയുണ്ടായി. പഞ്ചായത്തടിസ്ഥാനത്തിൽ വിവരങ്ങൾ കൃത്യമായി ലഭിക്കുകയില്ലെങ്കിലും വിവിധ സൂചകങ്ങൾ എന്തെന്ന് മനസ്സിലാക്കി, ആ സൂചകങ്ങളിൽ പഞ്ചായത്ത് എവിടെ നിൽക്കുന്നു എന്നത് അങ്കണവാടി പ്രവർത്തകരിൽ നിന്നും ആരോഗ്യ പ്രവർത്തകരിൽ നിന്നും കണ്ടെത്താനാകും.

ഗ്രഹപാഠം-8
സുസ്ഥിര വികസന ലക്ഷ്യങ്ങൾ

സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ കേരളം ഇന്ത്യയിൽ ഒന്നാമതാണ്. എന്നാൽ 17 ലക്ഷ്യങ്ങളിലായി നിരവധി സൂചകങ്ങൾ ഇതിൽ ഉൾപ്പെടുന്നുണ്ട്. അവയിൽ പലതും പഞ്ചായത്ത് അടിസ്ഥാനത്തിൽ കണക്ക് കൂട്ടാവുന്നതാണ്. ഘടകസ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ, പഞ്ചായത്തിലെ ഉദ്യോഗസ്ഥർ, മറ്റ് വിദഗ്ധർ എന്നിവരുമായി ചേർന്ന് ഓരോ ഇത്തരം സൂചകങ്ങളിലും പഞ്ചായത്തിന്റെ സ്ഥിതിയെന്ത്, കേരളത്തിന്റെ സ്ഥിതിയെന്ത്, ഇന്ത്യയുടെ സ്ഥിതിയെന്ത് എന്ന് കണ്ടെത്തുക. തുടർന്ന് ഇവയിലോരോന്നിലും പഞ്ചായത്തിന്റെ ലക്ഷ്യമെന്ത് എന്ന് തീരുമാനിക്കുക.

ഗ്രഹപാഠം-9
പാർശ്വവത്ക്കരിക്കപ്പെട്ടവർ

നേട്ടങ്ങളുടെ പട്ടികയും കണക്കുകളും നിരത്തുമ്പോഴും നമ്മുടെ പഞ്ചായത്തിന്റെ ഓരോ പ്രദേശത്തും ഒറ്റപ്പെട്ടവരും ആലംബഹീനരും കഷ്ടപ്പാടനുഭവിക്കുന്നവരും ഇനിയുമുണ്ട്. ഇവരെ കണ്ടെത്തുകയും പ്രശ്നങ്ങൾ മനസ്സിലാക്കുകയും അവരുടെ ഉന്നമനത്തിനായി എന്തെല്ലാം സാധ്യതകളാനുള്ളതെന്നും മനസ്സിലാക്കുക. ഇപ്പോൾ നടന്നു വരുന്ന ആശ്രയപദ്ധതിയുടെ സ്ഥിതിയും അന്വേഷിച്ചറിയുക. അവയിൽ നിലവിലുള്ള ന്യൂനതകൾ എന്തെന്നും കണ്ടെത്തുക. കുടുംബശ്രീ പ്രവർത്തകരോട് വിവരമാരായാം. ഇതോടൊപ്പം പട്ടികജാതി-പട്ടികവർഗ്ഗ വികസനത്തിനായുള്ള പ്രോജക്ടുകളുടെ ഇക്കാലമത്രയുമുള്ള സ്ഥിതിയും മനസ്സിലാക്കി ഈ വിഭാഗങ്ങളുടെയെല്ലാം ഉന്നമനത്തിന് ഇനിയെന്ത് ചെയ്യാം എന്ന് ധാരണയുണ്ടാക്കുക.

ഗ്രഹപാഠം-10
നവകേരളത്തിനായി പഞ്ചായത്ത്

നവകേരള കർമ്മപരിപാടിയുടെ ഭാഗമായി വിവിധ മിഷനുകളുടെ സഹകരണത്തിൽ നടന്നു വരുന്ന ഓരോ പരിപാടിയുടെയും സ്ഥിതി അവലോകനം ചെയ്യുക. ഇനി മുന്നോട്ട് എന്തൊക്കെയാണ് ചെയ്യേണ്ടതെന്ന് കണക്കാക്കുക. ഒപ്പം ആദ്യം പ്രഖ്യാപിച്ച പന്ത്രണ്ടിന പരിപാടിയുടെയും പിന്നീട് പ്രഖ്യാപിച്ച പത്തിനപരിപാടികളുടേയും അടിസ്ഥാനത്തിൽ നമ്മുടെ പഞ്ചായത്തിൽ ഇതിനകം ആരംഭിച്ച പ്രവർത്തനങ്ങളെന്തെന്ന് വിലയിരുത്തുകയും ഇനി ചെയ്യാനുള്ളത് എന്തെന്നും ധാരണയുണ്ടാക്കുക. അതോടൊപ്പം ഇക്കഴിഞ്ഞ സംസ്ഥാന ബജറ്റിൽ സൂചിപ്പിച്ചത് പോലെ കേരളം ഒരു വിജ്ഞാന സമൂഹമായി മാറുന്നതിൽ നമ്മുടെ പഞ്ചായത്തിനെന്തു ചെയ്യാം എന്നാലോചിക്കണം. അങ്ങനെയെങ്കിൽ ബജറ്റിന്റെ പ്രസക്ത ഭാഗങ്ങൾ പരിശോധിച്ച് അവയിൽ നമ്മുടെ പ്രദേശത്തിന് അനുയോജ്യമായ ആശയങ്ങൾ എന്തെന്ന് വിലയിരുത്താം.

വരും ആഴ്ചകളിലായി ഒറ്റയ്ക്കും കൂട്ടായും ചെയ്യേണ്ട ഗ്രഹപാഠങ്ങളാണ് മുകളിൽ സൂചിപ്പിച്ചത്. ഒരു കാര്യം ശ്രദ്ധിച്ചുവല്ലോ. വാർഡിൽ അല്ല പഞ്ചായത്തിന്റെ സമഗ്ര വികസനം ആണ് ലക്ഷ്യമിടുന്നത്. കാരണം പഞ്ചായത്ത് ഭരണ സമിതി അംഗങ്ങളാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ. തങ്ങൾ ജയിച്ചു വന്ന വാർഡിന്റെ പ്രതിനിധി മാത്രമല്ല. ഇതിന്റെയെല്ലാം അടിസ്ഥാനത്തിൽ പതിനാലാം പഞ്ചവത്സര പദ്ധതി രൂപീകരിക്കുവാനുള്ള ശ്രമങ്ങൾക്ക് നമുക്ക് തുടക്കം കുറിക്കാനാവും. ഇതിന് സഹായകമായ പരിശീലന പരിപാടികൾ കില സംഘടിപ്പിക്കുന്നുണ്ടാവും. കിലയും ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയും കേരള ഡിജിറ്റൽ സർവ്വകലാശാലയും ഒത്ത് ചേർന്നുള്ള സർട്ടിഫിക്കറ്റ് കോഴ്സും ഉണ്ടാകും. ആ കോഴ്സിൽ പങ്കെടുക്കുന്ന എല്ലാ ജനപ്രതിനിധികളെയും സഹായിക്കുവാൻ കിലയുടെ റിസോഴ്സ് പേഴ്സൺമാരും പരിശീലനങ്ങളും ഉണ്ടാകും. വിജ്ഞാനസമൂഹത്തിലേക്ക് കുതിക്കുന്ന സംസ്ഥാനത്തിന് വിജ്ഞാനകുതുകികളായ ജനപ്രതിനിധികളുടെ കൂട്ടായ്മ ഏറെ സഹായകമാകും.

□

ലേഖകൻ കില ഡയറക്ടർ ജനറലാണ്

ധനമല്ല കാര്യശേഷിയാണ് പ്രധാനം

■ **അഡ്വ: പി. വിശ്വംഭരപണിക്കർ**

പ്രകൃതിക്ഷോഭവും ദുരന്ത നിവാരണവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയിൽപ്പെട്ടിരുന്നതല്ലെങ്കിലും നിപ്പ, പ്രളയം, കൊവിഡ് തുടങ്ങിയ ദുരന്തങ്ങൾ കേരളം നേരിടേണ്ടി വന്നപ്പോൾ ആ ചുമതലകളും സ്വയം ഏറ്റെടുത്ത് ദുരന്തനിവാരണ പ്രവർത്തനങ്ങൾ മറ്റാരേക്കാളും നന്നായി ചെയ്യാൻ കഴിയുമെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തെളിയിക്കുകയുണ്ടായി.

കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും നിർവ്വഹിക്കുന്നതിന് ആവശ്യമായ ഫണ്ടും ഭരണസംവിധാനവും ലഭ്യമാണ്. സമയബന്ധിതമായും സുതാര്യമായും മുൻഗണനാടിസ്ഥാനത്തിലും ഫണ്ട് വിനിയോഗിക്കുന്നതിനുള്ള, കാര്യക്ഷമമായ ഭരണ നേതൃത്വമാണ് ഉണ്ടാവേണ്ടത്. സാമൂഹ്യ രാഷ്ട്രീയ മേഖലയിൽ പ്രവർത്തിച്ച് മികവ് തെളിയിച്ച് ജനകീയ അംഗീകാരത്തോട് കൂടി കടന്ന് വന്നിരിക്കുന്ന ജനപ്രതിനിധികൾക്ക് അതിന് കഴിയുമെന്ന കാര്യത്തിൽ ആശങ്ക വേണ്ട.

പദ്ധതി പ്രവർത്തനങ്ങൾ

ജനകീയാസൂത്രണത്തിന്റെ ആവിർഭാവത്തോടുകൂടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ബജറ്റിന്റെ ഏകദേശം 25% ഫണ്ട് ലഭ്യമാകുന്നു. 2020-21 സാമ്പത്തിക വർഷം വിവിധ ഹെഡ്ഡുകളിലായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 21174 കോടി രൂപയാണ് നീക്കി വച്ചിട്ടുള്ളത്. ഇതോടൊപ്പം കേന്ദ്ര ധനകാര്യകമ്മീഷൻ വിഹിതം, കൈമാറി കിട്ടിയ കൃഷി, മൃഗസംരക്ഷണം, ആരോഗ്യം തുടങ്ങിയ വകുപ്പുകളുടെ വിഭവങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വത്തിലാണ് വിനിയോഗിക്കുന്നത്.

നവകേരള കർമ്മപരിപാടി

ലൈഫ് ഭവന നിർമ്മാണ പദ്ധതി

സംസ്ഥാന ഗവൺമെന്റ് ആവിഷ്കരിച്ച് നടപ്പിലാക്കികൊണ്ടിരിക്കുന്ന നവകേരള മിഷന്റെ പ്രവർത്തനങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും നിർവ്വഹിക്കുന്നതിന് ഏറെ സഹായകരമാണ്. എല്ലാവർക്കും വാസയോഗ്യമായ വീട് ഉണ്ടാവുക എന്ന ലക്ഷ്യം കൈവരിക്കുന്നതിന് ലൈഫ് ഭവന നിർമ്മാണപദ്ധതിയോടൊപ്പം CSR ഫണ്ട്, മറ്റ് സ്പോൺസേഴ്സ് വഴി സംഘടിപ്പിക്കാവുന്ന തുകകൾ എല്ലാം കൂട്ടിചേർത്താൽ നിശ്ചിത കാലയളവിനുളളിൽ മുഴുവൻ കുടുംബങ്ങൾക്കും വീട് നിർമ്മിച്ച് കൊടുക്കാൻ കഴിയും.

ആർദ്രം

പഞ്ചായത്തിലെ പി.എച്ച്. സെന്ററുകളെല്ലാം ഫാമിലി ഹെൽത്ത് സെന്ററുകളായി അപ്ഗ്രേഡ് ചെയ്തു. ഇവയ്ക്ക് ആവശ്യമായ പശ്ചാത്തല സൗകര്യം ഒരുക്കുവാനും ഡിപ്പാർട്ട്മെന്റിൽ നിന്നും ലഭിക്കാത്ത മരുന്നുകളും ഉപകരണങ്ങളും ക്രമീകരിക്കുവാനും കഴിയണം. ഹെൽത്ത് സ്റ്റാഫിന്റെയും ആശാവർക്കേഴ്സിന്റെയും യോഗങ്ങൾ ചേർന്ന് ഉണ്ടാകാൻ സാധ്യതയുളള പകർച്ച വ്യാധികളേയും മറ്റും നേരിടുന്നതിനുളള മുൻകരുതലുകൾ സ്വീകരിക്കുവാനും കഴിയേണ്ടതുണ്ട്.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

പഞ്ചായത്ത് എഡ്യൂക്കേഷൻ കമ്മറ്റി (PEC)കളുടെ യോഗം ചേർന്ന് വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനുളള പ്രവർത്തനങ്ങൾ സ്വീകരിക്കാവുന്നതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടിനോടൊപ്പം പി.റ്റി.എ പൂർവ്വ വിദ്യാർത്ഥി സംഘടന തുടങ്ങിയവയുടെ കൂടി സഹകരണത്തോടെ സ്കൂളുകളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്താൻ കഴിയും.

ഹരിതകേരളം മിഷൻ

ശുചിത്വ മാലിന്യ സംസ്കരണം, ജല സംരക്ഷണം കൃഷി എന്നീ മൂന്ന് ചുമതലകളാണ് ഹരിതകേരളം മിഷനുളളത്. ശുചിത്വ മിഷന്റെ സഹായത്തോടെ പ്രധാന വെല്ലുവിളിയായ മാലിന്യ സംസ്കരണം പരിഹരിക്കാൻ കഴിയും. ഹരിത കർമ്മസേന, ഗ്രീൻ പ്രോട്ടോക്കോൾ, ഉറവിട മാലിന്യ സംസ്കരണം അനുബന്ധ വിവര ശേഖരണങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങൾ വഴി ജനങ്ങളിൽ ഇതു സംബന്ധിച്ച അവബോധം സൃഷ്ടിച്ച് പൊതുജന പങ്കാളിത്തം ഉറപ്പാക്കാൻ കഴിയണം. ജലം കരുതലോടെ ഉപയോഗിക്കണമെന്ന സന്ദേശവും, യുക്തിപൂർവ്വമായ ജലവിനിയോഗവും ജനങ്ങളെ ബോധ്യപ്പെടുത്താനുളള പ്രവർത്തനങ്ങൾ നാം ഏറ്റെടുക്കണം.

കൃഷി വകുപ്പിന്റെയും തൊഴിലുറപ്പ് പദ്ധതിയുടേയും സഹായത്തോടെ സുരക്ഷിത ഭക്ഷ്യ ഉല്പാദനം കൈവരിയ്ക്കുന്നതിന് കഴിയുന്ന തരത്തിൽ തരിശ് രഹിത ഗ്രാമങ്ങൾ, പുരയിട കൃഷി വ്യാപനം, ജൈവ കൃഷിയെ പ്രോത്സാഹിപ്പിക്കൽ, ഫലവൃക്ഷതൈ ഉല്പാദനം, പച്ച തുരുത്തുകളുടെ നിർമ്മാണം തുടങ്ങിയ നമ്മുടെ പ്രദേശത്തെ ഹരിതാഭമാക്കുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതാണ്.

സുഭിക്ഷ കേരളം

കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങളെ ശക്തമാക്കുന്നതോടൊപ്പം ജനങ്ങളുടെ ജീവനോപാധി സംരക്ഷിക്കുന്നതിനും ഭക്ഷ്യം, പച്ചക്കറി, പാൽ, മത്സ്യ കൃഷി, മുട്ട തുടങ്ങിയ അവശ്യ ഭക്ഷ്യവസ്തുക്കളുടെ ഉല്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കൃഷി മൃഗസംരക്ഷണം, ക്ഷീര വികസനം എന്നീ മേഖലകൾ സംയോജിത

പ്രവർത്തനങ്ങളാണ് നടപ്പാക്കുന്നത്. ഈ മേഖലകൾക്കാവശ്യമായ സബ്സിഡികൾ വകയിരുത്തി ഉത്പാദന മേഖലകളിൽ ഈ മഹാവ്യാധി സൃഷ്ടിച്ച തളർച്ചയെ നമുക്ക് അതിജീവിക്കാൻ കഴിയണം.

തൊഴിലുറപ്പ് പദ്ധതി

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും, സംസ്ഥാന ഗവൺമെന്റ് ആവിഷ്കരിച്ച് നടപ്പാക്കുന്ന അയ്യങ്കാളി തൊഴിൽദാന പദ്ധതിയും പാവപ്പെട്ട കുടുംബങ്ങൾക്ക് അധിക വരുമാനം സൃഷ്ടിക്കുന്നു. ഈ പദ്ധതികൾ വഴി ജലസംരക്ഷണ പ്രവർത്തനങ്ങൾ, നീർത്തട പരിപാലനം, കൃഷി വ്യാപിപ്പിക്കൽ പരിസ്ഥിതി സംരക്ഷണം, കിണർ നിർമ്മാണം, കിണർ റീചാർജ്ജിങ്, മഴവെള്ള സംഭരണി, തൊഴുത്ത്, ആട്ടിൻ കൂട്, മണ്ണിര കമ്പോസ്റ്റ്, വ്യക്തിഗത ശുചിമുറികൾ, ഗ്രാമീണ സ്റ്റേഡിയങ്ങൾ, പാർപ്പിട സൗകര്യങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ കഴിയും. കൂടുതലും സ്ത്രീ തൊഴിലാളികൾ പ്രയോജനപ്പെടുത്തുന്ന ഈ മേഖല ശരിയായ രൂപത്തിൽ പ്ലാൻ ചെയ്ത് പാവപ്പെട്ടവരുടെ സുസ്ഥിര വരുമാനത്തിനും സാമ്പത്തിക സുരക്ഷിതത്വത്തിനും, സാമൂഹ്യമുന്നേറ്റത്തിനും ഉപയോഗപ്രദമാക്കേണ്ടതാണ്.

ദുരന്ത നിവാരണവും പ്രതിരോധ പ്രവർത്തനവും

മുൻപഞ്ചായത്ത് ഭരണസംവിധാനം, വികസന ക്ഷേമ പ്രവർത്തനങ്ങൾ ഏറ്റെടുത്തതോടൊപ്പം, നിപ്പ, പ്രളയം, കൊവിഡ് തുടങ്ങിയ ദുരന്തങ്ങളേയും നേരിടേണ്ടി വന്നു. പ്രകൃതിക്ഷോഭവും ദുരന്ത നിവാരണവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയിൽപ്പെട്ടിരുന്നതല്ലെങ്കിലും ആ ചുമതലകളും സ്വയം ഏറ്റെടുത്ത് ദുരന്തനിവാരണ പ്രവർത്തനങ്ങൾ മറ്റാരേക്കാളും നന്നായി ചെയ്യാൻ കഴിയുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണെന്ന് അംഗീകരിക്കേണ്ട സ്ഥിതിയുണ്ടായി. ഭാവിയിൽ ഉണ്ടാവാൻ സാധ്യതയുള്ള പ്രകൃതിക്ഷോഭത്തെ ഏങ്ങിനെ നേരിടാൻ കഴിയും എന്നത് അനുഭവങ്ങളുടേയും പ്രാദേശിക സ്ഥിതികളുടേയും അടിസ്ഥാനത്തിൽ വിലയിരുത്തി വിവിധ വകുപ്പുകളുടേയും, വിദഗ്ദ്ധരുടേയും സന്നദ്ധ പ്രവർത്തകരുടേയും സഹായത്തോടെ ദുരന്തനിവാരണ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. പഞ്ചായത്ത് അടിസ്ഥാനത്തിൽ എമർജൻസി റെസ്പോൺസ് ടീമുകളും (ERT) വാർഡ് അടിസ്ഥാനത്തിൽ റാപ്പിഡ് റെസ്പോൺസ് ടീമുകളും(RRT) സജ്ജരായി. വിവിധ വകുപ്പുകളിൽ നിന്നും ദുരന്ത നിവാരണത്തിനായി ചെലവഴിക്കുന്ന ഫണ്ട് തുടർന്ന് ഈ സംവിധാനത്തിലൂടെ ഫലപ്രദമായി വിനിയോഗിക്കാൻ കഴിയും.

ഈ വിഭവങ്ങളുടെയെല്ലാം സംയോജനത്തിലൂടെ ജനകീയാസൂത്രണത്തിന്റെയും വികേന്ദ്രീകൃത ആസൂത്രണത്തിന്റെയും ലക്ഷ്യമായി സ്വയം പര്യാപ്ത ഗ്രാമങ്ങളായി മാറുവാൻ കൂട്ടായി യത്നിക്കാം.

□

ലേഖകൻ കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജനറൽ സെക്രട്ടറിയാണ്

ഗ്രീൻ കോലഞ്ചേരിയിൽ നിന്ന് ഗ്രീൻ കേരളത്തിലേക്ക്

■ **ഡോ.എം.എച്ച്. രമേശ് കുമാർ**

ഗ്രീൻ സ്റ്റോറിൽ പ്ലാസ്റ്റിക്ക് കവറിൽ സാധനങ്ങൾ നിറച്ച കൊടുക്കുന്നില്ല. കടയിലെ സാധനങ്ങൾ നിറച്ചിരിക്കുന്നത് വലിയ ക്യാനുകളിലാണ്. പഞ്ചസാരയും, പുട്ടുപൊടിയും, ഗോതമ്പ് പൊടിയും, റവയും, അരിയുമൊക്കെ 'ലൂസ്' ആയി ക്യാനുകളിൽ സൂക്ഷിക്കുകയാണ്. ആവശ്യക്കാർക്ക് പാത്രങ്ങളിൽ നിറച്ച കൊണ്ടുപോകാം.

വിവിധ മാർഗ്ഗങ്ങളിലൂടെ നമ്മുടെ വീട്ടിലേക്കും പറമ്പിലേക്കും എത്തുന്ന പ്ലാസ്റ്റിക്ക് ഉൾപ്പടെയുള്ള അജൈവ മാലിന്യങ്ങളും ജൈവമാലിന്യങ്ങളും ഉയർത്തുന്ന പ്രശ്നങ്ങളും, അവയുടെ സംസ്കരണത്തിനാവശ്യമായ മനോഭാവമോ പദ്ധതികളോ ഇല്ലാത്തതും കേരളം അഭിമുഖീകരിക്കുന്ന സർവ്വതലസ്പർശിയായ പ്രശ്നമാണ്. ഇത് നമ്മുടെ കൃഷിയെയും, ആരോഗ്യത്തെയും, പരിസ്ഥിതിയെയും, ജൈവവൈവിധ്യത്തെയും, ഉർവ്വരതയെയും നമ്മുടെ സമ്പത്തിനെയും നശിപ്പിക്കുകയാണ്. ഈപ്രശ്നത്തിനു മുന്നിൽ പകച്ച നിൽക്കുകയല്ല വേണ്ടത്, ബദൽ പരിപാടികൾ ആവിഷ്കരിക്കുകയും നടപ്പാക്കുകയുമാണാവശ്യം എന്ന് തന്റെ "ഗ്രീൻ സ്റ്റോർ"ലൂടെ നമ്മോടു പറയുകയാണ് ബിറ്റു ജോൺ.

M. Tech (Industrial Engineering) നല്ല നിലയിൽ വിജയിച്ചവരും മറ്റുള്ള പലരും വരാനിഷ്ടമില്ലാത്ത മേഖലയിൽ ഇടപെടാനും, അതിനെ സാമൂഹ്യ മാറ്റത്തിനായുള്ള ഉപകരണമായും മാധ്യമമായും മാറ്റിയതിന്റെ കഥ കൂടിയാണ് ബിറ്റുവിന്റെ കഴിഞ്ഞ 2 വർഷത്തെ ജീവിതം.

40 വർഷത്തോളമായി കോലഞ്ചേരി നഗരഹൃദയഭാഗത്ത് പലചരക്ക് കട ബിറ്റുവിന്റെ കുടുംബത്തിന്റെതായിരുന്നു. ഈ

കടയെ കാലഘട്ടം അഭിമുഖീകരിക്കുന്ന വെല്ലുവിളികളുമായും പ്രശ്നങ്ങളുമായും ചേർത്തു പിടിക്കുകയാണ് ബിറ്റു ചെയ്തത്.

ഇവിടെ പ്ലാസ്റ്റിക്ക് കവറിൽ സാധനങ്ങൾ നിറച്ചു കൊടുക്കുന്നില്ല. കടയിലെ സാധനങ്ങൾ പോലും നിറച്ചിരിക്കുന്നത് വലിയ ക്യാനുകളിലാണ്. പഞ്ചസാരയും, പുട്ടുപൊടിയും, ഗോതമ്പ് പൊടിയും, റവയും, അരിയുമൊക്കെ "ലൂസ് " ആയി ക്യാനുകളിൽ ഇരിക്കുകയാണ്. ആവശ്യക്കാർക്ക് പാത്രങ്ങളിൽ നിറച്ചു കൊണ്ടുപോകാം.

കടയിലേക്കാവശ്യമായ സാധനങ്ങൾ സ്വയം തയ്യാറാക്കുകയാണ്. അരിപ്പൊടിയും, ഗോതമ്പ് പൊടിയും, മഞ്ഞൾപ്പൊടിയും, മുളകുപൊടിയും ഒക്കെ സ്വന്തം മില്ലിൽ പൊടിക്കുകയാണ്. കൊപ്ര ആട്ടിയ ശുദ്ധമായ വെളിച്ചെണ്ണയാണ് ഇവിടെ നിന്ന് ലഭിക്കുന്നത്. ഇതൊക്കെ സ്വാദോടെ കഴിക്കുമ്പോഴാണ് വ്യത്യാസം മനസ്സിലാകുന്നത്.

ഇതിലൂടെ പ്ലാസ്റ്റിക്ക് നിയന്ത്രിക്കപ്പെടുന്നു എന്നതു മാത്രമല്ല നല്ലതും മായമില്ലാത്തതും, പ്രിസർവേറ്റീവില്ലാത്തതുമായ ഭക്ഷണത്തിലൂടെ ആരോഗ്യത്തോടെ ജീവിക്കാനും നമുക്കു കഴിയുന്നു. നമ്മുടെ കേരളത്തിന്റെ പ്രധാന പ്രശ്നമായ ജീവിത ശൈലി രോഗങ്ങളെ നിയന്ത്രിക്കാനും അതുവഴി കുടുംബ ബഡ്ജറ്റിനെ മിച്ചമാക്കി മാറ്റാനും കഴിയുമെന്നും ബിറ്റു പറയുന്നു.

ഇതിലൂടെ കോലഞ്ചേരിയിൽ പുതിയ ജീവിതരീതി സൃഷ്ടിക്കാനും കഴിഞ്ഞു. ഡോക്ടർമാരും അധ്യാപകരും പാത്രങ്ങളുമായി കടയിൽ വരുന്നതും, സാധനങ്ങൾനിറച്ച് തിരിച്ച് വീട്ടിലേക്കു പോകുന്നതും സാധാരണ ജനങ്ങളിൽ മാറ്റങ്ങളുണ്ടാക്കി. അവരും ഇതു പിന്തുടരുകയാണ്. ഇതു വഴി കഴിഞ്ഞ രണ്ടു വർഷക്കാലം കൊണ്ട് പത്ത് ലക്ഷം പ്ലാസ്റ്റിക്ക് കവർ എങ്കിലും നാട്ടിലേക്കും വീട്ടിലേക്കും എത്താനുള്ള സാധ്യത ഇല്ലാതായത് ഒരു വലിയ കാര്യം തന്നെയെന്നതിൽ സംശയലേശമില്ല.

മറ്റുള്ളവർക്കെല്ലാം മാതൃകയായ ഈ കട ഇങ്ങനെ മാത്രം അല്ല സമൂഹത്തിന്റെ ശ്രദ്ധ ആകർഷിച്ചു കൊണ്ടിരിക്കുന്നത്. പാത്രത്തിൽ സാധനങ്ങൾ വാങ്ങുന്നവർക്ക് 2% ഡിസ്കൗണ്ട് കൊടുക്കുക, തുണി സഞ്ചി പ്രചരിപ്പിക്കുക, പ്രകൃതി സൗഹൃദ ഉൽപന്നങ്ങളായ മുള കൊണ്ടുള്ള സാധനങ്ങൾ നിർമ്മിക്കുകയും വിപണനം ചെയ്യുകയും ചെയ്യുക, കടലാസ് പെൻസിൽ തുടങ്ങിയ സാധനങ്ങൾ പ്രചരിപ്പിക്കുക തുടങ്ങിയവയും

ഇവിടെ നടപ്പാക്കപ്പെടുന്നുണ്ട്.

ഇത്തരം ആശയങ്ങൾ നടപ്പിലാക്കുമ്പോൾ ലഭിക്കുന്ന ആത്മസംതൃപ്തി വളരെ വലുതാണെന്നും, അത് മറ്റൊന്നിൽ നിന്നും ലഭിക്കില്ല എന്നും ബിറ്റുവിന് അഭിപ്രായമുണ്ട്. തന്റെ ഈ ആശയത്തെ കേരളത്തിലുടനീളം പ്രചരിപ്പിക്കുന്നതിനും ഇത്തരം സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ സഹായം

കടയിലേക്കാവശ്യമായ സാധനങ്ങൾ ഗ്രീൻ സ്റ്റോറിൽ ബിറ്റു സ്വയം തയ്യാറാക്കുകയാണ്. അരിപ്പൊടിയും, ഗോതമ്പ് പൊടിയും, മഞ്ഞൾപ്പൊടിയും, മുളകുപൊടിയും ഒക്കെ സ്വന്തം മില്ലിൽ പൊടിക്കുകയാണ്. കൊപ്ര ആട്ടിയ ശുദ്ധമായ വെളിച്ചെണ്ണയാണ് ഇവിടെ നിന്ന് ലഭിക്കുന്നത്. ഇതൊക്കെ സ്വാദോടെ കഴിക്കുമ്പോഴാണ് വ്യത്യാസം മനസ്സിലാകുന്നത്.

ചെയ്യുന്നതിനുമുള്ള ശ്രമത്തിലാണദ്ദേഹം. ഇതിന്റെ പ്രാരംഭച്ചെലവുകൾ സാധാരണക്കാർക്കും താങ്ങാനാകുംവിധം ആക്കുന്നതിനും അദ്ദേഹം ശ്രമിക്കുന്നു.

8 രാജ്യങ്ങളിലൂടെ സൈക്കിളിൽ ഒരു വർഷം കൊണ്ട് സഞ്ചരിച്ച് പ്രകൃതിസംരക്ഷണപ്രവർത്തനങ്ങൾക്ക് പുതിയ മാനം നൽകിയ അരുൺ തഥാഗത് ഈ പ്രകൃതി സൗഹൃദ കടയിലെ നിത്യ സന്ദർശകൻ കൂടിയാണ്. ബിറ്റുവിന്റെ മാതൃക കേരളത്തിലുടനീളം പകർത്തണമെന്ന ചിന്തയും അദ്ദേഹത്തിനുണ്ട്.

കേരളത്തിലുടനീളം ഇത്തരം പദ്ധതികൾ വ്യാപിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യവുമാണ്. കേരളം നേരിടുന്ന പരിസ്ഥിതി സംബന്ധമായ പല പ്രശ്നങ്ങൾക്കും ഇത് പരിഹാരമാകും. പക്ഷെ ഇത് പ്രയോഗത്തിൽ വരുത്തുന്നതിനാവശ്യമായ പ്രാരംഭ ചെലവുകൾ പലരെയും ഇതിൽ നിന്നു പിന്നോട്ട് വലിക്കുന്നുണ്ട്. കേരളത്തിലുടനീളം വേരുകളുള്ള സഹകരണ സംഘങ്ങൾക്ക് ഇതു തുടങ്ങുന്നതിനാവശ്യമായ സഹായം നൽകാനായി പദ്ധതികൾ ആവിഷ്കരിക്കാൻ കഴിയും. ഇത്തരം പദ്ധതികൾ നടപ്പിലാക്കാൻ താല്പര്യവും ശേഷിയുമുള്ള പുതുതലമുറക്ക് തൊഴിൽ ഉറപ്പാക്കാനും, കേരളത്തിന്റെ പരിസ്ഥിതിപ്രശ്നങ്ങൾക്ക് പരിഹാരമാകാനും ഇതിലൂടെ കഴിയും.

□

ലേഖകൻ എറണാകുളം മഹാരാജാസ് കോളേജ് അസിസ്റ്റന്റ് പ്രൊഫസറാണ്.

തൊഴിലുറപ്പ് പദ്ധതിയിലൂടെ ഫാർമർ ഫസ്റ്റ് പ്രോഗ്രാം

■ **അനിതകുമാരി പി.**
ജിതിൻ ഷാജു

ഭാരതീയ കാർഷിക ഗവേഷണ കൗൺസിലിന്റെ നവീനവും കർഷക സമൂഹത്തിനെ മുൻനിരയിൽ നിർത്തിയുള്ള പങ്കാളിത്ത ഗവേഷണ വിജ്ഞാന വ്യാപന പദ്ധതിയാണ് ഫാർമർ ഫസ്റ്റ് പ്രോഗ്രാം. നമ്മുടെ സംസ്ഥാനത്ത് ആലപ്പുഴ ജില്ലയിലെ പത്തിയൂർ പഞ്ചായത്തിലാണ് കായംകുളം കൃഷ്ണപുരത്തുള്ള ഭാരതീയ കാർഷിക ഗവേഷണ കൗൺസിൽ - കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം 2016 മുതൽ ഈ പദ്ധതി നടപ്പിലാക്കി വരുന്നത്.

തൊഴിൽ ഉറപ്പാകുമ്പോൾ വരുമാനം ഉറപ്പാകുന്നു, കൃഷിയുറപ്പാകുമ്പോൾ പോഷണവും ആരോഗ്യവും പാരിസ്ഥിതിക മൂല്യവും ഉണ്ടാകുന്നുണ്ട്. തൊഴിലും കൃഷിയും പരസ്പരാധിഷ്ഠിതമാണ്. ലോകത്തിനാകെ മാതൃകയായ സാമൂഹ്യ സുരക്ഷ പദ്ധതിയാണല്ലോ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (MGNREGS). ആഗസ്റ്റ് 25, 2005 നാണ് നിയമാനുസൃതമായി തൊഴിൽ അവകാശവും ഉറപ്പും നൽകുന്ന പദ്ധതി പ്രഖ്യാപിക്കപ്പെട്ടത്. തൊഴിലെടുക്കാൻ പ്രാപ്തിയുള്ള വർക്ക് ഒരു വർഷം 100 തൊഴിൽ ദിനങ്ങൾക്ക് അർഹതയുണ്ടായിരിക്കുമെന്ന് പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് അറിവുള്ളതാണല്ലോ. വ്യക്തമായ വീക്ഷണത്തോടെ പൊതുസമൂഹത്തിന് ഗുണകരമാകുന്ന തൊഴിലുകൾ ഗ്രാമസഭയുടെ ആഭിമുഖ്യത്തിൽ നിശ്ചയിച്ച് ഗ്രാമപഞ്ചായത്തുകളാണ് നടപ്പിലാക്കുന്നത്. കേരളത്തിലെ സാമൂഹ്യ സാമ്പത്തിക സാഹചര്യത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വനിതാശാക്തീകരണത്തിന് ചാലകശക്തിയാകുന്നുവെന്ന് പഠനങ്ങളും അനുഭവങ്ങളും കാണിക്കുന്നു. അതിനാൽ കാർഷിക സ്വയംപര്യാപ്തതയിലേക്കും ഭക്ഷ്യ സുരക്ഷയിലേക്കും നയിക്കുന്നതിന് തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ ശാസ്ത്രാധിഷ്ഠിതമായ കൃഷിയുമായി സംയോജിപ്പിക്കുന്നത് അനിവാര്യമാണ്. എന്തുകൊണ്ടെ

ന്നാൽ കൃഷിയിലെ ലാഭവും ഉത്പാദനക്ഷമതയും നിശ്ചയിക്കുന്ന പ്രധാന ഘടകമാണ് തൊഴിലാളികളുടെ ലഭ്യതയും അവരുടെ നൈപുണ്യവും.

എന്നാൽ ഉയർന്ന കൂലിനിരക്കും തൊഴിലാളികളുടെ ദൗർലഭ്യവും കേരളത്തിലെ സാമൂഹ്യവികസനത്തിന്റെ പ്രതിഫലനങ്ങളാണെന്ന് 2013 ൽ നടന്ന ഡോ. ഉലാത്തിയുടെയും സഹപ്രവർത്തകരുടെയും ഒരു പഠനത്തിൽ വിലയിരുത്തിയിട്ടുണ്ട്. കൃഷിഭൂമിയുടെ തുണ്ടുവത്കരണം നാമമാത്രകൃഷിയിടങ്ങളുടെ ബാഹുല്യതയിലേക്ക് നയിച്ചിട്ടുള്ളത് വ്യാപകമായ യന്ത്രവത്കരണത്തിന് അനുയോജ്യമായ സ്ഥിതിയല്ല കരകൃഷിയിൽ പ്രദാനം ചെയ്തത്. തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റവും കൂടുതൽ സ്ത്രീ പങ്കാളിത്തവും പ്രാതിനിധ്യവും വർദ്ധിച്ചിട്ടുള്ളത് കേരളത്തിലും തെലങ്കനായിലുമാണെന്ന് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. MGNREGS-ന്റെ ഭാവിപരിപാടികളിൽ പ്രായോഗിക നവീകരണത്തിന്റെ ആവശ്യകതയും പഠനങ്ങൾ ചൂണ്ടികാണിച്ചിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികൾക്ക് കൃഷിച്ചെലവ് കുറച്ച് ഉത്പാദനം വർദ്ധിപ്പിക്കാനുള്ള മികച്ച കാർഷിക പരിശീലനങ്ങളും അറിവ ധിഷ്ഠിത നൈപുണ്യ വികസന ഇടപെടലുകളും പിന്തുണയും കാർഷിക ഗവേഷണ സ്ഥാപനങ്ങളിൽ നിന്നും കാർഷികാനുബന്ധ ഏജൻസികളിൽ നിന്നും തുടർനടപടികളായി രൂപപ്പെടുത്തേണ്ടതും നിർവ്വഹിക്കേണ്ടതുമാണ്.

തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികൾക്ക് കൃഷിച്ചെലവ് കുറച്ച് ഉല്പാദനം വർദ്ധിപ്പിക്കാനുള്ള മികച്ച കാർഷിക പരിശീലനങ്ങളും അറിവധിഷ്ഠിത നൈപുണ്യ വികസന ഇടപെടലുകളും പിന്തുണയും കാർഷിക ഗവേഷണ സ്ഥാപനങ്ങളിൽ നിന്നും കാർഷികാനുബന്ധ ഏജൻസികളിൽ നിന്നും തുടർനടപടികളായി രൂപപ്പെടുത്തേണ്ടതും നിർവ്വഹിക്കേണ്ടതുമാണ്.

തൊഴിലുറപ്പും ഫാർമർ ഫസ്റ്റ് പദ്ധതിയും

കാർഷിക വികസനത്തിലും ഗവേഷണ പ്രവർത്തനങ്ങളുടെ പങ്കാളിത്തത്തിലും നയരൂപീകരണത്തിലും കർഷകന്റെ സ്ഥാനം ഒന്നാമതായിരിക്കണം എന്നത് നിസ്തർക്കമാണ്. പ്രായോഗിക തലത്തിൽ

പട്ടിക 1: സി. പി. സി. ആർ. ഐ. -ഫാർമർ ഫസ്റ്റ് പദ്ധതി തൊഴിലുറപ്പുമായി സംയോജിപ്പിച്ച് കൃഷി ചെയ്ത വിളകൾ					
ക്രമ നമ്പർ	വിള	ഇനങ്ങൾ	അനുയോജ്യ സമയം	കാലയളവ്	സാധ്യതാവിളവ് (ഒരേക്കറിന്)
1.	റാഗി	പയ്യൂർ1, പയ്യൂർ 2	ജൂൺ - ഒക്ടോബർ (വർഷ കാലം), ഡിസംബർ - മാർച്ച് (വേനൽക്കാലം)	3 മുതൽ 5 മാസം	400 മുതൽ 600 കി (മഴയെ ആശ്രയിച്ചുള്ള കൃഷി)
2.	എള്ള്	കായംകുളം 1, കായംകുളം 2, തിലക് തിലതാര, തിലറാണി, SVPR-1	ഓഗസ്റ്റ്- ഡിസംബർ (കരകൃഷി), ജനുവരി – ഏപ്രിൽ (വയൽകൃഷി)	കായംകുളം 1 (80 ദിവസം), തിലക് (84 ദിവസം), തിലതാര (78 ദിവസം), തിലറാണി (77 ദിവസം), SVPR-1(75 - 80 ദിവസം)	120 കി. (കായംകുളം 1) 256 കി. (തിലക്), 240 കി. (SVPR-1), 232 കി. (തിലറാണി), 228 കി. (തിലതാര)
3.	മഞ്ഞൾ	പ്രഗതി, പ്രതിഭ	ഏപ്രിൽ - മെയ്	7 മുതൽ 9 മാസം	6000 കിലോ
4.	ഇഞ്ചി	മഹിമ	ഏപ്രിൽ - മെയ്	8 മുതൽ 10 മാസം	5000 കിലോ
5.	തീറ്റപ്പുല്ല്	CO3, CO5	മെയ് - ജൂൺ	2 മുതൽ 3 മാസം	20 മുതൽ 25 ടൺ
6.	തീറ്റചോളം	ആഫ്രിക്കൻ ടാൾ	മെയ് - ജൂൺ	60 മുതൽ 75 ദിവസം	14 ടൺ
7.	മുതിര	പയ്യൂർ	ഓഗസ്റ്റ്- നവംബർ	3 മുതൽ 4 മാസം	280 മുതൽ 360 കിലോ
8.	കാച്ചിൽ	ശ്രീകീർത്തി	ഏപ്രിൽ - മെയ്	8 മുതൽ 9 മാസം	4 മുതൽ 5 ടൺ
9.	ചേമ്പ്	KLS3	മെയ് - ജൂൺ	5 മുതൽ 6 മാസം	2 മുതൽ 2.5 ടൺ
10.	ചേന	ഗജേന്ദ്ര	ഫെബ്രുവരി – മാർച്ച്	8 മുതൽ 9 മാസം	11 മുതൽ 14 ടൺ

അത് കൈവരിക്കാൻ കാതങ്ങളുടെ വിടവ് നികത്തേണ്ടതുണ്ട്. ഭാരതീയ കാർഷിക ഗവേഷണ കൗൺസിലിന്റെ (ICAR) നവീനവും കർഷക സമൂഹത്തിനെ മുൻനിരയിൽ നിർത്തിയുള്ള പങ്കാളിത്ത ഗവേഷണ വിജ്ഞാന വ്യാപന പദ്ധതിയാണ് "ഫാർമർ ഫസ്റ്റ് പ്രോഗ്രാം (Farmer FIRST Programme - FFP)". നമ്മുടെ സംസ്ഥാനത്ത് ആലപ്പുഴ ജില്ലയിലെ പത്തിയൂർ പഞ്ചായത്തിലാണ് കായംകുളം കൃഷ്ണപുരത്തുള്ള ഭാരതീയ കാർഷിക ഗവേഷണ കൗൺസിൽ - കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം (ICAR - CPCRI) 2016 മുതൽ ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. ഗവേഷണത്തിലൂടെ ഉരുത്തിരിയുന്ന കാർഷിക സാങ്കേതിക ശുപാർശകൾ പൊതുവായി നിർദ്ദേശിക്കപ്പെടുന്നവയാണല്ലോ! അവ കർഷകരുടെ വിഭവനില, നവീകരിക്കാനുള്ള അനുഭവ സമ്പത്ത്, കൃഷിയിടത്തിന്റെ അവസ്ഥകൾ, സാംസ്കാരികമായ അഭിരുചികളും, പ്രാദേശികമായ പ്രശ്നങ്ങളുടെ പരിഹാരമാർഗ്ഗങ്ങളും: ആധുനിക ശാസ്ത്ര സാങ്കേതികതയുമായി സംയോജിപ്പിക്കുകയും നവീകരിക്കുകയും മാറ്റങ്ങൾ വരുത്തുകയും ചെയ്താൽ മാത്രമേ പ്രായോഗികതലത്തിൽ അനുവർത്തിക്കപ്പെടാൻ സാധിക്കുകയുള്ളൂ. സാമൂഹ്യ സുരക്ഷ പദ്ധതികൾ ശാസ്ത്രാധിഷ്ഠിത പിൻബലത്തോടെ നടപ്പാക്കുമ്പോൾ അവയുടെ ലക്ഷ്യവും ശൈലിയും ഫലങ്ങളും കൂടുതൽ സാർത്ഥകമാകുന്നതായി സി. പി. സി. ആർ. ഐ. യുടെ ഫാർമർ ഫസ്റ്റ് പ്രോഗ്രാ മും, പത്തിയൂർ പഞ്ചായത്തിലെ MGNREGS-മായി നടപ്പിലാക്കിയ സംയോജിത പ്രവർത്തനങ്ങളും സാക്ഷ്യപ്പെടുത്തുന്നത്.

അനുഭവപാഠങ്ങൾ നൽകുന്ന സന്ദേശങ്ങൾ

- ഉത്പാദനമേഖലയുമായി നേരിട്ട് ഇടപെടുന്ന പ്രവർത്തനങ്ങൾ തൊഴി

ലുറപ്പ് പദ്ധതിയിൽ കുറവാണെന്നാണ് വിശകലനത്തിൽ കണ്ടെത്തിയത്. എന്നാൽ, ജലസംരക്ഷണ പ്രവർത്തനങ്ങൾ, റോഡ്/പാതയുണ്ടാക്കൽ, പാടശേഖരം/തോടുകൾ വൃത്തിയാക്കൽ തുടങ്ങിയവ കാർഷികമേഖലയ്ക്ക് പരോക്ഷമായി പ്രയോജനകരവും തൊഴിൽദായകവുമാണ്.

- കാർഷിക പ്രവർത്തനങ്ങൾ വ്യക്തികളുടെ പുരയിടങ്ങളിൽ ചെയ്താൽ ഗുണഫലം ഉടമയ്ക്ക് മാത്രം കിട്ടുന്ന രീതിയിലാകുമെന്ന പരിമിതിയുണ്ട്. അതിനാൽ കാർഷിക മേഖലയിൽ ചെയ്യുന്ന സംയോജിത പ്രവർത്തനങ്ങളിൽ അനുയോജ്യമായ മാറ്റങ്ങൾ വരുത്തുകയുണ്ടായി. വിവിധ കർഷകരുടെ കൃഷിയിടങ്ങളുടെ പരസ്പരധാരണയോടെയുള്ള ഏകീകരണമായിരുന്ന (Land Consolidation) അതിൽ പ്രധാനം. തരിശായി കിടന്നിരുന്ന പാടങ്ങൾ, തെങ്ങിൻ പുരയിടങ്ങളിലെ ഇടസ്ഥലങ്ങൾ എന്നിവ അവരുടെ പൂർണ്ണസമ്മതത്തോടെയും അതാത് വാർഡുകളിലെ ജനപ്രതിനിധികൾ, കർഷകസമൂഹം എന്നിവരുടെ നേതൃത്വത്തിലുമാണ് ഏകീകരണം ചെയ്തത്.
- കൃഷിയിട സന്ദർശനത്തിന്റെയും മണ്ണ് പരിശോധനയുടെയും അടിസ്ഥാനത്തിൽ കുറഞ്ഞത് തുടർച്ചയായ ഒരേക്കർ സ്ഥലത്ത് അനുയോജ്യമായ വിവിധ വിളയിനങ്ങളുടെ കാർഷികവും അനുബന്ധവുമായ പ്രവർത്തനങ്ങൾ നടപ്പിലാക്കി. കൃഷിയിടങ്ങളുടെ തുണ്ടുവത്കരണത്തിന്റെയും അനാദായകരവും അശാസ്ത്രീയവുമായ കൃഷിയുടെയും പരിമിതികൾ ഇത്തരം സാമൂഹ്യ ഇടപെടലുകളിലൂടെയും തൊഴിലുറപ്പ് പദ്ധതിയുമായുള്ള സംയോജനം വഴിയും മറികടക്കാനായത് നേട്ടമായി. ഒരേക്കർ മുതൽ അഞ്ചേക്കർ വരെ തുടർച്ചയായുള്ള വിസ്തൃതിയിൽ കൃഷിയിടങ്ങൾ ഏകീകരിച്ച് വിളകൾ തെങ്ങിൻപുരയിടങ്ങളിലെ തരിശ് സ്ഥലങ്ങളിൽ കൃഷിയിറക്കാനായിട്ടുണ്ട്. MGNREGS - മായുള്ള സംയോജിത പ്രവർത്തനങ്ങളുടെ ഫലങ്ങൾ മാതൃകയും അനുഭവസാക്ഷ്യങ്ങളുമായി മാറിയിട്ടുമുണ്ട്.
- 600 ലധികം ഏക്കർ തരിശ് സ്ഥലങ്ങളിൽ മൂന്ന് വർഷത്തെ ഫാർമർ ഫസ്റ്റ് - മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി സംയോജന പ്രവർത്തനങ്ങളിലൂടെ കൃഷിയിറക്കാനായിട്ടുണ്ട്.
- കേരളത്തിൽ മികച്ച സാധ്യതകളുള്ള പുതിയ ഇടവിളകൾ ആദ്യമായി കർഷക പങ്കാളിത്ത പരീക്ഷണങ്ങളിലൂടെ വിലയിരുത്തുകയും പ്രചരിപ്പിക്കുകയും ചെയ്തു. കൂവരക് (പഞ്ഞപ്പുല്ല്), തീറ്റപ്പുല്ല്, ചോളം, കാലിത്തീറ്റ ചോളം, എള്ള്, സൂര്യകാന്തി, കിഴങ്ങുവർഗ്ഗവിളകൾ, മഞ്ഞൾ, ഇഞ്ചി എന്നിവയുടെ വിജയ സാധ്യതയും പ്രാദേശിക അനുയോജ്യതയും 19 വാർഡുകളിലും തെളിയിക്കപ്പെട്ടു. ഇത്തരം സാമൂഹ്യപരീക്ഷണങ്ങളിലൂടെ അത് പൊതു അഭിപ്രായവും വിലയിരുത്തലും രൂപപ്പെടുകയുമുണ്ടായത് ഇവയുടെ സ്വീകാര്യത വർദ്ധിപ്പിച്ചു.
- ഭാരതത്തിലെ വിവിധ ഗവേഷണ സ്ഥാപനങ്ങളിൽ നിന്നും പുറത്തിറക്കിയ വിളയിനങ്ങളാണ് സി. പി. സി. ആർ. ഐ. ഫാർമർ ഫസ്റ്റ് പദ്ധതി വഴി ശാസ്ത്രജ്ഞരുടെ മേൽനോട്ടത്തിലും നേതൃത്വത്തിലും കൃഷി ചെയ്യിക്കുകയും പ്രാദേശികമായി അവയുടെ അനുയോജ്യത പങ്കാളിത്ത വിശകലനത്തിലൂടെ ഉറപ്പാക്കുകയും ചെയ്തത്. പൊതുസമൂഹത്തിന്റെ ക്രിയാത്മകമായ വിലയിരുത്തലിനും അഭിപ്രായ രൂപീകരണത്തിനും കൂടി ഇത്തരം ഇടപെടലുകൾ പ്രേരകമായിട്ടുണ്ട്.
- പട്ടികയിലുള്ള വിവിധ വിളകളുടെ ഉൽപ്പാദനശേഷി കൂടിയ ഇനങ്ങൾ (ഇന്ത്യയിലെ വിവിധ ഗവേഷണ കേന്ദ്രങ്ങൾ വികസിപ്പിച്ചെടുത്തവ) പഞ്ചായത്തിലെ 19 - വാർഡുകളിലും വ്യാപിപ്പിക്കാൻ കേവലം 2 വർഷങ്ങൾ കൊണ്ട് സാധ്യമായത് നവീകരിച്ച വിജ്ഞാന വ്യാപന മാതൃക നടപ്പാക്കിയതിലൂടെയാണ്. തൊഴിലുറപ്പ് പദ്ധതിയിലെ പങ്കാളികൾക്ക് ശാസ്ത്രീയമായ സാങ്കേതികവിദ്യകൾ സമൂഹത്തിലെത്തിക്കാനുള്ള വിജ്ഞാനവ്യാപനയത്നങ്ങളിൽ സാർത്ഥകമായ പങ്ക് വഹിക്കാൻ

പട്ടിക 2: സി. പി. സി. ആർ. ഐ. -ഫാർമ്മർ ഫസ്റ്റ് പദ്ധതിയുടെ ഭാഗമായി തൊഴിലുറപ്പ് തൊഴിലാളികൾക്ക് നൽകിയ പരിശീലന പരിപാടികൾ

ക്രമനമ്പർ	വിഷയം	എണ്ണം	ആകെ പങ്കെടുത്തവർ
1.	എള്ള് കൃഷി പരിശീലനം	6	62
2.	പഞ്ഞപ്പുല്ല്/ റാഗി പരിശീലനം	3	40
4	മഞ്ഞൾ കൃഷി പരിശീലനം	4	32
3.	ശാസ്ത്രീയ ചോള കൃഷി പരിശീലനം	3	37
5.	ശാസ്ത്രീയ ചേന, ചേമ്പ്, കാച്ചിൽ കൃഷി പരിശീലനം	4	32
6.	ഇഞ്ചി കൃഷി പരിശീലനം	1	38
7.	ശാസ്ത്രീയ പച്ചക്കറി കൃഷി പരിശീലനം	3	58
8.	ശാസ്ത്രീയ മുതിരകൃഷി പരിശീലനം	1	43
9.	സൂര്യകാന്തി കൃഷി പരിശീലനം	1	28
10.	ജൈവ കൃഷി പരിശീലനം	6	44
11.	മുല്ലപ്പൂ കൃഷിയിലെ ശാസ്ത്രീയ രീതികൾ	1	24
12.	ക്ലൗൺ കൃഷി പരിശീലനം	1	33
13.	തീറ്റപ്പുല്ല് / തീറ്റചോളം ശാസ്ത്രീയ കൃഷി പരിശീലനം	5	74
14.	ശാസ്ത്രീയ നിമാവിര നിയന്ത്രണ പരിശീലന പരിപാടി	1	28
15.	കാർഷിക അവശിഷ്ട സംസ്കരണം	4	20
16.	ശ്രേചിത്വ കൃഷി ബോധവത്കരണവും കാർഷിക പ്രവർത്തന അവലോകനവും	19	708
	TOTAL	63	1297

കഴിയുമെന്നതിന്റെ ഉദാഹരണം കൂടിയാണ് CPCRI - ഫാർമർ ഫസ്റ്റ് പ്രോഗ്രാം - MGNREGS സംയോജിത മാതൃക.

- ഓരോ വിളയും കൃഷിയിറക്കുന്നതിന് മുൻപ് ശാസ്ത്രജ്ഞരുടെ നേതൃത്വത്തിൽ അതാത് കൃഷിയിടങ്ങളിലോ, സമീപത്തോ വച്ച് തന്നെ പരിശീലന പരിപാടികൾ നടത്തുകയും, പിന്നീട് ആഴ്ചയിലൊരിക്കലെങ്കിലും കൃഷിയിട സന്ദർശനം നടത്തി കാർഷിക പ്രശ്നങ്ങൾ മനസ്സിലാക്കി പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും, CPCRI - ഫാർമർ ഫസ്റ്റ് പ്രോഗ്രാമിലൂടെ അതിനുള്ള സഹായ സഹകരണങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. കൃഷിയിടങ്ങളിലെ ഏതു പ്രശ്നങ്ങളും നേരിട്ടോ, ഫോൺ മുഖേനയോ, വാട്സ്ആപ്പ് ഗ്രൂപ്പ് വഴിയോ താമസംവിനാ പരിഹരിക്കാൻ സാധിച്ചിട്ടുണ്ട്. ഇത്തരം സാമൂഹിക പരീക്ഷണങ്ങൾ തൊഴിലുറപ്പ് പദ്ധതിയിലെ വനിത തൊഴിലാളികളുടെ പ്രായോഗിക ജ്ഞാനവും, നൈപുണ്യവും ഗണ്യമായി വർദ്ധിപ്പിച്ചതായി പഠനത്തിൽ കണ്ടെത്തിയിട്ടുണ്ട്.

തൊഴിലുറപ്പിലെ കൃഷിശാസ്ത്രം - തരിശുരഹിത വികസനത്തിന്

സാമൂഹ്യ പങ്കാളിത്ത ഗവേഷണ പദ്ധതിയാണ് CPCRI-യുടെ "Farmer FIRST Programme" (FFP). പദ്ധതിയുടെ പൂർണ്ണമായ സാമ്പത്തിക സഹായം ഭാരതീയ കാർഷിക ഗവേഷണ കൗൺസിലിൽ (ICAR) നിന്നാണ്. സർവ്വതല സ്പർശിയായ ഫാർമർ ഫസ്റ്റ് പദ്ധതിയുടെ ഇടപെടലുകൾ പത്തിയൂർ പഞ്ചായത്തിലെ 19 - വാർഡുകളിലും നടപ്പിലാക്കി വരുന്നുണ്ട്. വിള, ഉദ്യാനവിളകൾ (ഹോർട്ടികൾച്ചർ), മൃഗസംരക്ഷണം, പ്രകൃതിവിഭവ പരിപാലനം, മൂല്യവർദ്ധനവും സംരംഭകത്വവും, സംയോജിത കൃഷി സമ്പ്രദായങ്ങൾ എന്നിങ്ങനെ ആറു ഘടകങ്ങളിലായാണ് പ്രവർത്തന പങ്കാളിത്ത ഗവേഷണങ്ങൾ രൂപപ്പെടുത്തിയിട്ടുള്ളത്. ഇതിൽ പ്രധാനമായും വിള, ഉദ്യാന വിള ഘടകങ്ങളിലാണ് സംയോജന പ്രവർത്തനങ്ങൾ നടപ്പാക്കിയത്. പഞ്ചായത്ത് തരിശുരഹിതമാകുന്നതിൽ ശാസ്ത്രീയതയിലൂന്നിയ സംയോജന പ്രക്രിയയിലൂടെ സാധിച്ചത് അഭിമാനകരം തന്നെയാണ്.

- തെങ്ങിൻ പുരയിടങ്ങളിൽ ഇടവിളകൃഷിയില്ലാതെ തരിശായി കിടക്കുന്നത് തെങ്ങുകളുടെ ആരോഗ്യം, വിളവ്, കീടരോഗബാധ, മണ്ണിന്റെ ഫലമേന്മ, പാരിസ്ഥിതിക സ്ഥിതി, പ്രാദേശിക ഇക്കോളജി എന്നിവയേയും പ്രതികൂലമായി ബാധിക്കുന്നതാണ്. ശരിയായ കൃഷി രീതികളിൽ വിജയം വരിക്കാൻ ചെറുകിട നാമമാത്ര കൃഷിയിടങ്ങളിൽ ഇത്തരം ഘടകങ്ങളുടെ പ്രാധാന്യം ഏറെയാണ്. ഫാർമർ ഫസ്റ്റ് പദ്ധതിയിലൂടെ സാമൂഹ്യ ഇടപെടലുകൾ നടത്തി കൃഷിയിടങ്ങൾ സംയോജിപ്പിച്ച് ചെറുകൃഷിയിൽ നിന്നും കൂട്ടുകൃഷിയിലേക്ക് തൊഴിലുറപ്പ് ഫലപരമായി മാറ്റാൻ സാധിച്ചു.
- മെച്ചപ്പെട്ട വിളയിനങ്ങൾ വ്യാപകമാക്കാനും മികച്ച വിളവ് സ്വന്തമാക്കാനും തൊഴിലുറപ്പ് സംയോജനത്തിലൂടെ കഴിഞ്ഞു. കർഷക സമൂഹത്തിനും ഇത്തരം ഇടപെടലിലൂടെ മികച്ച വിളയിനങ്ങൾ വ്യാപകമായി കൃഷി ചെയ്യാൻ അവസരം ലഭിച്ചത് മാതൃകാപരമാണ്.
- തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിൽ ദിനങ്ങൾ മുൻവർഷങ്ങളെ അപേക്ഷിച്ച് വർദ്ധിപ്പിക്കാനും തൊഴിൽ വരുമാനം ഗണ്യമായി കൂടാനും CPCRI - ഫാർമർ ഫസ്റ്റ് പ്രോഗ്രാം - MGNREGS സംയോജനത്തിലൂടെ കഴിഞ്ഞു. തൊഴിലാളികളുടെ ഭവനങ്ങളിലെ ഭക്ഷ്യസുരക്ഷയ്ക്കും ഭക്ഷണവൈവിധ്യത്തിനും നിദാനമായതു കൂടാതെ ഫലമേന്മയുള്ള കാർഷിക ഉത്പന്നങ്ങൾ പഞ്ചായത്തിലെയും സമീപത്തേയും ഉപഭോക്താക്കൾക്ക് വിശ്വാസ്യതയോടെ എത്തിക്കാനുമായത് ഇത്തരം ശാസ്ത്രാധിഷ്ഠിത സംയോജന ഇടപെടലുകളുടെ മാറ്റം മാറ്റവും തെളിയിക്കുന്നു.
- തൊഴിലുറപ്പിലെ തൊഴിൽ സാമൂഹ്യനന്മയ്ക്കുതകുന്നതിന് കൂടി മാതൃകയാണിത്. ചെറുപുരയിടങ്ങളിലെ കൃഷി ആദായകരമാകുന്നതിനും കർഷകസമൂഹത്തിന് ആധുനിക സാങ്കേതികസംവിധാനങ്ങൾ എത്തിയ്ക്കുന്നതിനും സ്വന്തമായി കൃഷിയിടമില്ലാത്ത 500-ലേറെ വരുന്ന വനിതകൾക്ക് കാർഷിക സംഭാവന ചെയ്യാൻ ആത്മാഭിമാനത്തോടെ കഴിഞ്ഞതും നേട്ടങ്ങൾ തന്നെയാണ്.

> തരിശു കൃഷിയിടങ്ങളുടെ ഏകീകരണത്തിന്റെ പ്രായോഗിക മാതൃകയുടെ ഫലങ്ങൾ തികച്ചും പ്രോത്സാഹനജനകമാണ്. ഫാർമർ ഫസ്റ്റ് പദ്ധതിയുടെ നടത്തിപ്പിന് മുൻപ് 86 ശതമാനം തൊഴിലാളികളും പരിശീലന പരിപാടികളിലൊന്നും തന്നെ പങ്കെടുത്തിരുന്നില്ല. എന്നാൽ ഫാർമർ ഫസ്റ്റ് പദ്ധതിയിലൂടെ എല്ലാവർക്കും ഒന്നോ അതിലധികമോ പരിശീലനങ്ങളിൽ പങ്കെടുക്കാൻ കഴിഞ്ഞതായി പഠനം വ്യക്തമാക്കുന്നു.

കേന്ദ്ര തോട്ടവിള ഗവേഷണസ്ഥാപനം - ഫാർമർ ഫസ്റ്റ് പ്രോഗ്രാം പഠന വിവരങ്ങൾ

പത്തിയൂർ പഞ്ചായത്തിൽ (ഫാർമർ ഫസ്റ്റ് പ്രോഗ്രാം) സി പി സി ആർ ഐ നടത്തിയ സാമ്പിൾ സർവ്വെയിൽ വനിത തൊഴിലാളികളിൽ 65 ശതമാനത്തോളം 35 - നും 55 നും വയസ്സിനിടയിൽ പ്രായമുള്ളവരാണ്. വെറും 7 ശതമാനം മാത്രമാണ് യുവജനങ്ങളുണ്ടായിരുന്നത് (35 വയസ്സിൽ താഴെ പ്രായം). ശ്രദ്ധേയമായ വിവരം കൃഷിയിടങ്ങളെക്കുറിച്ചുള്ളതാണ്, 89 ശതമാനത്തോളം വനിതാ തൊഴിലാളികളും 20 സെന്റിൽ താഴെമാത്രം വസ്തു ഉള്ളവരാണെന്ന കണക്കാണ്. അതിൽ തന്നെ 69.42 ശതമാനത്തിനും 10 സെന്റിൽ താഴെ മാത്രം ഭൂമിയുള്ളവരാണെന്ന് സർവ്വേയിൽ കണ്ടെത്തി. എന്നാൽ 98.2 ശതമാനം പേർക്കും വിദ്യാഭ്യാസം സിദ്ധിച്ചവരാണെന്നത് പരിശീലന പരിപാടികളിലെ സാങ്കേതികവിദ്യകളുടെ അനുവർത്തനം എളുപ്പമാക്കി.

തരിശു കൃഷിയിടങ്ങളുടെ ഏകീകരണത്തിന്റെ പ്രായോഗിക മാതൃകയുടെ ഫലങ്ങൾ തികച്ചും പ്രോത്സാഹനജനകമാണ്. ഫാർമർ ഫസ്റ്റ് പദ്ധതിയുടെ നടത്തിപ്പിന് മുൻപ് 86 ശതമാനം തൊഴിലാളികളും പരിശീലന പരിപാടികളിലൊന്നും തന്നെ പങ്കെടുത്തിരുന്നില്ല. എന്നാൽ ഫാർമർ ഫസ്റ്റ് പദ്ധതിയിലൂടെ എല്ലാവർക്കും ഒന്നോ അതിലധികമോ പരി

ശീലനങ്ങളിൽ പങ്കെടുക്കാൻ കഴിഞ്ഞതായി പഠനം വ്യക്തമാക്കുന്നു. തൊഴിലുറപ്പ് ദിനങ്ങൾ വർദ്ധിപ്പിച്ചതിലൂടെയും കൃഷിയിലെ വിളവ് വിപണനം ചെയ്തതിലൂടെയും അധിക വരുമാനം കണ്ടെത്തിയതുകൂടാതെ സമ്പാദിക്കാനും കടങ്ങൾ വീട്ടാനും സാധിച്ചതായി തൊഴിലാളികൾ രേഖപ്പെടുത്തിയത് സാർത്ഥകമാണ്. 66.16 ശതമാനം പേർക്ക് 500 മുതൽ 1000 രൂപയുടെ വരെ മാസവരുമാന വർദ്ധനവ് നേടാനായപ്പോൾ 4.16 ശതമാനം പേർക്ക് 2000 - 2500 രൂപ മാസവരുമാന വർദ്ധനവ് നേടാനായി, 29.16 ശതമാനം പേർക്ക് 1000 - 2000 രൂപ വരെ മാസവരുമാനത്തിൽ വർദ്ധനവ് ഉണ്ടായി. മാസ സമ്പാദ്യത്തിലുണ്ടായ വർദ്ധനവ് നേരെ തിരിച്ചാണ്, 86.11 ശതമാനം തൊഴിലാളികൾക്ക് 500 -1000 രൂപ വരെയാണത്. കൃഷിയിൽ സാങ്കേതിക വിദ്യകളുടെ അനുവർത്തനവും തൊഴിൽ വർദ്ധിച്ചതും ചൂണ്ടിക്കാണിക്കേണ്ടത് തന്നെയാണ്. രണ്ടോ അതിലധികമോ കാർഷിക സാങ്കേതിക വിദ്യകൾ ഫാർമർ ഫസ്റ്റ് പദ്ധതിക്ക് ശേഷം അനുവർത്തിച്ചത് നൈപുണ്യ വികസനത്തോടൊപ്പം തന്നെയാണ്. വിളകളുടെ ഉൽപ്പാദനക്ഷമത മുമ്പത്തേക്കാളും വർദ്ധിച്ചതായി 94 .44 ശതമാനം തൊഴിലാളികളും തീർപ്പോടെ അറിയിച്ചു.

പത്തിയൂർ പഞ്ചായത്തിലെ 19 വാർഡുകളിലെയും ജനപ്രതിനിധികൾ, കർഷകർ, പൊതുസമൂഹം, പഞ്ചായത്തിലെ തൊഴിലുറപ്പ് വിഭാഗത്തിലെ ജീവനക്കാരായ കലാറാണി, സിന്ധു, സജിത, സബിത എന്നിവരുടെ ആത്മാർത്ഥവും പ്രസക്തവും ഊർജ്ജസ്വലവും ആയ പ്രവർത്തനങ്ങളും ഇടപെടലുകളും വിജയ ഘടകങ്ങളായി എടുത്തുപറയേണ്ടതാണ് .

തൊഴിലുറപ്പ് പദ്ധതിയുടെ സാദ്ധ്യതകൾ തൊഴിലധിഷ്ഠിത വരുമാനം മാത്രമല്ല, കുടുംബങ്ങളുടെ സാമ്പത്തിക ഭദ്രതയിലേക്കും പഞ്ചായത്തിന്റെ കാർഷിക വികസനത്തിനും കർഷക/തൊഴിലാളി കുടുംബങ്ങളിലെ ഭക്ഷ്യ/ഭക്ഷണ സുരക്ഷയിലേക്കും നീളുന്നതാണെന്ന് CPCRI യുടെ ഫാർമർ ഫസ്റ്റ് പ്രോഗ്രാം - MGNREGS പരീക്ഷണം തെളിയിക്കുന്നു. കാർഷിക ശാസ്ത്ര ഗവേഷണ സ്ഥാപനങ്ങൾ പങ്കാളിത്തവും നേതൃത്വവും നൽകുമ്പോൾ തൊഴിലാളികളുടെ കാര്യക്ഷമതയും ശാസ്ത്ര അവബോധവും കൂട്ടുന്നത് നിലനിൽക്കുന്ന വികസന മുന്നേറ്റങ്ങൾക്ക് വഴിയൊരുക്കും. കേരളത്തിന്റെ കാർഷിക രംഗത്തു മാറ്റങ്ങൾ ഉണ്ടാക്കാനുള്ള ഒരു എളിയ മാതൃകയുടെ അനുഭവങ്ങൾ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും പൊതു സമൂഹവും കൈകോർത്തുപോകേണ്ടതാണെന്ന വലിയ സന്ദേശമാണ് നൽകുന്നത്. □

ലേഖകർ, അനിതകുമാരി പി.
സി. പി. സി. ആർ. ഐയിൽ പ്രിൻസിപ്പൽ സയന്റിസ്റ്റും ജിതിൻ ഷാജു സീനിയർ റിസർച്ച് ഫെല്ലോയുമാണ്

തെരുവിടങ്ങളിൽ വെളിച്ചമായി നിലാവ് പദ്ധതി

കേരളത്തിലെ തെരുവുകൾ പ്രകാശിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഊർജ്ജ ഉപഭോഗവും പാരിസ്ഥിതിക ആഘാതവും കുറച്ചുകൊണ്ടും ഊർജ്ജ ലാഭം നേടികൊണ്ടും കേരളത്തിലുടനീളമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പരമ്പരാഗത തെരുവിളക്കുകൾക്ക് പകരമായി എൽ.ഇ.ഡി. കൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയാണ് 'നിലാവ്'. ആദ്യഘട്ടത്തിൽ 665 ഗ്രാമപഞ്ചായത്തുകളിലും 46 മുനിസിപ്പാലിറ്റികളിലും നടപ്പിലാക്കുന്ന പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 2021 ഫെബ്രുവരി 22 ന് മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനായി നിർവഹിച്ചു.

നഗര-ഗ്രാമപ്രദേശങ്ങളിൽ നിലവിൽ ഉപയോഗത്തിലുള്ള തെരുവുവിളക്കുകൾ ഏതെല്ലാം തരത്തിലുള്ളവയാണ് എന്നും വൈദ്യുതി ഉപഭോഗം എത്രയാണെന്നും കണ്ടെത്തുന്നതിനായി തിരഞ്ഞെടുത്ത 20 തദ്ദേശസ്ഥാപനങ്ങളിൽ കെ.എസ്.ഇ.ബി.എൽ.ഉം തദ്ദേശസ്ഥാപനങ്ങളുമായി യോജിച്ച് ഒരു പഠനം നടത്തുകയുണ്ടായി. ഈ പഠനത്തിൽ സംസ്ഥാനത്ത് ഏകദേശം 16.24 ലക്ഷം ഇലക്ട്രിക് ബൾബുകളാണ് തെരുവ് വിളക്കുകളായി ഉള്ളതെന്നും അവയിൽ 65% അതായത് 10.5 ലക്ഷം പരമ്പരാഗത ലൈറ്റുകൾ ആണെന്നും കണ്ടെത്തി. ഈ പഠനത്തിന്റെ അടിസ്ഥാനത്തിൽ നിലാവ് പദ്ധതി പുന:ക്രമീകരിച്ചുകൊണ്ട് നടപ്പിലാക്കാൻ തീരുമാനിച്ചു.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട് മുൻകൂട്ടി നിക്ഷേപം കൂടാതെ കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടു കൂടിയാണ് പദ്ധതി നടപ്പാക്കുക. ഈ പദ്ധതിയുടെ Special Purpose Vehicle (SPV) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് (കെ.എസ്.ഇ.ബി.എൽ.) ആയിരിക്കും എൽ.ഇ.ഡി.കളുടെ വാങ്ങലും ഇൻസ്റ്റലേഷനും കെ.എ.സ്.ഇ.ബി.എൽ-ന്റെ ആഭിമുഖ്യത്തിൽ ആയിരിക്കും നടപ്പാക്കുക. പദ്ധതി പ്രകാരം സ്ഥാപിക്കുന്ന എൽ.ഇ.ഡി.കളുടെ വാറന്റി കാലാവധി ഏഴു വർഷമായിരിക്കും. എനർജി എഫിഷ്യൻസി സർവീസസ് ലിമിറ്റഡ് (EESL)ആയിരിക്കും നിലാവ് പദ്ധതിയുടെ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ്(PMU).

പദ്ധതിയുടെ ക്യാപിറ്റൽ കോസ്റ്റ് കിഫ്ബി ആയിരിക്കും വഹിക്കുക.ആകെ പ്രോജക്ട് ചെലവ് കണക്കാക്കിയിട്ടുള്ളത് 28,982.91 ലക്ഷം രൂപയാണ്. എൽ.ഇ.ഡി. വിളക്കുകളുടെ വിതരണം പൂർത്തീകരിക്കുന്നതോടുകൂടി മൊത്തം ചെലവിന്റെ 80% പെയ്മെൻറ് ആയി EESL ന് നൽകും. എൽ.ഇ.ഡി. വിളക്കുകളുടെയും Fixtures (IDC) ഉൾപ്പെടെയുള്ള അനുബന്ധ സാമഗ്രികളുടെ മൊത്തം വിലയുടെ 2% പി.എം.സി. ചാർജ്ജായി EESLന് നൽകേണ്ടതാണ്. ബൾബുകളുടെയും അനുബന്ധ സാമഗ്രികളുടെയും സ്വീകാര്യത പരിശോധിച്ച് (Physical Verification) വിതരണം പൂർത്തീകരിച്ചതായി കെ.എസ്.ഇ.ബി.എൽ. ഉറപ്പാക്കിയ ശേഷമായിരിക്കും ബൾബുകളുടെ വിലയുടെ 80% തുകയും അനുബന്ധ സാമഗ്രികളുടെ(IDC) വിലയുടെ 100% തുകയും EESLന് നൽകുക. ബൾബുകളുടെ വിലയിൽ ബാക്കി നൽകുവാനുള്ള 20% തുക 7 വർഷം കൊണ്ട് പലിശയില്ലാതെ വാർഷിക തിരിച്ചടവായി കിഫ്ബി നൽകും. ഈ തുക പദ്ധതിയിൽ പങ്കെടുക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങളുടെ വികസന

ഫണ്ടിന്റെ ഉറവിടത്തിൽ നിന്ന് കുറവ്ചെയ്ത കിഫ്ബിക്ക് നൽകുന്നതാണ്.

എൽ.ഇ.ഡി.കളുടെ വിവിധ വാട്ടേജുകളും എണ്ണവും അടങ്ങുന്ന പാക്കേജുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് തിരഞ്ഞെടുക്കാവുന്നതാണ്. ഓരോ പാക്കേജിലും 500 എൽ.ഇ.ഡി. ഉണ്ടായിരിക്കുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വലിപ്പവും അവയുടെ ആവശ്യവുമനുസരിച്ച് ലഭ്യമായ 5 പാക്കേജുകളിൽ ഒന്നോ അതിലധികമോ പാക്കേജുകൾ തിരഞ്ഞെടുക്കാം. നഗരവത്കൃത സ്വഭാവം കൂടുതലുള്ള പ്രദേശങ്ങൾക്ക് ഉയർന്ന പാക്കേജുകളും പഞ്ചായത്തുകൾക്ക് താഴ്ന്ന പാക്കേജുകളും ആവശ്യാനുസരണം തിരഞ്ഞെടുക്കാവുന്നതാണ്. പദ്ധതിയിൽ പങ്കെടുക്കുന്ന തദ്ദേശസ്ഥാപനങ്ങൾ മുൻകൂറായി ഉറപ്പിച്ച വാർഷിക വരിസംഖ്യ കിഫ്ബിക്ക് നൽകേണ്ടതാണ്. ഇതുമൂലം തുക മുടക്കം വരുന്നതും പലിശ കൂടിശ്ശികയാകുന്നതും ഒഴിവാക്കപ്പെടും.

പ്രാതിനിധ്യ സ്വഭാവമുള്ള തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ തെരുവ് വിളക്ക് ഉപഭോഗവിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ പരമ്പരാഗത തെരുവുവിളക്കുകളിൽ നിന്ന് എൽ.ഇ.ഡി.കളിലേക്ക് മാറുമ്പോൾ വൈദ്യുതി ബില്ലുകളിൽ ഓരോ പാക്കേജ് പ്രകാരം ലഭിക്കാൻ സാധ്യത ഉണ്ടെന്ന് കണക്കാക്കിയ വാർഷിക സേവിങ്സിന്റെ 75% ആയിട്ടാണ് വരിസംഖ്യ നിജപ്പെടുത്തിയിട്ടുള്ളത്. തിരഞ്ഞെടുക്കുന്ന പാക്കേജുകളുടെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് വികസന ഫണ്ടിൽ നിന്നും വാർഷിക വരിസംഖ്യ കുറവ് ചെയ്യും.

ധനകാര്യ വകുപ്പ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ടിന്റെ ഉറവിടത്തിൽ നിന്ന് കുറയ്ക്കുന്ന തുക ഓരോ സാമ്പത്തിക വർഷത്തിലും നേരിട്ട് കിഫ്ബിക്ക് നൽകും. വാർഷിക വരിസംഖ്യ 7വർഷം നൽകണം. ഏഴുവർഷം എന്ന വാറന്റി കാലാവധിക്കുള്ളിൽ പദ്ധതിയുടെ ഭാഗമായി സ്ഥാപിച്ച എൽ.ഇ.ഡി.കളിൽ പ്രകൃതിദുരന്തം കാരണമോ കൈകാര്യം ചെയ്യുന്നതിലുള്ള അപാകത കാരണമോ അല്ലാതെ കേടാകുന്ന ബൾബുകൾ സൗജന്യമായി EESL പുന:സ്ഥാപിക്കും. ഇലക്ട്രിസിറ്റി ചാർജ്ജിന്റെ കുറവിൽ വരുന്ന ആനുകൂല്യം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് തിട്ടപ്പെടുത്തണമെങ്കിൽ മീറ്റർ സ്ഥാപിക്കേണ്ടതുണ്ട്. മീറ്ററുകൾ വാടക അടിസ്ഥാനത്തിൽ ലഭ്യമാക്കുന്നതാണെന്ന് കെ. എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്.

പദ്ധതിക്ക് ആവശ്യമായ എൽ.ഇ.ഡി. രണ്ട് ഘട്ടങ്ങളിലായി EESL-ൽ നിന്ന് കെ.എസ്.ഇ.ബി.എൽ. വാങ്ങുന്നതാണ് ആദ്യഘട്ടത്തിൽ 18W, 35 W എന്നീ തരത്തിലുള്ള 2,00,000 എൽ.ഇ.ഡി.കളാണ് വാങ്ങുക.എൽ.ഇ.ഡി.കൾ (Fixtures ഉൾപ്പെടെ) കാലവിളംബം കൂടാതെ തന്നെ ലഭ്യമാക്കുന്നതാണ്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആവശ്യാനുസരണം രണ്ടാം ഘട്ടത്തിൽ 18W,35W,70W,110 W എന്നീ ഇനങ്ങളിലുള്ള ഉദ്ദേശം 8.5 ലക്ഷം എൽ.ഇ.ഡി. കളാണ് വാങ്ങാൻ ഉദ്ദേശിക്കുന്നത്. രണ്ടാം ഘട്ടം 2021 മാർച്ച് 31ന് പൂർത്തീകരിക്കുന്നതാണ്. എൽ.ഇ.ഡി.കളുടെ മെയിന്റനൻസ് നടത്തുകയെന്നത് തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായിരിക്കും. മെയിന്റനൻസ് ചെലവ് തദ്ദേശഭരണ സ്ഥാപനങ്ങൾ വഹിക്കേണ്ടതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിലവിൽ ചെയ്തുവരുന്നതുപോലെ കെ.എസ്.ഇ.ബി.എൽ. നെയോ മറ്റ് സർവീസ് കരാറുകാരെയോ ഉപയോഗിച്ച് മെയിന്റനൻസ് നടപ്പിലാക്കാവുന്നതാണ്.

പിഎംസി ചാർജ്ജ് 2% ആയതിനാലും 20% മൂലധന ചെലവ് 7 വർഷം കൊണ്ട് തിരിച്ചടയ്ക്കുന്നതിനാലും കെ.എസ്.ഇ.ബി. എൽ.-ന് ബാങ്ക് ഗ്യാരണ്ടി നൽകുന്നതിൽ നിന്ന് EESL നെ ഒഴിവാക്കിയിട്ടുണ്ട്. ഏറ്റവുമൊടുവിൽ EESLനടപ്പാക്കിയ നൂതനവും സുതാര്യവുമായ മത്സരാധിഷ്ഠിത ബിഡ്ഡിംഗിൽ രേഖപ്പെടുത്തിയ അടിസ്ഥാനത്തിലാണ് കെ.എസ്.ഇ.ബി.എൽ.EESL-ന് നൽകുന്ന LoA യിലെ നിരക്ക് നിശ്ചയിക്കുന്നത്. കെ.എസ്.ഇ.ബി.എൽ. നിശ്ചയിച്ച സ്പെസിഫിക്കേഷൻ പ്രകാരമുള്ള ആദ്യഘട്ടത്തിലെ രണ്ടുലക്ഷം ബൾബുകൾക്കാവശ്യമായ അനുബന്ധ സാമഗ്രികൾ EESL ലഭ്യമാക്കും. രണ്ടാംഘട്ടത്തിൽ 8.5 ലക്ഷം ബൾബുകൾക്കാവശ്യമായ അനുബന്ധ സാമഗ്രികൾ കെ.എസ്.ഇ.ബി.എൽ. EESLന്റെ സഹായത്തോടുകൂടിയോ നേരിട്ടോ വാങ്ങും. കേടാകുന്ന സ്ട്രീറ്റ് ലൈറ്റുകൾ പുന:സ്ഥാപിക്കുന്നതിനായി അധികവില നൽകാതെ 5% ബഫർ സ്ട്രീറ്റ് ലൈറ്റുകൾ EESL ലഭ്യമാക്കുന്നതും വാറന്റി കാലയളവിൽ പരിപാലിക്കുകയും ചെയ്യും.

വിളക്കുകൾ ഇളക്കുന്നതിനും പുന:സ്ഥാപിക്കുന്നതിനും 500 രൂപ നിരക്കിലുള്ള തുക കിഫ്ബി നേരിട്ട് കെ.എസ്.ഇ.ബി.എൽ.-ന് നൽകുന്നതാണ്. കയറ്റിറക്കു കൂലി കേരളത്തിൽ നിലവിലുള്ള നിരക്ക് പ്രകാരം EESL വഹിക്കുന്നതാണ്. അപ്രതീക്ഷിതമായ ചെലവുകൾ ഉണ്ടാകുന്ന പക്ഷം കെ.എസ്.ഇ.ബി.എൽ. വഹിക്കുന്നതും തുക കിഫ്ബിയിൽ നിന്നും തിരികെ നൽകുന്നതുമാണ്.

മന്ത്രിമാരായ എ.സി. മൊയ്തീൻ, എം.എം. മണി, തദ്ദേശഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ, കിഫ്ബി CEO &മെമ്പർ സെക്രട്ടറി കെ.എം. എബ്രഹാം, തദ്ദേശഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ബിശ്വനാഥ് സിൻഹ,കെ.എ.സ്.ഇ.ബി.എൽ. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ എൻ. എസ്. പിള്ള, ഊർജ്ജവകുപ്പ് സെക്രട്ടറി സൗരഭ് ജയിൻ, പഞ്ചായത്ത് ഡയറക്ടർ ഡോ. പി. കെ. ജയശ്രീ, നഗരകാര്യഡയറക്ടർ ഡോ. രേണുരാജ്, കെ.എ.സ്.ഇ.ബി.എൽ.ഡയറക്ടർ(പ്ലാനിംഗ്) മിനി ജോർജ്ജ്, എനർജി എഫിഷ്യൻസി സർവീസസ് ലിമിറ്റഡ് പ്രോജക്ട് ഡയറക്ടർ വെങ്കടേഷ് ദ്വിവേദി, കെ.എ.സ്.ഇ.ബി.എൽ.വിതരണ വിഭാഗം ഡയറക്ടർ പി. കമാരൻ എന്നിവർ പദ്ധതിയുടെ ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു. കരുനാഗപ്പള്ളി, ചേർത്തല മുനിസിപ്പാലിറ്റികളിലും പള്ളിക്കൽ, ഉടുമ്പൻചോല, വേളൂർ, ഒതുക്കുങ്ങൽ, വെള്ളമുണ്ട എന്നീ ഗ്രാമപഞ്ചായത്തുകളിലും ഉദ്ഘാടന സമയം പദ്ധതിയുടെ സ്വിച്ച് ഓൺ കർമ്മം നിർവഹിക്കപ്പെട്ടു.

□

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട് മുൻകൂട്ടി നിക്ഷേപം കൂടാതെ കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടുകൂടിയാണ് പദ്ധതി നടപ്പാക്കുക. ഈ പദ്ധതിയുടെ Special Purpose Vehicle (SPV) കെ.എ.സ്.ഇ.ബി.എൽ. ആയിരിക്കും എൽ.ഇ.ഡി. കളുടെ വാങ്ങലും ഇൻസ്റ്റലേഷനും കെ.എ.സ്.ഇ.ബി. എൽ-ന്റെ ആഭിമുഖ്യത്തിൽ ആയിരിക്കും നടപ്പാക്കുക.

വാർത്തകൾ വിശേഷങ്ങൾ

ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ കരാർ കാലാവധി ദീർഘിപ്പിച്ചു

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഇ- ഗവേണൻസ് പ്രവർത്തനങ്ങൾക്ക് സാങ്കേതിക സഹായം നല്കുന്നതിനായി കരാറടിസ്ഥാനത്തിൽ നിയമിതരായ ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ കരാർ കാലാവധി അവരുടെ പെർഫോമൻസ് അപ്രൈസലിന് വിധേയമായി 1.4.2021 മുതൽ 31.3.2022വരെ ഒരു വർഷം ദീർഘിപ്പിച്ച് ഉത്തരവായി.

സ. ഉ. (സാധാ.) നം. 265/2021/ത.സ്വ.ഭ.വ. തീയതി. 01.02.2021

എം.ജി.എൻ.ആർ.ഇ.ജി.എസ്.- തസ്തികകൾ പുനർനാമകരണം ചെയ്തു

എം.ജി.എൻ.ആർ.ഇ.ജി.എസ്. ഗ്രാമ/ബ്ലോക്ക്/ജില്ലാതലങ്ങളിലെ അക്കൗണ്ടന്റ്-കം-ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തിക അക്കൗണ്ടന്റ്-കം-ഐ.ടി.അസിസ്റ്റന്റ് എന്നും അക്രെഡിറ്റഡ് ഓവർസിയർ എന്ന തസ്തിക എം.ജി.എൻ.ആർ.ഇ.ജി.എസ്. ഓവർസിയർ എന്നും പുനർനാമകരണം ചെയ്തു കൊണ്ടും പദ്ധതിക്ക് കീഴിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വേതന നിരക്ക് പരിഷ്കരിച്ചും ഉത്തരവായി.

സ. ഉ. (കൈ.) നം. 32/2021/ത.സ്വ.ഭ.വ. തീയതി. 09.02.2021

'വിദ്യാ സഹായി' പദ്ധതി ടി.വി. വാങ്ങുന്നതിന് നടപടിക്രമങ്ങളിൽ ഇളവ്

ഓൺലൈൻ വിദ്യാഭ്യാസ സൗകര്യം ഒരുക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനായി 'വിദ്യാസഹായി' പദ്ധതിയുടെ ഭാഗമായി കെ.എസ്.എഫ്.ഇ. ലിസ്റ്റ് ചെയ്ത സ്ഥാപനങ്ങളിൽ നിന്ന് നിശ്ചയിക്കപ്പെട്ട വിലയിൽ പരിമിതപ്പെടുത്തി ടെലിവിഷൻ വാങ്ങാൻ അനുമതി നൽകി ഉത്തരവായി.

സ. ഉ. (സാധാ.) നം. 375/2021/ത.സ്വ.ഭ.വ. തീയതി. 11.02.2021

ജനകീയ ഹോട്ടൽ - മാർഗ്ഗരേഖ പരിഷ്കരിച്ച് ഉത്തരവായി

സർക്കാരിന്റെ പന്ത്രണ്ടിന പരിപാടിയുടെ ഭാഗമായി കുടുംബശ്രീ മുഖേന നടപ്പാക്കുന്ന ജനകീയ ഹോട്ടൽ ആരംഭിക്കുന്നതിനും നടത്തുന്നതിനും വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ പരിഷ്കരിച്ച് ഉത്തരവായി.

സ. ഉ. (സാധാ.) നം. 400/2021/ത.സ്വ.ഭ.വ. തീയതി. 12.02.2021

ഇ-മാലിന്യ നിർമ്മാർജ്ജനം - നിരക്ക് പുതുക്കി നിശ്ചയിച്ചു

ആപത്കരമായ വസ്തുക്കൾ അടങ്ങിയിട്ടുള്ള ഇ- മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിനായി ശേഖരിക്കുന്ന സാഹചര്യങ്ങളിൽ ഈടാക്കുന്നതിനായി ക്ലീൻ കേരള കമ്പനിക്ക് അനുമതി നൽകിയിട്ടുള്ള നിരക്ക് പുതുക്കി നിശ്ചയിച്ച് ഉത്തരവായി.

ജി. ഒ.(ആർ.ടി.) നം. 479/2021/എൽ.എസ്.ജി.ഡി. തീയതി. 17.02.2021

മഹാപ്രളയം-തുക പുനരനുവദിച്ച് ഉത്തരവായി

2018ലെ മഹാപ്രളയം ബാധിച്ച പ്രാദേശിക സർക്കാരുകൾക്ക് പ്രത്യേക വിഹിതം അനുവദിച്ചതിൽ ചെലവഴിക്കാത്ത തുക പുനരനുവദിച്ച് ഉത്തരവായി.

സ. ഉ. (സാധാ.) നം. 1604/2021/ധന. തീയതി. 19.02.2021

എം.ജി.എൻ.ആർ.ഇ.ജി.എസ്. പദ്ധതി - തൊഴിലാളികളുടെ ചികിത്സാചെലവ്

എം.ജി.എൻ.ആർ.ഇ.ജിഎസ്. പദ്ധതിയിൻ കീഴിൽ പ്രവൃത്തിയെടുക്കുന്ന തൊഴിലാളികൾക്ക് സംഭവിക്കുന്ന അപകടം, തുടർന്നുള്ള ചികിത്സാരീതി, ചികിത്സാസഹായം,അപകടത്തെ തുടർന്നുള്ള മരണം, തൊഴിലിനിടയിൽ ഉണ്ടാകുന്ന സ്ഥിരമായ അംഗവൈകല്യം എന്നിവയ്ക്ക് നൽകേണ്ട സഹായം എന്നിവ അനുവദിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

സർക്കുലർ നം. ഡി.ഡി. 2/252/2020/ത.സ്വ.ഭ.വ. തീയതി 05.02.2021

കൊവിഡ് 19-ഗ്രാമസഭ ചേരുന്നതിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു

2021-22 വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് കൊവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് ഗ്രാമസഭാ/വാർഡ്സഭ/ഊരുകൂട്ടം യോഗങ്ങൾ ചേരുന്നതിനായുള്ള ആരോഗ്യ ജാഗ്രതാ നിർദ്ദേശങ്ങൾപുറപ്പെടുവിച്ചു.

സർക്കുലർ നം. ഡി.എ1. 1/2021/ത.സ്വ.ഭ.വ. തീയതി 08.02.2021

ആരോഗ്യ സുരക്ഷയ്ക്ക് മാലിന്യ മുക്ത പരിസരം-മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു

മഴക്കാലത്തോടനുബന്ധിച്ചുള്ള പകർച്ചവ്യാധി പ്രതിരോധത്തിന്റെ ഭാഗമായി നടത്തേണ്ട ആരോഗ്യജാഗ്രത ക്യാമ്പയിൻ പ്രവർത്തനങ്ങൾ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

സർക്കുലർ നം. 26/ഡി.സി.1/2021/ത.സ്വ.ഭ.വ. തീയതി 08.02.2021

തദ്ദേശസ്വയംഭരണവകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണരൂപം www.lsgkerala.gov.in, www.dop.lsgkerala.gov.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്.

പരിസ്ഥിതിവഴിയിൽ വമ്പൻ ജയം

■ **ആർ. അജിത് കുമാർ**

ഒരുവിധ പ്രചാരണ സാമഗ്രികളുടെയും സഹായമില്ലാതെ പോൾ ചെയ്ത വോട്ടിന്റെ 73 ശതമാനത്തിലേറെ നേടി പത്തനംതിട്ട ജില്ലയിലെ ഏഴംകുളം ഗ്രാമപഞ്ചായത്തിൽ ബാബുജോൺ ജനപ്രതിനിധിയായി. ആകെ പോൾ ചെയ്ത 966 വോട്ടിൽ 705-ഉം ബാബുജോണിന്. പതിവു പ്രചാരണമെല്ലാം പൊലിപ്പിച്ച എതിർ സ്ഥാനാർത്ഥിക്കു കിട്ടിയത് വെറും 139 വോട്ട്.

പോസ്റ്ററോ ബാനറോ ചുവരെഴുത്തോ പ്രചാരണവാഹനങ്ങളോ ഇല്ലാതെ തിരഞ്ഞെടുപ്പിൽ വിജയിക്കാൻ കഴിയുമോ?

സാധാരണനിലയിൽ കേട്ടുകേൾവിയില്ലാത്ത കാര്യം. എന്നാൽ അങ്ങനെയും ഒരു വിജയം. ചെറിയ ജയമല്ല, വമ്പൻ ജയം.

ഒരുവിധ പ്രചാരണ സാമഗ്രികളുടെയും സഹായമില്ലാതെ പോൾ ചെയ്ത വോട്ടിന്റെ 73 ശതമാനത്തിലേറെ നേടി പത്തനംതിട്ട ജില്ലയിലെ ഏഴംകുളം ഗ്രാമപഞ്ചായത്തിൽ ബാബുജോൺ ജനപ്രതിനിധിയായി. ആകെ പോൾ ചെയ്ത 966 വോട്ടിൽ 705-ഉം ബാബുജോണിന്. പതിവു പ്രചാരണമെല്ലാം പൊലിപ്പിച്ച എതിർസ്ഥാനാർത്ഥിക്കു കിട്ടിയത് വെറും 139 വോട്ട്. ബാക്കി 122 വോട്ട് മറ്റു രണ്ടു സ്ഥാനാർത്ഥികളും അസാധുവും കൂടി പങ്കിട്ടു.

കോളേജിൽ പഠിക്കുന്ന കാലത്ത് ക്ലാസ്സ് റപ്രസന്റേറ്റീവായി മത്സരിച്ച പരിചയം മാത്രം ബാബുജോണിനു കൈമുതൽ. തദ്ദേശ തിരഞ്ഞെടുപ്പുരംഗത്ത് ആദ്യം. "ഒരിക്കലും മത്സരിക്കാൻ ആഗ്രഹിച്ചിരുന്നില്ല. എന്നാൽ എന്റെ പാർട്ടി ആവശ്യപ്പെട്ടു. മത്സരത്തിനു തയ്യാറായി." മത്സരിക്കാൻ ഇടയായ സാഹചര്യത്തെപ്പറ്റി ബാബുജോൺ പറയുന്നു.

പ്രദേശത്തെ എല്ലാ സാമൂഹികപ്രവർത്തനങ്ങളിലും 'ബാബുസാർ' സാന്നിദ്ധ്യമാണ്. അത് പാലിയേറ്റീവ് കെയർ ആയാലും ഭക്ഷണ വിതരണമായാലും രോഗികളുമായി ആശുപത്രിയിലേക്കുള്ള ഓട്ടമായാലും. ഒന്നിനും ബാബുജോണിനു മടിയില്ല.

സ്ഥാനാർത്ഥിയായി അദ്ദേഹത്തിന്റെ പാർട്ടി നിശ്ചയിച്ചപ്പോഴേ പ്രചരണം പരിസ്ഥിതി സൗഹൃദം ആയിരിക്കുമെന്ന ബാബുജോൺ പ്രഖ്യാപിച്ചു. വർഷങ്ങളായി എതിർമുന്നണി കൈവശം വച്ചിരുന്ന വാർഡ് പിടിക്കാനാണ് അദ്ദേഹത്തെ പാർട്ടി നിയോഗിച്ചത്. എന്നാൽ ഇതിനായി ഒരു ചുവരും വൃത്തികേടാക്കില്ല എന്നതും പടം അടിച്ച് ഒരിടത്തും ചാരി വയ്ക്കില്ല എന്നതും ബാബുജോണിലെ പരിസ്ഥിതിവാദിയുടെ തീരുമാനമായിരുന്നു.

"വീടുവീടാന്തരം കയറിയിറങ്ങി കാര്യം പറഞ്ഞാൽ മനസ്സിലാക്കാനുള്ള പ്രബുദ്ധത ജനങ്ങൾക്കുണ്ടെന്ന വിശ്വാസം എനിക്കുണ്ടായിരുന്നു. അതായിരുന്നു എന്റെ കൈമുതൽ." ബാബുജോൺ പറയുന്നു. "എനിക്കു നേരിട്ടറിയാവുന്ന ജനസമൂഹമാണ്. വാർഡിലെ 425 വീടുകളും ഒന്നിലേറെ തവണ സന്ദർശിച്ചു. മിക്കവരെയും പേരെടുത്തു വിളിക്കാൻ കഴിയുന്നത്ര അടുപ്പമുണ്ട്. അതുകൊണ്ടുതന്നെ അവരോടു സംവദിക്കാൻ പോസ്റ്ററോ ബാനറോ ആവശ്യമുണ്ടായിരുന്നില്ല."

സ്വന്തം കൈപ്പടയിൽ എഴുതി അച്ചടിച്ച ഒരു പ്രസ്താവന മാത്രമായിരുന്നു ആകെയുള്ള പ്രചാരണസാമഗ്രി. അതും, ആരെയെങ്കിലും നേരിൽ കാണാൻ പറ്റിയില്ലെങ്കിലോ എന്നു കരുതി മാത്രം.

ഓരോ വോട്ടറെയും നേരിട്ടു കാണുന്ന രീതിയാണു സ്വീകരിച്ചിരുന്നത്. പ്രദേശത്തുകാർക്കെല്ലാം ഒരുപോലെ സുപരിചിതനാണ് 'ബാബുസാർ'. പശ്ചിമഘട്ട സംരക്ഷണസമിതി, അട്ടൂർ പരിസ്ഥിതി കൂട്ടായ്മ തുടങ്ങിയവയിലെ സജീവ അംഗം. തികഞ്ഞ പരിസ്ഥിതിവാദി. ജീവിക്കുന്നതും പരിസ്ഥിതിക്കിണങ്ങി തന്നെ.

ഏഴംകുളം പഞ്ചായത്തിലെ ഒന്നാം വാർഡിൽപ്പെട്ട പാലമുക്കിലെ കഴിയെണ്ണാൽ വീടിനു ചുറ്റും മുളയും മരങ്ങളും നട്ടുപിടിപ്പിച്ചിരിക്കുകയാണ്. അവയൊന്നും വെട്ടിമാറ്റുകയോ കരിയിലപോലും തൂത്തുമാറ്റുകയോ ഇല്ല. തികച്ചും പരിസ്ഥിതിയ്ക്കിണങ്ങുംവിധം നിർമ്മിച്ച വീടും പരിസരവും ബാബുജോണിലെ പരിസ്ഥിതിസ്നേഹിയെ വിളംബരം ചെയ്യുന്ന പ്രതീകമാണ്.

പഴങ്ങളും പച്ചക്കറികളും തന്നെ ഇഷ്ടഭക്ഷണം. ചായ, കാപ്പി ഒന്നും ഉപയോഗിക്കില്ല. പത്താം ക്ലാസ്സ് പഠനകാലത്ത് വെജിറ്റേറിയൻ ആയതാണ്. ജൈവകൃഷിയിൽ തത്പരൻ, ഔഷധസസ്യങ്ങളുടെ ശേഖരം തന്നെയുണ്ട് വീട്ടുവളപ്പിൽ. യോഗ, പ്രകൃതിജീവനം എന്നിവയുടെ പ്രചാരകൻ കൂടിയാണ്.

> പരിസ്ഥിതിസൗഹൃദ വാർഡായി പുതുമല വാർഡിനെ മാറ്റുക മാത്രമല്ല ബാബുജോൺ ലക്ഷ്യമിടുന്നത്, മറിച്ച് ഏഴംകുളം പഞ്ചായത്തിനെത്തന്നെ പരിസ്ഥിതി സൗഹൃദപഞ്ചായത്താക്കി മാറ്റാൻ സഹപ്രവർത്തകരുടെ സഹകരണം തേടാനുംകൂടിയാണ്.

എം.എസ്.സി. ഫിസിക്സ് ബിരുദധാരിയായ ബാബുജോൺ എം. ജി. യൂണിവേഴ്സിറ്റിയിലെ ജീവനക്കാരനായിരുന്നു. എം. എ. ബേബി വിദ്യാഭ്യാസമന്ത്രി ആയിരുന്നപ്പോൾ അദ്ദേഹത്തിന്റെ പ്രൈവറ്റ് സെക്രട്ടറി ആയിരുന്നു. അന്താരാഷ്ട്രവേദികളിൽ ബഹുമതി നേടിയ നിരവധി ഹ്രസ്വ ചിത്രങ്ങളിൽ അഭിനയിച്ചിട്ടുണ്ട്. ഇ.എം.എസ്സിനെക്കുറിച്ചു തയ്യാറാക്കിയിട്ടുള്ള ഏക ഡോക്യുമെന്ററിയുടെ തിരക്കഥാകൃത്തും സംവിധായകനുമാണ്. അട്ടർ പുസ്തകമേള, അട്ടർ ചലച്ചിത്രോത്സവം എന്നിവയുടെ പ്രധാന സംഘാടകൻ. എഴുത്തുകാരൻ, ഗവേഷകൻ, സാംസ്കാരിക പ്രവർത്തകൻ തുടങ്ങി നിരവധി തലത്തിൽ പ്രവർത്തിക്കുന്നു.

നീണ്ടുനരച്ച താടിയും മുടിയും ഖാദിവസ്ത്രങ്ങളും റബ്ബർ ചെരിപ്പുമിട്ട 'ബാബുസാർ' എവിടെയും നിറസാന്നിദ്ധ്യമാണ്. പറക്കോട് ഫെഡറൽ ബാങ്കിലെ ഉദ്യോഗസ്ഥയായ ഭാര്യ സുമയും മണക്കാല ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിങ് കോളേജിലെ വിദ്യാർത്ഥിയായ മകൻ ശരത് ബാബുവും അടങ്ങുന്നതാണു കുടുംബം.

ഒറ്റയ്ക്കായിരുന്നു കൂടുതൽ സന്ദർശനവും. ചിലപ്പോഴൊക്കെ സുഹൃത്തുക്കളിലാരെങ്കിലും കൂടെ കാണും. പക്ഷെ, താൻ അറിഞ്ഞിരുന്ന വാർഡല്ല കയറുമ്പോൾ കണ്ടതെന്ന് അദ്ദേഹം തിരിച്ചറിഞ്ഞു. "പ്രദേശത്തിന്റെ പിന്നാക്കാവസ്ഥ, സാദ്ധ്യതകൾ, വെല്ലുവിളികൾ ഒക്കെ ഈ യാത്രകളിൽ മനസ്സിൽ പതിഞ്ഞു. ജീവിതനിലവാരം ഉയർത്തൽ ലക്ഷ്യമാണ്. അതിനായി വിശദമായ ഒരു പഠനംതന്നെ നടത്തേണ്ടിവരുമെന്നറിയാം." സുവ്യക്തമായ കാഴ്ചപ്പാട് അദ്ദേഹം പങ്കുവയ്ക്കുന്നു. "പരിസ്ഥിതിക്കിണങ്ങിയുള്ള വികസനത്തിനായിരിക്കും ഊന്നൽ നൽകുക. വിദ്യാർത്ഥികൾ, യുവജനങ്ങൾ, വയോജനങ്ങൾ തുടങ്ങിയവർക്കായി വേറിട്ട പരിപാടികൾ മനസ്സിലുണ്ട്. വായനയും കലയും പോഷിപ്പിക്കുന്നതിനുള്ള പ്രത്യേക പരിപാടികളും തയ്യാറാക്കണം."

പരിസ്ഥിതിസൗഹൃദ വാർഡായി പുതുമല വാർഡിനെ മാറ്റുക മാത്രമല്ല ബാബുജോൺ ലക്ഷ്യമിടുന്നത്, മറിച്ച് ഏഴംകുളം പഞ്ചായത്തിനെത്തന്നെ പരിസ്ഥിതി സൗഹൃദപഞ്ചായത്താക്കി മാറ്റാൻ സഹപ്രവർത്തകരുടെ സഹകരണം തേടാനുംകൂടിയാണ്.

തന്റെ വാക്കും പ്രവൃത്തിയും ഇടപെടലും ജീവിതരീതിയും കൊണ്ട് ജനങ്ങളുടെ മനസ്സിൽ കടന്നുകൂടാൻ കഴിഞ്ഞതാണല്ലോ ബാബുജോണിന്റെ ഈ വലിയ വിജയത്തിനു പിന്നിൽ. ഒരു കാര്യം വ്യക്തമാണ്, തിരഞ്ഞെടുപ്പ് ജയിക്കാൻ പണം ഒഴുക്കുകയോ വലിയ കോലാഹലത്തോടുകൂടിയ പ്രചാരണം നടത്തുകയോ അല്ല, ജനങ്ങളുടെ വിശ്വാസം നേടുന്നതിലാണു കാര്യം.

കൃഷിക്ക് ഏറെ സാദ്ധ്യതയുള്ള പ്രദേശമാണ് ഇദ്ദേഹം ജയിച്ച പുതുമല വാർഡ്. കാട്ടുപന്നികളുടെ ആക്രമണത്തിൽ കൃഷിനാശം സംഭവിക്കാറുണ്ട്. പുതിയ ജനപ്രതിനിധിയുടെ പ്രധാന വെല്ലുവിളികളിലൊന്ന് ഇതുതന്നെയാണ്.

തന്റെ വാർഡിലെ ജനങ്ങളുടെ പ്രശ്നങ്ങൾ ആഴത്തിൽ പഠിച്ച് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനം ആവിഷ്കരിക്കാനാണ് ഉദ്ദേശിക്കുന്നത്. വിദ്യാഭ്യാസം, പരിസ്ഥിതിബോധം, സാമൂഹിക, സാംസ്കാരിക തലങ്ങളിലെ വളർച്ച എന്നിവയിലൂന്നി പ്രദേശത്തെ ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തൽ പുതിയ ജനപ്രതിനിധിയുടെ പ്രഖ്യാപിത ലക്ഷ്യമാണ്. "ഞാൻ ഒരു മാറ്റം ആഗ്രഹിക്കുന്നു. അത് എത്ര ചെറുതായാലും പ്രശ്നമല്ല. മാറ്റത്തിനായിത്തന്നെ പരിശ്രമിക്കും." ബാബുജോൺ നിലപാടു വ്യക്തമാക്കുന്നു.

വളർന്നുവരുന്ന പരിസ്ഥിതിബോധം ഒരുപക്ഷെ, വൈകാതെതന്നെ നമ്മുടെ പ്രാദേശിക തിരഞ്ഞെടുപ്പുകൾ ഈ രീതിയിലൊക്കെ ആക്കിയേക്കാം. പഴയ ചായിക്കാടൻ ശൈലിപോലെ ഒരു ബാബുജോൺ ശൈലി.

□

സർക്കാർ ഓഫീസുകളിൽ ഹരിതചട്ടം

10000 ഓഫീസുകളിൽ ലക്ഷ്യമിട്ട പദ്ധതി

11163 ഓഫീസുകളിൽ നടപ്പാക്കാനായി

■ **ബി. മനോജ്**

സംസ്ഥാനത്തെ പതിനായിരം ഓഫീസുകൾ ഹരിത ഓഫീസുകളാക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. എന്നാൽ ഇതിനകം 11163 ഓഫീസുകൾ ഹരിത ഓഫീസുകളായി മാറി. നാടിന്റെ നല്ല നാളേയ്ക്കുവേണ്ടി തങ്ങളുടെ അദ്ധ്വാനശേഷി വിനിയോഗിച്ചാണ് ഇതിനുപിന്നിൽ പ്രവർത്തിച്ചവർ ഈ നേട്ടം കൈവരിച്ചത്. ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി കൈവരിച്ച ഈ നേട്ടം നമ്മുടെ ഭാവി ജീവിതത്തിലേക്കുള്ള നിക്ഷേപമാണെന്ന കാര്യം നിസ്തർക്കമാണ്.

സർക്കാർ ആവിഷ്കരിക്കുന്ന പദ്ധതികൾ ജനങ്ങൾക്കുവേണ്ടിയുള്ളതാണ്. ആ പദ്ധതികളുടെ നിർവഹണ ചുമതലയാണ് സർക്കാർ ഓഫീസുകളിൽ വഹിക്കുന്നത്. അതുകൊണ്ട് സർക്കാർ ഓഫീസുകൾ കാണിക്കുന്ന മാതൃകയ്ക്ക് ജനങ്ങൾക്കിടയിൽ നല്ല പ്രതികരണമുണ്ടാക്കാൻ കഴിയും.

തദ്ദേശ സ്ഥാപനങ്ങളുടെ മുൻകൈ

ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വിവിധ വകുപ്പുകളുമാണ് സർക്കാർ ഓഫീസുകൾ ഹരിത ഓഫീസുകളാക്കി മാറ്റുന്നതിൽ സുപ്രധാന പങ്കുവഹിച്ചത്. വികേന്ദ്രീകൃത മാലിന്യ സംസ്കരണ രംഗത്തെ പ്രവർത്തനങ്ങളിൽ നമ്മുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സജീവമായി മുന്നിട്ടു നിൽക്കുന്നുണ്ട്. ഖരമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് സൗകര്യങ്ങൾ ഒരുക്കിയ 710 ഗ്രാമപഞ്ചായത്തുകൾക്കും 73 നഗരസഭകൾക്കും 44 ബ്ലോക്ക് പഞ്ചായത്തുകൾക്കും ശുചിത്വ പദവി ലഭിച്ചിട്ടുണ്ട്. പുതുതായി ചുമതലയേറ്റ തദ്ദേശ സ്വയംഭരണ സ്ഥാപന സമിതികൾ മാലിന്യ സംസ്കരണത്തിന് പ്രഥമ പരിഗണന നൽകി മുന്നോട്ടു പോകുന്നത് ഏറെ പ്രതീക്ഷ നൽകുന്നുണ്ട്.

ഗ്രീൻ പ്രോട്ടോക്കോൾ അഥവാ ഹരിതചട്ടം

ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ സുപ്രധാനമാണ് മാലിന്യത്തിന്റെ അളവ് കുറയ്ക്കൽ, മാലിന്യ ഉല്പാദനം ഇല്ലാ

താക്കുക, രൂപപ്പെടുന്ന മാലിന്യങ്ങളെ തരം തിരിച്ച് ശാസ്ത്രീയമായി സംസ്കരിക്കുക തുടങ്ങിയവ. ഇതിനായി അനുവർത്തിക്കാവുന്ന കാര്യക്ഷമവും പ്രവർത്തനാധിഷ്ഠിതവുമായ രീതിയാണ് ഗ്രീൻ പ്രോട്ടോക്കോൾ അഥവാ ഹരിത പെരുമാറ്റച്ചട്ടം.

ശാസ്ത്രീയ മാലിന്യ പരിപാലനത്തിന് ഏറ്റവും അനുകരണീയ മാതൃക സൃഷ്ടിക്കുവാൻ കഴിയുന്ന ഇടമാണ് സർക്കാർ ഓഫീസുകൾ. എന്നാൽ അതിനുള്ള ശീലം ഉണ്ടാക്കി എടുക്കലാണ് ഇവിടെ പ്രധാനം. ഇത് മുന്നിൽ കണ്ടുകൊണ്ട് നടത്തിയ പ്രവർത്തനങ്ങളുടെ വിജയമാണ് ഇപ്പോൾ 11163 ഓഫീസുകളിൽ നടപ്പാക്കിയ ഹരിത ചട്ടപാലനം.

2019-ൽ നടന്ന ലോക്സഭാ തെരഞ്ഞെടുപ്പ്, 2020-ൽ നടന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പ്, സംസ്ഥാനതല ഔദ്യോഗിക ഓണാഘോഷ പരിപാടികൾ, ആറ്റുകാൽ പൊങ്കാല ഉത്സവം, ബീമാപള്ളി ഉറൂസ്, മാരാമൺ കൺവെൻഷൻ, ചെറുകോൽപ്പുഴ കൺവെൻഷൻ, സ്കൂൾ കലോത്സവങ്ങൾ, മറ്റ് ഉത്സവങ്ങൾ, ആഘോഷങ്ങൾ, സമ്മേളനങ്ങൾ, തീർത്ഥാടനങ്ങൾ, വിവാഹങ്ങൾ തുടങ്ങി ചെറുതും വലുതുമായ പൊതു പരിപാടികൾ എന്നിവയിൽ ഇപ്പോൾ ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ചുവരികയാണ്. ഇതിന്റെ അടിസ്ഥാനത്തിൽ പൊതു പരിപാടികളിൽ ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കണമെന്ന് 2020 സെപ്തംബർ 17 ന് സർക്കാർ മാർഗ്ഗരേഖ പുറപ്പെടുവിച്ചതും ശ്രദ്ധേയമാണ്.

സംസ്ഥാനത്ത് 11163 ഗ്രീൻ ഓഫീസുകൾ

കേരളത്തിൽ ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്ന സർക്കാർ ഓഫീസുകളെ പരിശോധിച്ച് അവയെ സർട്ടിഫൈ ചെയ്യാൻ തീരുമാനിച്ചതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത്, ബ്ലോക്ക്, നഗരസഭ, ജില്ലാ-സംസ്ഥാനതലം വരെയുള്ള ഓഫീസുകൾ പരിശോധിക്കുന്നതിനായി 4750 ടീമുകളെ നിയോഗിക്കുകയും പരിശോധന പ്രോട്ടോക്കോളിന്റെയും പരിശീലനത്തിന്റെയും അടിസ്ഥാനത്തിൽ 2021 ജനുവരി 1 മുതൽ 25 വരെ 14473 സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും ചെയ്തു. ഇതിൽ 11163 സ്ഥാപനങ്ങൾക്ക് ഹരിതപ്രോട്ടോക്കോൾ പാലിക്കുന്നതിനുള്ള സാക്ഷ്യപത്രവും ഫലകവും നൽകുന്നതിന് തിരഞ്ഞെടുക്കുകയായിരുന്നു. ഇതിൽ 91% നു മുകളിൽ പോയിന്റ് കിട്ടിയ 3410 സ്ഥാപനങ്ങൾക്ക് എ ഗ്രേഡും 81 മുതൽ 90 വരെ പോയിന്റ് ലഭിച്ച് 3925 സ്ഥാപനങ്ങൾക്ക് ബി ഗ്രേഡും 71 മുതൽ 80 വരെ പോയിന്റ് ലഭിച്ച് 3828 സ്ഥാപനങ്ങൾക്ക് സി ഗ്രേഡും ലഭിച്ചു. ഓഫീസുകളുടെ വൃത്തിയും ഭംഗിയും തൊഴിൽ കാര്യക്ഷമതയും ഉയർത്തുന്നതോടൊപ്പം ഓഫീസുകളിൽ നിലവിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന മാലിന്യത്തിന്റെ അളവിൽ അറുപത് ശതമാനത്തിലധികം കുറവ് വരുത്താനും ഇതിലൂടെ കഴിയും. ഗ്രീൻ പ്രോട്ടോക്കോൾ രീതിശാസ്ത്രം വികസിപ്പിച്ച ശുചിത്വ മിഷനെയും ഇതിനെ ജനകീയ ക്യാമ്പയിനാക്കി മാറ്റിയ ഹരിത കേരളം മിഷന്റെയും പ്രവർത്തനങ്ങൾ ഇവിടെ പ്രത്യേക പരാമർശം അർഹിക്കുന്നു.

ഗ്രീൻ പ്രോട്ടോക്കോൾ കമ്മിറ്റി രൂപീകരണം, ബോധവൽക്കരണ പ്രചാരണപരിപാടികൾ, ഡിസ്പോസബിൾ വസ്തുക്കളുടെ ഉപയോഗത്തിന് നിരോധനം, പ്രകൃതി സൗഹൃദ പാത്രങ്ങൾ സജ്ജീകരിക്കൽ, ഹൗസ് കീപ്പിംഗ് ജീവനക്കാർക്ക് പരിശീലനം, നിരോധിത പ്ലാസ്റ്റിക് ഉല്പന്നങ്ങൾ ഒഴിവാക്കൽ, ഉപയോഗശൂന്യമായ ഫർണിച്ചറുകളും ഇ-മാലിന്യങ്ങളും നീക്കം ചെയ്യൽ, ജൈവ മാലിന്യ സംസ്കരണത്തിന് ഉപാധികൾ സ്ഥാപിച്ച് സംവിധാനം ഒരുക്കൽ, ജൈവ മാലിന്യത്തിലൂടെ ജൈവ പച്ചക്കറി കൃഷി, അജൈവ മാലിന്യ പരിപാലനം - തരം തിരിക്കൽ, ശേഖരണം, പുനഃചംക്രമണത്തിന് കൈമാറൽ, മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സ്ഥാപിക്കൽ, ഓഫീസ് ക്യാന്റീനുകളെ ഹരിതാഭമാക്കൽ, ശുചിമുറി നവീകരണം തുടങ്ങിയ മാർഗ്ഗങ്ങൾ പ്രധാനമായും അവലംബിച്ചാണ് സർക്കാർ ഓഫീസുകൾ ഹരിതചട്ടം പാലിക്കുന്നത്. □

ലേഖകൻ ഹരിതകേരളം മിഷൻ പബ്ലിക് റിലേഷൻസ് ഓഫീസറാണ്.

ജില്ലാതലം ഒന്നാം സ്ഥാനം : അടിമാലി ഗ്രാമപഞ്ചായത്ത് (ഇടുക്കി)

ജില്ലാതലം ഒന്നാം സ്ഥാനം : മാറഞ്ചേരി ഗ്രാമപഞ്ചായത്ത് (മലപ്പുറം)

ജില്ലാതലം ഒന്നാം സ്ഥാനം : മുളന്തുരുത്തി ഗ്രാമപഞ്ചായത്ത് (എറണാകുളം)

ജില്ലാതലം ഒന്നാം സ്ഥാനം : വളയം ഗ്രാമപഞ്ചായത്ത് (കോഴിക്കോട്)

ജില്ലാതലം ഒന്നാം സ്ഥാനം : പൂമംഗലം ഗ്രാമപഞ്ചായത്ത് (തൃശ്ശൂർ)

ജില്ലാതലം ഒന്നാം സ്ഥാനം : പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്ത് (കണ്ണൂർ)

ജില്ലാതലം ഒന്നാം സ്ഥാനം : ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത് (പാലക്കാട്)

ജില്ലാതലം ഒന്നാം സ്ഥാനം : ചെറുവത്തൂർ ഗ്രാമപഞ്ചായത്ത് (കാസർഗോഡ്)

തൃശ്ശൂർ

■ ഡോ. വിളക്കുടി രാജേന്ദ്രൻ

തൃശ്ശൂർ ജില്ലയുടെയും ഇതേ പേരുള്ള താലൂക്കിന്റെയും ആസ്ഥാനമായ മുനിസിപ്പൽ കോർപ്പറേഷൻ. പ്രസിദ്ധമായ വടക്കുംനാഥ ക്ഷേത്രത്തിനു ചുറ്റുമായി നഗരം വ്യാപിച്ചു കിടക്കുന്നു. പെരുമ്പടപ്പ് സ്വരൂപം എന്നറിയപ്പെട്ടിരുന്ന കൊച്ചി നാട്ടുരാജ്യത്തിന്റെ തലസ്ഥാനമായിരുന്നു. പ്രാചീന കാലത്തെ മുപ്പത്തിരണ്ടു ഗ്രാമങ്ങളിൽ തൃശ്ശൂരിന് പ്രമുഖ സ്ഥാനം ലഭിച്ചിരുന്നു.

കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനം എന്ന നിലയിലേക്ക് തൃശ്ശൂരിനെ ഉയർത്തിയത് തൃശ്ശൂർ നഗരത്തിന്റെ ശിൽപി എന്ന് അറിയപ്പെടുന്ന ശക്തൻ തമ്പുരാനാണ് (1751-1805). വടക്കുംനാഥ ക്ഷേത്രത്തിനു ചുറ്റുമുണ്ടായിരുന്ന തേക്കിൻകാട് വെട്ടിത്തെളിച്ച് മൈതാനമായി വികസിപ്പിച്ചതും ജാതി മത ഭേദമെന്യേ എല്ലാവർക്കും പങ്കെടുക്കാവുന്ന തൃശ്ശൂർ പൂരം ആരംഭിച്ചതും തൃശ്ശൂരിനെ ഒരു വാണിജ്യകേന്ദ്രമാക്കി വികസിപ്പിച്ചതും ശക്തൻ തമ്പുരാൻ എന്ന് അറിയപ്പെട്ടിരുന്ന രാമവർമ്മ മഹാരാജാവാണ്. രാജഭരണ കാലത്ത് വധശിക്ഷ നടപ്പിലാക്കിയിരുന്ന സ്ഥലമാണ് തേക്കിൻകാട്. ശക്തൻ തമ്പുരാന്റെ അതിഥി മന്ദിരമായിരുന്ന രാമനിലയം.

തലപ്പിള്ളി, ചാവക്കാട്, തൃശ്ശൂർ, കൊടുങ്ങല്ലൂർ, മുകുന്ദപുരം, ചാലക്കുടി എന്നീ ആറ് താലൂക്കുകളുണ്ട് ജില്ലയിൽ. വിദ്യാഭ്യാസപരമായി വളരെ മുന്നിൽ നിൽക്കുന്ന നഗരത്തിലും പരിസരത്തുമായി മെഡിക്കൽ, എഞ്ചിനീയറിംഗ്, കാർഷിക കോളേജുകൾ ഉൾപ്പെടെ നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. കേരള സാഹിത്യ അക്കാദമി, കേരള സംഗീത നാടക അക്കാദമി, കേരള ലളിതകലാ അക്കാദമി എന്നിവയുടെ ആസ്ഥാനം ഇവിടെയാണ്. കാലിക്കറ്റ് സർവകലാശാലയുടെ കീഴിലുള്ള സ്കൂൾ ഓഫ് ഡ്രാമ അരണാട്ടുകരയിൽ പ്രവർത്തിക്കുന്നു.

(1) തിരുശിവപേരൂർ എന്നായിരുന്ന പഴയ പേര്. ക്ഷേത്ര സൂചകമായ വിശേഷണമാണ് 'തിരു'. വായ്മൊഴിയിൽ ഇത് 'തൃ'ആയി. അങ്ങനെ തൃശിവപേരൂർ നിലവിൽവന്നു. പെരിയ ഊർ=പേരൂർ. ശിവക്ഷേത്രമുള്ള വലിയ പ്രദേശം എന്നർത്ഥം. ഉച്ചാരണഭേദത്താൽ ഇത് 'തൃശ്ശൂർ' ആയി ചുരുങ്ങി. ഇംഗ്ലീഷുകാർ അവരുടെ നാവിനു വഴങ്ങുന്ന മട്ടിൽ ഇതിനെ 'ട്രിച്ചൂർ' ആക്കി. ഈ ആംഗലേയ ലിപി ഉപേക്ഷിച്ച് 'തൃശ്ശൂർ' എന്നതന്നെ ഔദ്യോഗികനാമമാക്കി 1990 ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(2) ശിവപേരൂർ എന്നത് വാമൊഴിയിൽ 'ചിരൂർ' ആകും. ചിരുരിനോട് 'തൃ'ചേർന്ന തൃചിരൂർ, ഔദാസീന്യം കൊണ്ട് തൃചീരും പിന്നെ തൃചൂരും ആക്കും. ഇതിന്റെ രൂപാന്തരമാണ് തൃശ്ശൂർ. (ഡോ.എൻ.ആർ.ഗോപിനാഥപിള്ള, പ്ലാൻസ് ബുള്ളറ്റിൻ, നമ്പർ 54)

(3) ഐതിഹ്യം: പരശുരാമൻ ക്ഷണിച്ചതനുസരിച്ച് പാർവതി-ഗണപതി-സുബ്രഹ്മണ്യ പരിവാര സമേതനായി ശിവൻ തന്റെ വാഹനമായ കാളപ്പുറത്തു കയറി കൈലാസത്തിൽ നിന്ന് കേരളത്തിലേക്ക് പുറപ്പെട്ടു. തേക്കിൻകാട് കുന്നിലെത്തിയപ്പോൾ കാള പെട്ടെന്ന് നിന്നു. ഈ സ്ഥലത്ത് അധിവാസം ചെയ്യാൻ മഹാദേവൻ തീരുമാനിച്ചു. വൃഷം (കാള) കണ്ട സ്ഥലമാകയാൽ വൃഷാദിപുരം എന്ന് പേരുണ്ടായി. തെക്കൈലാസമെന്നും ദശകൈലാസമെന്നും അറിയപ്പെട്ടിരുന്നു.

വടക്കുംനാഥന്റെ പ്രതിഷ്ഠയ്ക്കു മുമ്പ് പേരൂർ എന്നായിരുന്നു പേര്. 'എടവക്കുന്ന്' എന്നും അറിയപ്പെട്ടിരുന്നത്രേ.

□

വീടുവിട്ടുപോയ കുട്ടയും മുറവും

■ മുരളിധരൻ തഴക്കര

ഒരു കാലത്ത് കുട്ടയും മുറവുമില്ലാത്ത വീടുകൾ കേരളത്തിൽ അത്യപൂർവ്വമായിരുന്നു. പലവിധ ഉപയോഗങ്ങളായിരുന്ന ഈ വീട്ടുസാധനങ്ങൾക്ക്. പണ്ട് ചന്തയിലോ കടയിലോ സാധനങ്ങൾ വാങ്ങാൻ പോകുമ്പോൾ ആവശ്യമായ വലിപ്പത്തിലുള്ള ഒരു കുട്ട കൂടി കൈയിൽ കരുതുമായിരുന്നു- കന്നുകാലികൾക്കുള്ള പിണ്ണാക്കും പുളിയരിപ്പൊടിയുമെല്ലാം വാങ്ങിയിട്ട് ഏറ്റവും മുകളിലായി വട്ടയിലയിൽ പൊതിഞ്ഞ് മീനും വെയ്ക്കും- ഇങ്ങനെ വീട്ടാവശ്യത്തിനുള്ള എല്ലാവിധ സാധനങ്ങളും കുട്ടയിലാക്കി, അത് തലയിൽ ചുമന്ന് വരുന്ന കാഴ്ച സർവ്വ സാധാരണമായിരുന്നു. ഇന്നിപ്പോൾ കൈയും വീശിയാണ് നമ്മൾ ചന്തയിലേക്കും കടയിലേക്കും പോകുക- ഓരോ സാധനവും കഴിയുമെങ്കിൽ ഓരോ പ്ലാസ്റ്റിക് കാരിബാഗിലാക്കി വാങ്ങി - ഈ കവറുകളെല്ലാമായാണ് വീട്ടിലേക്കുവരിക. ഭൂമിക്ക് ഭാരമായി മാറുന്ന ഈ പ്ലാസ്റ്റിക് കവറുകൾ എന്നും മണ്ണിനും മനുഷ്യനും ദുരന്തവും ഭാരവുമാണെന്നറിഞ്ഞു കൊണ്ടു ചെയ്യുന്ന പാതകം.

സാധനങ്ങൾ വാങ്ങിക്കൊണ്ടുവരാൻ മാത്രമല്ല- കുട്ടയ്ക്ക് ഉപയോഗങ്ങളേറെയായിരുന്നു. കൃഷിയുമായി ബന്ധപ്പെട്ട് വലിയ പ്രാധാന്യമാണുണ്ടായിരുന്നത്. നെൽകൃഷി ഏറെ സജീവമായിരുന്ന കാലത്ത് നെല്ലളക്കാനും, നെല്ല് വാരിയെടുക്കാനും, നെല്ല് പാറ്റിയെടുക്കാനും പല വലിപ്പത്തിലുള്ള കുട്ടകൾ ആവശ്യമായിരുന്നു. മുപ്പറക്കുട്ട, ഒരു പറക്കുട്ട, വിത്തുകുട്ട, വള്ളിക്കുട്ട, കയ്യാലക്കുട്ട, അരക്കുട്ട, ചോറ്റുകുട്ട, ചാണകകുട്ട എന്നിങ്ങനെ ഉപയോഗത്തിനനുസരിച്ച് പണ്ട് ഓരോതരം കുട്ടയ്ക്കും ഓരോ പേരായിരുന്നു.

'പഴമുറത്തിന് മണ്ണും ചാണകവും'

'പെരുമഴയെ പഴമുറം കൊണ്ട് തടയാൻ പറ്റുമോ' - ഈ രണ്ടു പഴമൊഴികളിലും പരാമർശിക്കുന്ന 'മുറം' അടുക്കളയിൽ അനിവാര്യമായൊരു വീട്ടുസാധനമായിരുന്നു. സമചതുരാകൃതിയിൽ കൈയിൽ ഒതുങ്ങുന്നതരത്തിൽ ധാന്യങ്ങൾ പാറ്റി പെറുക്കാൻ പാകത്തിലുള്ള നാലുവശവും തെല്ലുയർന്ന് ലേശം കഴിയോടുകൂടി വശങ്ങളിൽ നിന്ന് താഴേക്ക് ചെരിഞ്ഞുള്ള ഘടനയാണ് ഇതിന്റെ സവിശേഷത.

നെല്ലും, അരിയും, ഗോതമ്പും, എള്ളും, മുതിരയും തുടങ്ങിയുള്ള ധാന്യങ്ങളേതുമാകട്ടെ, അതിലെ പൊടിയും അന്യവസ്തുക്കളും കളയുന്നത് മുറത്തിലിട്ട് പാറ്റി ചിക്കി കൊഴിച്ചാണ്. ഇങ്ങനെ മുറത്തിലിട്ട് അരിപാറ്റുകയും കൊഴിക്കുകയും ചെയ്യണമെങ്കിൽ അതിനൊരു പരിചയവും കൈവഴക്കവും വേണം- അല്ലെങ്കിൽ മങ്കും കല്ലും കട്ടയും മുറത്തിലും നല്ല ധാന്യങ്ങൾ പുറത്തുമാകും. നെല്ലുകുത്ത് മില്ലുകൾ ഉണ്ടാകുന്നതിനുമുമ്പ് ഉലക്കക്കൊണ്ട് ഉരലിൽ നെല്ലുകുത്തി മുറം കൊണ്ട് പാറ്റിയെടുക്കുകയെന്നത് ആയാസമേറെയുള്ള ജോലിയായിരുന്നു. സ്ത്രീകളാണ് കൂടുതലായും ഈ ജോലി ചെയ്തിരുന്നത്. പുതിയ തലമുറയിലെ ഏതെങ്കിലും ഒരു പെൺകുട്ടിയുടെ കൈയ്യിൽ ഒരു മുറവും കൊടുത്ത് അരിയും കൊടുത്താൽ ഇന്ന് എത്ര പേർക്ക് അത് മുറത്തിലിട്ട് പാറ്റിയെടുക്കുവാൻ അറിയും? ഗ്രാമീണ കാർഷികമേളകളിലെ ഒരു മത്സരയിനമാണിപ്പോൾ മുറം കൊണ്ട് പാറ്റുകയെന്നത്. കേരളത്തിൽ ചില പ്രദേശങ്ങളിൽ അരിയും നെല്ലും മറ്റും പാറ്റുന്നതിന് ചേറുക, പേറുക എന്നും പറയാറുണ്ട്. ഇന്നിപ്പോൾ അരിയും മറ്റുസാധനങ്ങളും പാറ്റുകയോ കൊഴിക്കുകയോ ചെയ്യേണ്ട ആവശ്യവുമില്ലല്ലോ. ഇവയെല്ലാം വിവിധ യന്ത്രങ്ങളുടെ സഹായത്താൽ പാറ്റിയും കൊഴിച്ചും കല്ലും നെല്ലും മങ്കും മാറ്റി മേനി പായ്ക്കറ്റിൽ നിറച്ച് ഒരു ഫാക്ടറി ഉൽപ്പന്നമായി കിട്ടുമ്പോൾ പിന്നെന്തിന് മുറം, പാറ്റേണ്ടതിന്റെയും കൊഴിക്കേണ്ടതിന്റെയും ആവശ്യം വേണ്ടിവരുന്നില്ല. പാചകപാകത്തിൽ റെഡിമെയിഡായി എല്ലാം കിട്ടുന്ന പുതിയ കാലത്ത് ഈ പഴയ വീട്ടുസാധനങ്ങളെക്കുറിച്ച് ചിന്തിക്കുന്നതു തന്നെ പഴഞ്ചൻ ഏർപ്പാടാണ്. അത്യാവശ്യം എന്തെങ്കിലും കാര്യങ്ങൾക്ക് കുട്ടയോ മുറമോ വേണമെങ്കിൽ അത് പഞ്ചനക്ഷത്രമാളുകളിൽ നിന്ന് വാങ്ങാൻ കിട്ടും-അല്ലെങ്കിൽ

...ഇനി വായനക്കാർ

സമ്പന്നം, വിജ്ഞാനപ്രദം

മുഖ്യമന്ത്രി, തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി, ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, പഞ്ചായത്ത് ഡയറക്ടർ, കില ഡയറക്ടർ ജനറൽ എന്നിവരുടേതുൾപ്പെടെ പഞ്ചായത്ത് രാജ് മാസികയുടെ ഡിസംബർ ലക്കത്തിൽ പ്രസിദ്ധീകരിച്ച ലേഖനങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളിലെ പുതുതായി തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്കും മറ്റുള്ളവർക്കും ഉപകാരപ്രദമായവയായിരുന്നു. തിരഞ്ഞെടുപ്പിൽ ജയിച്ചവരും ജയിക്കാതെ പോയവരും ഭിന്നതകൾ മറന്നുകൊണ്ട് ഒരുമിച്ചു നിന്ന് പ്രവർത്തിക്കണമെന്നും അപ്പോഴാണ് നാട് വിജയിക്കുന്നതെന്നുമുള്ള മുഖ്യ മന്ത്രിയുടെ ആഹ്വാനം പ്രചോദനം നല്കുന്നതായിയിരുന്നു. ഈ ആഹ്വാനം ഒന്നുകൂടി ഊട്ടിയുറപ്പിക്കുന്ന തരത്തിലുള്ളതായിരുന്നു തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ ലേഖനം. പുതിയ ഭരണസമിതികൾ അടിയന്തിര പ്രാധാന്യത്തോടെ ഏറ്റെടുക്കേണ്ട കടമകൾ അദ്ദേഹത്തിന്റെ ലേഖനത്തിൽ വിശദമായി പ്രതിപാദിച്ചിരുന്നു. ഹരിതാഭമായ ഒരു നവകേരള സൃഷ്ടിയ്ക്കായുള്ള യജ്ഞത്തെക്കുറിച്ചും അതിന്റെ ആവശ്യകതയെകുറിച്ചും ജനപ്രതിനിധികളുടെ പങ്കിനെക്കുറിച്ചും ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ ലേഖനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. നവീന വികസന കാഴ്ചപ്പാടുകളെക്കുറിച്ചുള്ള പഞ്ചായത്ത് ഡയറക്ടറുടെ ലേഖനവും നവകേരള സൃഷ്ടിക്കായി പ്രവർത്തിക്കുന്ന തിന് മനസ്സിലാക്കേണ്ട വിവരങ്ങൾ ഉൾപ്പെടുത്തിയുള്ള കില ഡയറക്ടർ ജനറലിന്റെ ലേഖനവും പുത്തൻ വികസന ചിന്തകളും ശ്രദ്ധേയമായി. തദ്ദേശഭരണ സ്ഥാപനങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ ചെലവ് കണക്കും സ്വത്ത് വിവരവും സമയപരിധിയ്ക്കുള്ളിൽ നല്കാതിരുന്നാൽ സംഭവിച്ചേക്കാവുന്ന അയോഗ്യത പ്രതിപാദിക്കുന്ന ലേഖനം അറിവ് നല്കുന്നതായിരുന്നു. ആരോഗ്യമേഖലയിൽ കേരളത്തിന്റെ വളർച്ചയെ സംബന്ധിച്ചും ലോകത്തെയും രാജ്യത്തെയും ആരോഗ്യമേഖലയെക്കുറിച്ചും മനസ്സിലാക്കുന്നതിന് ഷിജു ഏലിയാസിന്റെ ലേഖനം പര്യാപ്തമാണ്. പുതിയ ഭരണസമിതി അംഗങ്ങൾക്ക് മനസ്സിലാക്കാൻ പാകത്തിൽ വിജ്ഞാനപ്രദമായ ലേഖനങ്ങൾ ഉൾപ്പെടുത്തി പ്രസിദ്ധീകരിച്ച മാസിക ശ്രദ്ധേയമായി.

ജി. രവീന്ദ്രൻ നായർ,
തിരുവനന്തപുരം

പഞ്ചായത്ത് രാജ് മാസികയിലേക്കുള്ള ലേഖനങ്ങളും കത്തുകളും prmdp2020@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ അയക്കേണ്ടതാണ്.

ഓൺലൈനിൽ ഓർഡർ ചെയ്യാം. പക്ഷേ അത് പ്രകൃതിയ്ക്ക് സുകൃതമാകാത്ത പ്ലാസ്റ്റിക് ആയിരിക്കുമെന്നമാത്രം.

കൂട്ടയും, മുറവും ഉണ്ടാക്കി ഉപജീവിച്ചിരുന്ന ഒരു വലിയ ജനസമൂഹം ഇവിടെയുണ്ടായിരുന്നു. കേരളത്തിൽ ഇത് പരമ്പരാഗതമായി ചില ജനവിഭാഗത്തിന്റെ ജീവനോപാധിയും കുലത്തൊഴിലുമായിരുന്നു. മുള, ഈറ, ഒട്ടൽ, ചൂരൽപ്പൊളി തുടങ്ങിയവയൊക്കെയാണ് പണ്ട് കൂട്ടയും വട്ടിയുമുണ്ടാക്കുവാൻ ഉപയോഗിച്ചിരുന്നത്. കലയും കരവിരുതും തന്മയത്വവും ഒക്കെ ആവശ്യമുള്ള കൈത്തൊഴിലാണ് കൂട്ടയും മുറവും ഉണ്ടാക്കുക എന്നത്. കൂട്ടയ്ക്ക് ബലവും ഉറപ്പും കൂട്ടാൻവേണ്ടി ഇഴക്കയർ കൊണ്ട് ഇവ വരിയുന്ന പതിവുണ്ടായിരുന്നു. ഓണക്കാലമാകുമ്പോൾ കൂട്ടയും മുറവുമായി ഈ തൊഴിലിൽ ഏർപ്പെടുന്നവർ വീടുകളിലെത്തുമായിരുന്നു. സദ്യ വിളമ്പുമ്പോൾ ഇലയിലേക്ക് കൃത്യമായി ചോറുവിളമ്പുന്നതിനായി, അതിനനുസൃതമായി രൂപകൽപ്പന ചെയ്ത വിളമ്പുകൂട്ടയും പണ്ട് സാർവ്വത്രികമായി ഉപയോഗിച്ചിരുന്നു. ചാണകം വാരിയെടുക്കാൻ പാകത്തിലുള്ള ചാണകക്കുട്ട, കൂടുതൽ സാധനങ്ങൾ തലച്ചുമടായി കൊണ്ടുപോകാൻ പാകത്തിലുള്ള അരക്കുട്ട, നെല്ല് തൂറ്റിയെടുക്കാൻ വേണ്ടിയുള്ള തൂറ്റുകൊട്ട, നെല്ലും വിത്തും ചാണകപ്പൊടിയും ചേർത്ത് വിത്ത് നിറച്ച് പൊഴിയിലിടാൻ പാകത്തിൽ കൈയിൽ ഒതുങ്ങുംവിധമുള്ള നന്നേ ചെറിയ വിത്തുകുട്ട. ഇതാണ് കുട്ടകളുടെ കൂട്ടത്തിലെ കുഞ്ഞൻ കുട്ട.

കൂട്ടയുടെയും മുറത്തിന്റെയും ബലവും ഈടും കൂട്ടുന്നതിനായി കയറുവരിയുന്നതോടൊപ്പം ചാണകം മെഴുകുകയും ചെയ്യുമായിരുന്നു. ചാണകം വെള്ളത്തിൽ കുഴച്ച് കൂട്ടയിലും മുറത്തിലും നന്നായി തേച്ചുപിടിപ്പിച്ച് വെയിലിൽ വെച്ച് ഉണക്കും- ഇടയ്ക്കിടെ ഇങ്ങനെ കൂട്ടയും മുറവും 'സർവ്വീസ്' ചെയ്യുമായിരുന്നു. കുട്ടികളുടെ കാതു കുത്തി കമ്മലിടാറില്ലേ, അതേപോലെ വലിയ അരക്കുട്ടയുടെ രണ്ടുവശങ്ങളിലായി കയറുകൊണ്ട് കാത് വരിഞ്ഞുണ്ടാക്കും. രണ്ടുവശത്തുനിന്നും ഈ കാതിൽ പിടിച്ചാണ് കൂട്ട നിറച്ചുള്ള സാധനങ്ങൾ അകലേക്ക് കൊണ്ടുപോകുന്നതും തലയിലേറ്റി കൊടുക്കുന്നതും.

ചുരുക്കത്തിൽ നാടും നിരത്തും വീട്ടുപരിസരങ്ങളും നാനാവിധമായ മാലിന്യങ്ങളാൽ വീർപ്പുമുട്ടുമ്പോൾ കൂട്ടയും മുറവുമൊന്നും മണ്ണിനെ മലിനമാക്കുന്ന മാലിന്യമായിരുന്നില്ല. പ്രകൃതിജന്യവസ്തുക്കളാൽ തന്നെ തയ്യാറാക്കുന്ന കൂട്ടയും മുറവുമെല്ലാം പഴകി ഉപയോഗശൂന്യമായാൽ പ്രകൃതിയോടു ലയിച്ചു ചേരുകയാണ്. പ്രകൃതിയിൽ നിന്ന് ഉരുവം കൊണ്ട് പ്രകൃതിയിലേക്ക് തന്നെ മടങ്ങുന്നു.

നിർഭാഗ്യവശാൽ 'ഉപയോഗിക്കുക ഉപേക്ഷിക്കുക' അതായത് 'റെഡി ടു യൂസ് ആന്റ് ത്രോ എവേ' എന്നത് പുതിയകാലത്തിന്റെ ശീലമായപ്പോൾ കൂട്ടയും മുറവുമെല്ലാം നമുക്ക് വേണ്ടാതെയായി- വലിയ അസൗകര്യമായി അറുപഴഞ്ചനായി എന്നു പറയുന്നതാണ് കൂടുതൽ ശരി. അനായസേന ഉപയോഗിക്കാവുന്ന പുതിയ പുതിയ സാധനസാമഗ്രികൾ ഇവയ്ക്ക് പകരക്കാരായിവന്നു. പഴയ കൂട്ടയും മുറവുമൊക്കെ വീട്ടുവിട്ടിറങ്ങിപ്പോയി. ഇനി ഇവർ തിരിച്ചുവരണമെന്ന് ആഗ്രഹിക്കുന്നത് മൗഢ്യം, അഥവാ ഒരു കൗതുകത്തിനായി ആഗ്രഹിച്ചാൽ തന്നെ ഇവയൊക്കെ ഉണ്ടാക്കിയെടുക്കാൻ കരവിരുതും നൈപുണ്യവുമുണ്ടായിരുന്നവരുടെ പുതിയ തലമുറയ്ക്ക് അത് വശമില്ലാതെയായി- അത് പരിശീലിച്ചാൽ ജീവിതം വഴിമുട്ടുമെന്ന തിരിച്ചറിവാണതിന് അതിന് കാരണം. ചുരുക്കത്തിൽ പ്രകൃതിക്ക് സുകൃതമേകിയ കൂട്ടയും മുറവും മറ്റും പണ്ട് പണ്ട് നമ്മുടെ വീടുകളിലുണ്ടായിരുന്ന എന്ന് ഇപ്പോൾ സമാധാനിക്കാം, ഇനി എവിടെയെങ്കിലുമൊക്കെ അവശേഷിക്കുന്നത് കളയാതിരിക്കാം- നമ്മുടെ കുഞ്ഞുങ്ങളെ ഒന്നു കാണിക്കാനായി - പരിചയപ്പെടുത്താനായി എങ്കിലും അതുപകരിക്കും.

□

പഞ്ചായത്ത്‌രാജ്

പരസ്യ നിരക്ക്

കവർ (അവസാന പുറം) കളർ	₹ 12000
കവർ (ഉൾവശം) കളർ	₹ 10000
കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ്	₹ 8000
മറ്റ പേജുകൾ (കളർ)	₹ 8000
മറ്റ പേജുകൾ (ബ്ലാക്ക് & വൈറ്റ്)	₹ 6000
അരപേജ് (കളർ)	₹ 5000
അര പേജ് (ബ്ലാക്ക് & വൈറ്റ്)	₹ 3000

വാർഷിക വരിസംഖ്യ ₹ 120

PANCHAYAT RAJ (Monthly) February 2021
Annual Subscription ₹120, Published on 20 February 2021

RNI. No. : 7959/61
Postal Reg. No. KL/TV(N) 391/2018-20
Licensed to post without prepayment No. KL/TV(N) WPP/85/2018-20

Break the chain

കൈവിടാതിരിക്കാം... കൈ കഴുകൂ...

ഒന്നിച്ച് നേരിടാം

കൊറോണയെ

Printed & Published by Dr.P.K. Jayasree IAS, Director, Dept. of Panchayats on behalf of Govt. of Kerala and
Printed at Gramalakshmi Mudralayam, Kanjikodu, Palakkad, Kerala and
Published at Directorate of Panchayats, Museum P.O., Thiruvananthapuram - 695 033, Kerala. Editor: Dr.P.K. Jayasree IAS